

# കർമ്മലധ്വനി

NEWS BULLETIN OF CMI CARMEL PROVINCE

മൂവാറ്റുപുഴ സി.എം.ഐ. കാർമ്മൽ പ്രവിശ്യയുടെ
ഔദ്യോഗിക വാർത്താപത്രിക

## സെപ്റ്റംബർ 2019

# ഉള്ളടക്കം

ഇടയമൊഴി ..................................................03
അജപാലന വകുപ്പിൽ നിന്ന് ..................................................05
വിദ്യാഭ്യാസ വകുപ്പ് ..................................................07
സാമൂഹ്യസേവന വകുപ്പ് ..................................................09
തറവാട്ടിൽ നിന്നും ..................................................14
വാഴക്കുളം വാർത്തകൾ ..................................................25
കൊടുവേലി വിശേഷങ്ങൾ ..................................................37
മലയിൻകീഴ് വാർത്തകൾ ..................................................41
അടിമാലി വാർത്തകൾ ..................................................43
കാൽവരി മൗണ്ടിൽ നിന്നും ..................................................47
കൊരണ്ടക്കാടൻ ശെയ്തികൾ ..................................................51
നവസന്യാസ ഭവനത്തിൽ നിന്നും ..................................................53
തൊടുപുഴയുടെ സ്പന്ദനങ്ങൾ ..................................................55
വഴിത്തല വിശേഷങ്ങൾ ..................................................60
വട്ടവടയിൽ നിന്ന് ..................................................63
ചെങ്കര വിശേഷങ്ങൾ ..................................................65
ഭൂതത്താൻകെട്ട് ..................................................67
പാറേമാവിൽ നിന്നും ..................................................69
കൈതപ്പാറ വാർത്തകൾ ..................................................77
പുല്ലുവഴി വിശേഷങ്ങൾ ..................................................78
മാളൂർ ..................................................82
പട്യാല ..................................................85
ജർമ്മൻ വിശേഷങ്ങൾ ..................................................87
ധർമ്മാരാം വിശേഷങ്ങൾ ..................................................90
വാർദ്ധാ വിശേഷങ്ങൾ ..................................................93
നന്ദി ..................................................96



# ഇടയമൊഴി...

പ്രിയ കാർമ്മൽ കുടുംബാംഗങ്ങളേ,

കാർമ്മൽ പ്രവിശ്യയുടെ വാർത്താപുസ്തകം വീണ്ടും പുറത്തിറങ്ങുകയാണ്. ചരിത്ര പ്രാധാന്യമുള്ളതും കാലിക പ്രസക്തവുമായ പല വാർത്തകളും ഈ ലക്കത്തിലുണ്ട്. ഉദാഹരണത്തിന് കാർമ്മൽ പ്രവിശ്യയുടെ രജതജൂബിലി വാർത്തകൾ, ഇനി 25 വർഷങ്ങൾ കഴിയണം മറ്റൊരു ജൂബിലി വാർത്ത പ്രസിദ്ധീകരിക്കണമെങ്കിൽ. സ്പോർട്സ് ഡേയും പ്രവിശ്യയിൽ നിന്നും മരണം വഴി വേർപെട്ടുപോയവരുടെ ഓർമ്മ ആചരണവും ഓൾ കേരള ക്വിസ് പ്രോഗ്രാമും, സഭാംഗങ്ങളുടെ കുടുംബാംഗങ്ങളുടെ സംഗമവും, എല്ലാം പുതിയ ചുവടുവയ്പ്പുകളായിരുന്നു. പ്രവിശ്യാഭവനത്തിന്റെ മുഖഛായയും അകഛായയും പുതിയ നിറഭേദങ്ങൾ സ്വീകരിച്ചപ്പോൾ നമ്മുടെ അകത്തളങ്ങളിലും മഴവില്ല് വിരിഞ്ഞിറങ്ങി. ആത്മാവിന്റെ അഭിഷേകത്തിന്റെ നിറവേകിയ നമ്മുടെ രണ്ട് ധ്യാനങ്ങളിലും എല്ലാവരും പങ്കുചേർന്നു. ജൂബിലിക്കു ഒരുക്കമായി നടത്തിയ അഖണ്ഡാരാധനയും, നൊവേനയും, തിരികത്തിക്കലും എല്ലാ പ്രവിശ്യാംഗങ്ങളുടെയും ആത്മീയ വളർച്ചയുടെ കാര്യകർത്താവായിരുന്നു. കാർമ്മൽ

പ്രവിശ്യയുടെ സാമൂഹ്യ പ്രതിബന്ധതയുടെ അടയാളമായി ആരംഭിച്ച രണ്ട് പദ്ധതികളും കാർമ്മൽ പ്രവിശ്യക്ക് ഒരു നവമുഖഛായ നല്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവും സമഗ്രസ്വീകരണവും എന്ന തലക്കെട്ടിൽ ആരംഭിച്ച്, സി.എം.ഐ. സഭയിലെ ഏക 'ഗ്രീൻ പ്രൊവിൻസാ'യി കാർമ്മൽ ഗ്ലോബൽ ഏജൻസിയാൽ ഉയർത്തപ്പെടുകയും, ഇടുക്കി, എറണാകുളം ജില്ലകളിൽ പഴചെടി വിതരണം വഴിയും റിംഗ് കംപോസ്റ്റ് നല്കിക്കൊണ്ടും വെയ്സ്റ്റ് ബിന്നുകൾ എത്തിച്ചുകൊടുത്തും കാർമ്മൽ പ്രൊവിൻസ് ഇന്നു ഗവ. മേഖലകളിൽ പോലും അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ആരും ഇന്നുവരെ ഇറങ്ങിചെന്നിട്ടില്ലാത്ത തടവറകളിൽ കഴിയുന്നവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസ പദ്ധതിയും പുതിയ സാമൂഹ്യചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറ്റം നടത്തുകയാണ്. "ഞങ്ങളും നിങ്ങളോടൊപ്പം ഉണ്ട്" എന്ന മുദ്രാവാക്യവുമായി നാം അവരുടെ ദുഃഖദുരിതങ്ങളിൽ ഉൾചേരുന്നു. എല്ലാദിവസവും പരോപകാരപ്രവർത്തികൾ ചെയ്യാൻ ചാവറ പിതാവ് നമ്മെ പഠിപ്പിച്ചു. "പാവങ്ങളെപ്പറ്റി ചിന്ത വേണം" എന്ന് പത്രോസ് ശ്ലീഹാ പൗലോസ് ശ്ലീഹായോടു പറഞ്ഞപ്പോൾ പൗലോസ് പറഞ്ഞു "എന്റെ തീവ്രമായ താത്പര്യവും അതു തന്നെയാണ്" എന്ന്. "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (വി. മത്താ. 5:16).

അതുല്യ വ്യക്തിയായി, സഹനദാസനായി നമ്മോടൊപ്പം ജീവിച്ച് മരിച്ച ബഹു. ബീഡച്ചന്റെ വിശ്വാസജീവിതത്തെ അനാവരണം ചെയ്യാനുള്ള പരിശ്രമം നാം ആരംഭിച്ചുകഴിഞ്ഞു.

മാനേജ്മെന്റ് ഓഡിറ്റിംഗ് വഴി നമ്മുടെ എല്ലാ സ്ഥാപനങ്ങളുടെയും സാമ്പത്തിക മേഖലയുടെ സുതാര്യതയും കണക്കുകളുടെ ശാസ്ത്രീയ തിട്ടപ്പെടുത്തലും ഉറപ്പുവരുത്തിയിരിക്കുകയാണ്.

കാർമ്മൽ പ്രവിശ്യയുടെ വളർച്ചയുടെ സൂക്ഷ്മവിവരങ്ങൾ ഈ കർമ്മല ധ്വനിയിൽ അടുക്കും ചിട്ടയോടും കൂടി ചിത്രീകരിച്ചിരിക്കുന്നു. ഇതിന്റെ പിന്നിൽ ഏറെ അദ്ധ്വാനിച്ച ജോയ്സച്ചന് പ്രത്യേകം നന്ദിയും അനുമോദനങ്ങളും.

പരിശുദ്ധ കർമ്മല അമ്മയുടെ അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

**ഫാ. പോൾ പാറക്കാട്ടേൽ സി.എം.ഐ.**

പ്രൊവിൻഷ്യൽ



# അജപാലന വകുപ്പിൽ നിന്ന്...

അതിരുകൾ കൽപ്പിക്കാനാവാത്തവിധം അജയ്യമായ അജപാലനമുന്നേറ്റം നടത്തുവാൻ സജ്ജമാണ് കാർമ്മൽ പ്രവശ്യയുടെ അജപാലനവകുപ്പ്. അതിന് പല കാരണങ്ങളുണ്ട്. ഇതിൽ പ്രഥമവും പ്രധാനവുമായത് കാർമ്മൽ കുടുംബത്തിലെ ഓരോ അംഗത്തിന്റെയും ഉള്ളിൽ ഉറഞ്ഞുകൂടുന്ന അജപാലനഊർജമാണ്. എന്തെല്ലാം വ്യത്യസ്തമായ അജപാലനശുശ്രൂഷാ മേഖലകളിലാണ് ഓരോരുത്തരും അഭിരമിക്കുന്നത്! ഒരു പൂന്തോട്ടത്തിന്റെ ബഹുസ്വരതയും, ഏകാത്മകതയും കാർമ്മൽ പ്രവിശ്യാംഗങ്ങളുടെ അജപാലനശുശ്രൂഷകൾക്കുണ്ട്. ഒരു മുക്കുറ്റിയുടെ പൂർണ്ണതയും, ഒരു മുല്ല വള്ളിയുടെ ഉത്കർഷേച്ഛയും, പാരിജാതത്തിന്റെ പരിമളവും, നെയ്യാമ്പലിന്റെ നൈർമല്യവും അതിനുണ്ട്. ഒരു പൂന്തോട്ടത്തിന്റെ വ്യതിരിക്ത ഭാവങ്ങളും നിറഭേദങ്ങളും നമ്മുടെ അജപാലനശുശ്രൂഷകൾക്കുണ്ട് എന്നതാണ് ഇതിന്റെ മനോഹാരിത. ഓരോരുത്തരുടേയും അജപാലനശുശ്രൂഷ അതിൽ തന്നെ

പൂർണ്ണവും സുന്ദരവുമാണ്. നിലമൊരുക്കാൻ ചിലർ, വിത്തുവിതയ്ക്കാൻ മറ്റുചിലർ, കളകൾ മാറ്റുവാൻ വേറെ ചിലർ. നമ്മുടെ കൂട്ടായ ഈ യത്നത്തിൽ എന്നും നൂറുമേനി വിളവുണ്ട്.

പിന്നിട്ട മാസങ്ങൾ നമ്മുടെ പ്രവിശ്യയുടെ അജപാലനശുശ്രൂഷയ്ക്ക് പൂക്കാലമായിരുന്നു. കൂടുതൽ തളിരിട്ടുപൂത്ത ചാവറ സർഗ്ഗവേദി, നാട്ടുവഴിയിലെ നിലാവുപോലെ പെയ്തിറങ്ങിയ 'ജീസസ്സ് നൈറ്റ്' പ്രോഗ്രാമുകൾ, ഓരോ ദിക്കിലും ഇലത്തഴപ്പോടെ വളർന്ന 'അത്തിമരത്തണലുകൾ' ചാവരുകളിൽ നിന്നും മുളപൊട്ടി വിടർന്ന കുടുംബ ദർശനസെമിനാറുകൾ..., ശില്പശാലകൾ..., ഇങ്ങനെ ഈ കലവറ നിറയെ വിഭവങ്ങളായിരുന്നു. റിന്യൂവൽ, നിയമാവലി ധ്യാനങ്ങൾ; ജൂബിലി ആഘോഷങ്ങൾ, ശെമ്മാശ്ശന്മാരുടെ അവധിക്കാല പരിപാടികൾ എന്നിവ തിബേരിയസ് മിനിസ്ട്രിയ്ക്ക് കൂടുതൽ മിഴിവേകി. അജപാലനവകുപ്പിൽ നിന്നിറങ്ങിയ മൂന്നുപുസ്തകങ്ങൾ പ്രവശ്യാഗങ്ങളുടെ ഒരുമിച്ചുള്ള കർമ്മനിരതമായ പ്രവർത്തനങ്ങളുടെ മകുടോദാഹരണങ്ങളാണ്.

ചിന്തകൊണ്ടും ചെയ്തികൊണ്ടും തിബേരിയസ് മിനിസ്ട്രിയ്ക്ക് ചാരുത പകരുന്ന സ്നേഹമുള്ള അച്ചന്മാരെ നന്ദിയോടെ സ്മരിക്കുന്നു. തിബേരിയസ് മിനിസ്ട്രിയുടെ ചലനങ്ങൾ സാകൂതം ശ്രദ്ധിക്കുന്നവരാണല്ലോ കാർമ്മൽ കുടുംബാംഗങ്ങൾ. ഇവിടെ വാക്കുകൾ കൊണ്ടുള്ളവർണ്ണനകൾക്ക് പ്രസക്തിയില്ല. ചേർന്നു നിന്ന് വലതുവശത്തേയ്ക്കു വലയിടുവാനും, വലവലിയ്ക്കുവാനും സഹായിക്കുന്ന എല്ലാവർക്കും നന്ദി.

**ഫാ. വിനീത് വാഴേക്കുടിയിൽ സി.എം.ഐ.**
അജപാലന വകുപ്പ് മേധാവി



# വിദ്യാഭ്യാസ വകുപ്പ്...

**1. എയ്ഡഡ് സ്കൂളുകൾ**

കാർമ്മൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ നമ്മുടെ എയ്ഡഡ് സ്കൂളുകൾ ഒത്തൊരുമയോടുകൂടി മുന്നേറ്റുന്നു. നമ്മുടെ എല്ലാ സ്കൂളുകളിലും ഒന്നോ അതിലധികമോ വൈദികരുടെ സാന്നിദ്ധ്യം വളരെ നല്ല പ്രവർത്തനം കാഴ്ച വയ്ക്കാൻ സാഹചര്യമൊരുക്കുന്നു. ഇത്തവണ നമ്മുടെ എല്ലാ ഹൈസ്ക്കൂളുകളും എസ്.എസ്.എൽ.സി. നൂറുശതമാനം വിജയം നേടുകയുണ്ടായി. എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. ഈ വർഷം നമ്മുടെ എല്ലാ എയ്ഡഡ് സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായി എന്നത് എടുത്തുപറയേണ്ട നേട്ടമാണ്. മാനേജർമാരുടെയും സ്കൂളുകളിൽ ജോലി ചെയ്യുന്ന അച്ചന്മാരുടെയും കൂട്ടായ്മകൾ സ്കൂളുകളുടെ പ്രവർത്തനനിലവാരം ഉയർത്താൻ സഹായിക്കുന്നു.

**സി.ബി.എസ്.ഇ. സ്കൂളുകൾ**

നമ്മുടെ സി.ബി.എസ്.ഇ. സ്കൂളുകൾ ഒറ്റക്കെട്ടായി നിന്ന് പ്രവർത്തനനിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. നമ്മുടെ എല്ലാ സ്കൂളുകളും ഒരേ സിലബസ് പിൻതുടർന്ന് പൊതുപരീക്ഷ നടത്തുന്നത് പഠനനിലവാരം ഉയർത്താൻ ഏറെ സഹായിക്കുന്നു. കലാകായിക രംഗത്തും നമ്മുടെ സ്കൂളുകൾ വൻമുന്നേറ്റ

മാണ് നടത്തുന്നത്. സംസ്ഥാന, സഹോദയ മത്സരങ്ങളിൽ മിന്നുന്നപ്രകട നമാണ് നമ്മുടെ സ്കൂളുകൾ കാഴ്ച വയ്ക്കുന്നത്. കുട്ടികളുടെ സമഗ്രവ ളർച്ച എന്ന സി.എം.ഐ. വിദ്യാഭ്യാസ ദൗത്യം വിജയപ്രദമായി നാം നമ്മുടെ സ്കൂളുകളിൽ നിർവ്വഹിക്കുന്നു. അഭിനന്ദനങ്ങൾ!

**ഐ.സി. എസ്.ഇ. സ്കൂളുകൾ**

ഇന്റർനാഷണൽ നിലവാരത്തിലേക്ക് കുട്ടികളെ വളർത്തുന്നതിനായി യത്നിക്കുന്ന നമ്മുടെ രണ്ട് ഐ.സി.എസ്.ഇ. സ്കൂളുകളും പത്താം ക്ലാസ്സിൽ ഇത്തവണ 100% ഫസ്റ്റ് ക്ലാസ്സ് വിജയം നേടുകയുണ്ടായി. ഇംഗ്ലീഷ് നിലവാരത്തിൽ അന്തർദേശീയ തലത്തിലേയ്ക്കുയരാൻ വെമ്പൽ കൊള്ളുന്ന സ്കൂളുകൾക്ക് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും സ്വാധീനം ചെലുത്തുന്ന രണ്ട് സ്കൂളുകൾക്കും അഭിനന്ദനങ്ങൾ!

**കോളേജുകൾ**

നമ്മുടെ മൂന്നു കോളേജുകളും സ്വാശ്രയ കോളേജുകളാണെങ്കിലും ഗുണനിലവാരത്തിൽ മുൻപന്തിയിലായതിനാൽ നല്ല വളർച്ച നേടുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിലുള്ള വളർച്ചപോലെ തന്നെ പഠന പാഠ്യേതര പ്രവർത്തനത്തിലുള്ള നിഷ്ഠയും മികച്ച റിസൾട്ടുകളും ഈ കോളേജുകളുടെ അനന്യതയാണ്.

**സാംസ്കാരിക കേന്ദ്രങ്ങൾ**

ഉപാസനയും സോപാനവും ഉൾപ്പെട്ട സാംസ്കാരിക കേന്ദ്രങ്ങൾ ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ വളരെ സജീവമായി മുന്നേറുന്നു. സാംസ്കാരിക രംഗത്ത് കാലോചിതമായി ഇടപെടുന്ന ഡയറക്ടറച്ചന്മാർക്ക് അഭിനന്ദനങ്ങൾ!

**കാർമ്മൽ IELTS**

ഇന്നത്തെ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കാലത്തിന്റെ ചുവരെഴുത്ത് വായിച്ച് മുന്നേറുന്ന കാർമ്മൽ IELTS വികസനത്തിന്റെ പാതയിലാണ്. വൈവിധ്യമാർന്ന കോഴ്സുകളിലൂടെ ഇന്നത്തെ തലമുറയെ ധന്യമാക്കുന്ന കാർമ്മലിനും ഡയറക്ടറച്ചനും അഭിനന്ദനങ്ങൾ.

**ജ്യോതി ദർശന കൗൺസിലിംഗ് സെന്റർ**

കൗൺസിലിംഗ് രംഗത്ത് പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിൽ വലിയ ശ്രദ്ധയും താത്പര്യവും ജ്യോതിദർശന നൽകുന്നു. വിവിധങ്ങളായ പരിശീലന പരിപാടികളിലൂടെ അനേകർക്ക് ജീവിതദർശനം നൽകുവാൻ പരിശ്രമിക്കുന്ന ഡയറക്ടർച്ചന് അഭിനന്ദനങ്ങൾ.

**ഫാ. സിജൻ ഊന്നുകല്ലേൽ സി.എം.ഐ.**
വിദ്യാഭ്യാസ വകുപ്പ് മേധാവി



# സാമൂഹ്യസേവന വകുപ്പ്...

## SOCIAL WORK DEPARTMENT IN ACTION

### 1. Go Green:Go with Nature

'Integral Ecology and Sustainable Development' is one of the ongoing project of Carmel Province Muvattupuzha under the Social Work Departmet. Go Green project has been initiated with the cooperation of CMI monasteries, institutions houses and people near by. As part of this project each house, institution and nearby 10 houses are given free fruit plants, bins for waste segregation, ring compost and bio gas plant with 50% subsidy. Under the direction of Rev Fr Paul Parakattel, Provincial and Fr.Manthew Manjakunnel fruit palnts distributed to all the CMI monasteries and nearby houses in the month of June 2019. Ring compost is an important tool to manage kitchen waste in a simple way and could use act as the manuel for the plants. Self sufficiemcy in fruits, vegetables and clean environment within two years is our target. It aims at organic farming, waste management and awareness programme on environment protection. The plan of the

project is to reach 2000 families who are near to our houses and institutions with proper environment friendly livelihood, and practical implementation of sustainable development.

**2. Dalith Housing Project**

The Project of KCBC entrusted to CMI congregation for 100 Dalith houses is a joint venture of housing project for Dalith Christians. Under the scheme 16 houses in the Kothamangalam and Idukki diocese are completed by the Social Work Department of Carmel Province Muvattupuzha. The project come to an end with the thanks giving ceremony of the project participants on June 25th 2019 at Bishop House Idukki.

**3. Jail Ministry**

Department of Social Work Carmel Province started a new project namely, Redeeming Prisoners Family and Ex Convicts for the prisoners in Idukki and Ernakulam District. The project aims at reducing the incidence of crime, redeem the victims, ensure dignified existence for them and rehabilitate the entire family concerned with equal human status and full social entitlements. The Project aims at the overall support for the family of prisoners and it consists of awareness programme, scholarship for students, self employment scheme, housing and medical aid. Fr Paul Parakattel, Fr Mathew Manjakunnel and two project officers Cyriac Mathew and Bodwin Joy visited prisoners house interacted with them provided moral support and helped them financially. Through this project we provided free counselling, Tailoring Machine, Goats, Financial support for Petti Shope etc for the family members to survive the economic crisis. They get a regular earnings from this project and also provided Rs 3000 each as the scholarship for the students. Over 30 families are given help so far.

**4. Chavara Annam Project**

Chavara Annam project completed its five years of successful

service. Social Work Department of Carmel Province gives free meal on every Tuesday to the patients and bystanders of Thaluk Hospital Muvattupuzha . Over 200 patients and bystanders benefit from the project every week. Aspirants and Brothers helps in the service of charity.

**5. Santhigiri Rehabilitation Centre**

Santhigiri always keen on social commitment for the underprivileged and differently abled. A beautiful house was built for a poor family and its house farming was done on July 25,2019

**6. Santhigrame Welfare Centre Paremav**

Santhigram welfare centre is a center for people in idukki which act as mediator, crisis manager in near by places and needs. It provides service like Chavara counseling, tailoring, candle making, music class, musical instrument training, and occupational training. Rev. Fr. Babu Mattathil CMI was awarded by Minister Kadakampilly Surendran for the efficient service at the time of flood and land slide in the year 2018.

**7. Marriage Aid *'Carmel Malayogam'*;**

As part silver jubilee of Carmel Province Muvattupuzha provided marriage aid to the poor and needy brides. It was also a project envisaged to support the differently abled and dalith girls to get married entitled "Carmel Malayogam"

**8. Study Scholarship**

Education is the major part of CMI mission in the era, in connection with jubilee of Carmel Province distributed Scholarship for 25 financially weak students for their professional studies. Distribution of scholarship was linked to the silver jubilee of Carmel Province Muvattupuzha.

**9. Chavara Aids and Sponsorship Programme- CASP**

**CASP** is one of the important programmes in Social Work Department. CASP is mainly conducted for the social and educational

development of those children who stay nearby our houses. Through our intervention, the children whom we are taking care of are given training in moral up gradation and social life skills. We provide regular tuitions and camps which enable them to be good citizens. CASP takes special care for the personality development and intellectual formation. We provide study materials, play equipments for the games and also provide financial assistance to those who are in need. There will be regular meetings in every month and conduct annual camp and programmes. Distributed rupees 20000 to each centre this academic year, more than 300 students get aid under this scheme.

**10. CSC Annual Meeting**

CSC Annual general body meeting held on July13 2019 at Carmel Provincial House Muvattupuzha. Audit report and annual report presented in the meeting. All the superiors of the monasteries participated in the meeting and discussion. CSC Chairperson Fr. Mathew Manjakunnel welcomed the members of AGM. Fr. Paul Parakkattel, Provincial and Patron of CSC in the presidential address congratulated all the people who worked hard for the smooth functioning of CSC activities. Fr. Jince Padinjarayil Secretary CSC presented the annual report and thanked everyone for the participation, cooperation with suggestions and active involvement in discussion.

**11. Jubilee Celebration with people, a variant model**

The Golden Jubilee of Fr Paul Parakattel, Fr George Kallarackal and silver jubilee of Fr Peter Kuzhikandathil and Fr Mathew Manjakunnel were celebrated in Carmel Provincial House Muvattupuzha on August 4th 2019 with the marginalized “Kudumbasree” members and CASP students only. Fr Binoy Palakuzha presided over the function. There were cultural programmes by 'Kudumbasree' members and CASP students. The programme concluded with the Lunch.

**12. Silver jubilee celebration of Carmel Province**

The silver jubilee of Carmel Province was celebrated with many social development projects, Along with celebration Social commitments was emphasised through various programmes like, housing for delith, marriage aid, scholarship for students , aid for nursing students and Go green activities. The concluding day programme was incorporated with humanitarian projects for marginalized and underprivileged sections of the society.

**13. Sopanam Cultural Centre**

Various social development projects are undergoing in the Sopanam cultural centre. Fr Mathew Ayyankolil takes commendable initiative to support the people of high range with various programme- self-employment schemes, training programme socially reported events are arranged over there to make the involvement.

**14. Freedom from wastes with Law Literacy**

Idukki district level green protocol declaration was made on 73$^{rd}$ Independence day at Muttam Judicial complex. Under this project all institutions will have to follow green protocol at all levels. Carmel Province was a special invitee and the only NGO supported the campaign with plants, ring compost and waste bin under the project Go green: Go with Nature.

**15. Formation for social intervention**

As part of formation of social intervention during vacation brothers were given living experience in various social centres like orphanage, old age home and other charitable institution. It was an inspiring life experience for them for the future ministry.

**Fr. Mathew Manjakunnel CMI**
Department of Social Work




# CARMEL
## PROVINCIAL HOUSE

**നവവൈദികർക്ക് സ്വീകരണം**

കാർമ്മൽ പ്രൊവിൻസിന് ക്രിസ്തുമസ് സമ്മാനമായി ദൈവം കനിഞ്ഞു നല്കിയ ആറ് നവവൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നല്കി. പ്രവിശ്യാചാപ്പലിൽ സമൂഹബലി അർപ്പിച്ചുകൊണ്ട് അവർ കൃതജ്ഞത രേഖപ്പെടുത്തി, തുടർ പരിശീലന അനുഭവത്തിനായി നവവൈദികർ വിവിധ ഇടവകകളിൽ മെയ് മാസം വരെ സേവനം ചെയ്തു.

**സോണൽ സമ്മേളനം**

മൂവാറ്റുപുഴ സോൺ സമ്മേളനം ജനുവരി 10-ാം തീയതി പ്രവിശ്യാ ഭവനത്തിൽ വച്ച് നടക്കുകയുണ്ടായി. അന്നേദിവസം നവവൈദികരായ ഫാ. ജോബിൻ, ഫാ. ഡോൺ, ഫാ. ഐബിൻ, ഫാ. ജിത്തു, ഫാ. ജോയ്സ്, ഫാ. വികാസ് എന്നിവർക്ക് സ്വീകരണ വിരുന്ന് നല്കി.

**ആഫ്രിക്കൻ സന്ദർശനം**

ആഫ്രിക്കൻ മിഷൻ സന്ദർശനത്തിനായി പ്രൊവിഷ്യലച്ചൻ ആഫ്രികയിലേക്ക് പോകുകയുണ്ടായി. ഫാ. വിനീത് വാഴേക്കുടിയും പ്രൊവിൻഷ്യലച്ചന്റെ കൂടെ പോയി. മിഷൻ പ്രവർത്തനത്തിന് പുതിയ സാധ്യതകളെക്കുറിച്ച് പഠിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്ന തായിരുന്നു സന്ദർശനലക്ഷ്യം. ഫാ. പീറ്റർ ആക്കപ്പടി, ഫാ. പീറ്റർ പുളി

ന്താനത്ത് എന്നിവരുടെ സേവനരംഗങ്ങൾ നേരിട്ട് സന്ദർശിച്ച് ജനുവരി 24-ാം തീയതി തിരിച്ചെത്തി.

**കോൺസ്റ്റിറ്റ്യൂഷണൽ ധ്യാനം**

കാർമ്മൽ പ്രൊവിൻസിന്റെ ജൂബിലിയോടനുബന്ധിച്ച് നടക്കുന്ന ആദ്യബാച്ച് വാർഷികധ്യാനം ജനുവരി 25-ാം തീയതി ആരംഭിച്ച് 30-ാം തീയതി സമാപിച്ചു. 30 പേരോളം ധ്യാനത്തിൽ പങ്കെടുത്തു. CSR-ൽ വച്ചാണ് ധ്യാനം നടന്നത്. രണ്ടാം ഘട്ടം ഏപ്രിൽ 7 മുതൽ 12 വരെ നെസ്റ്റിൽ വച്ച് നടന്നു.

**കാർമ്മൽ സ്പോർട്സ് ഡേ 2019**

കാർമ്മൽ പ്രവിശ്യയുടെ ജൂബിലിയോടനുബന്ധിച്ച് അച്ച ന്മാർക്കുള്ള കായിക മത്സരങ്ങൾ കാർമ്മൽ സ്കൂൾ സ്റ്റേഡിയത്തിൽ വച്ച് നടന്നു. ഫെബ്രുവരി 9-ന് നടന്ന വിവിധ കായിക മത്സരങ്ങളിൽ എല്ലാവരും ആവേശത്തോടെ പങ്കെടുത്തു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. കാർമൽ പ്രൊവിഷ്യൽ ഹൗസ് സോൺ ഓവറോൾ ട്രോഫി നേടി.

**വാർദ്ധാമിഷൻ സന്ദർശനം**

വാർദ്ധാമിഷൻ സന്ദർശിക്കുന്നതിനും ഫിലോസഫി പഠിക്കുന്ന ശെമ്മാശന്മാരെ കാണുന്നതിനുമായി പ്രൊവിൻഷ്യലച്ചൻ ഫെബ്രുവരി 24-ാം തീയതി പോയി മാർച്ച് 1-ാം തീയതി തിരിച്ചെത്തി.



**കാർമ്മൽ പ്രവിശ്യയുടെ രജതജൂബിലി ആഘോഷപരിപാടികൾ**

കാർമ്മൽ പ്രവിശ്യയുടെ രജതജൂബിലി ആഘോഷം വിവിധ കർമ്മപരിപാടികളോടെ നടത്തുകയുണ്ടായി. നാലുദിവസം നീണ്ടുനില്ക്കുന്ന ആഘോഷങ്ങൾ ഏപ്രിൽ 24-ന് ആരംഭം കുറിച്ചു. പ്രവിശ്യയിൽ നിന്നും മരിച്ചുപോയ സഭാംഗങ്ങളുടെ ഓർമ്മയോടെ തുടക്കമിട്ടു മാർ മാത്യു വാണിയകിഴക്കേൽ സമൂഹബലിക്ക് മുഖ്യകാർമ്മി



കത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ കുടുംബാംഗങ്ങളും സഭാംഗങ്ങളും പങ്കുചേർന്നു.



**സുവർണജൂബിലി ആഘോഷം**

കാർമ്മൽ പ്രവിശ്യയുടെ രജതജൂബിലിയ്ക്ക് തിളക്കമേകിക്കൊണ്ട് നാല് പ്രവിശ്യാംഗങ്ങളുടെ സുവർണ്ണജൂബിലി ഏപ്രിൽ 25-ന് സമംഗളം ആഘോഷിച്ചു. പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലിയിൽ ഫാ. ജോർജ് കല്ലറയ്ക്കലും ഫാ. ഇമ്മാനുവൽ കാക്കനാട്ടും, വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയിൽ ഫാ. പോൾ



പാറക്കാട്ടേലും ഫാ. ഐസക് അരിയ്ക്കാപ്പിള്ളിയും തിളങ്ങി നില്ക്കുന്നു. സമൂഹബലിയോടെ ആരംഭിച്ച ആഘോഷങ്ങൾ പൊതുസമ്മേളനവും സ്നേഹവിരുന്നുമായി സമാപിച്ചു. മാർ ജോർജ് പുന്നക്കോട്ടിൽ, ഫാ. വർഗീസ് വിതയത്തിൽ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ജൂബിലി ആശംസകളും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു.

**അഖിലകേരള ചാവറ ക്വിസ്**





കാർമ്മൽ പ്രവിശ്യയുടെ രജതജൂബിലി പ്രമാണിച്ച് നടത്തിയ ചാവറക്വിസിൽ നൂറോളം ടീമുകൾ പങ്കെടുത്തു. വാശിയേറിയ മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡും ട്രോഫിയും നല്കി.

**ചാവറദിനാഘോഷവും ജൂബിലിയും**

കാർമ്മൽ പ്രൊവിൻസിന്റെ ജൂബിലി പ്രമാണിച്ച് ഈ വർഷം ചാവ



റദിനാഘോഷം വിവിധ പരിപാടികളോടുകൂടി സാഘോഷം ഏപ്രിൽ 26-ാം



തീയതി വൈകിട്ട് നടത്തി. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മുഖ്യാതിഥിയായിരുന്നു. കുട്ടികളുടെ കലാപരിപാടികൾ ചടങ്ങിനെ മോടി പിടിപ്പിച്ചു. സ്നേഹവിരുന്നോടെ ആഘോഷം സമാപിച്ചു.

**കാർമ്മൽ ജൂബിലി ആഘോഷ സമാപനം**



കാർമൽ പ്രൊവിൻസിന്റെ രജതജൂബിലി ആഘോഷം, ഏപ്രിൽ 27-ാം തീയതി വിവിധ പരിപാടികളോടെ സമാപിച്ചു. രാവിലെ 9.30 ന് മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. പ്രൊവിൻഷ്യൽ ഫാ. പോൾ പാറക്കാട്ടേലും മുൻ പ്രൊവിൻഷ്യൽമാരും സഹകാർമികരായിരുന്നു. തുടർന്ന് നടന്ന



പൊതുസമ്മേളനത്തിൽ സുപ്രീം കോടതി മുൻ ജെസ്റ്റീസ് ശ്രീ. കുര്യൻ ജോസഫ്, സി.എം.ഐ. ജനറാൾ ഫാ. പോൾ അച്ചാണ്ടി, മുവാറ്റുപുഴ രൂപതാ അദ്ധ്യക്ഷന്മാർ, ശ്രീ. എൽദോസ് അബ്രാഹം എം.എൽ.എ, കളമശ്ശേരി പ്രൊവിൻഷ്യാൾ ഫാ. ജോസ് കുറിയേടത്ത്, ഇടുക്കി രൂപതാ വികാരി ജനറാൾ ഫാ. ജോസ് പ്ലാച്ചിക്കൽ, ഇടുക്കി സി.എം.സി. പ്രൊവിൻഷ്യൽ സി. ആനി പോൾ എന്നിവർ മുഖ്യാതിഥികളായിരുന്നു. വിശിഷ്ടാതിഥിയായ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. പ്രൊവിൻഷ്യൽ ഫാ. പോൾ പാറക്കാട്ടേൽ സ്വാഗതവും ഫാ.



ടോമി നമ്പ്യാപറമ്പിൽ കൃതജ്ഞതയും പറഞ്ഞു. സമ്മേളനമധ്യേ വിവിധ സാമൂഹ്യപദ്ധതികളുടെ ഉദ്ഘാടനവും ചടങ്ങുകളും ഉണ്ടായിരുന്നു. ജൂബിലി പ്രമാണിച്ച് നിർമ്മിച്ച 25 വീടുകളുടെ താക്കോൽ ദാനം, 25 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം, 25 നേഴ്സിംഗ് കുട്ടികൾക്കുള്ള പഠന

സഹായം, വിവാഹസഹായധനം, ഗ്രോഗ്രീൻ പദ്ധതികളുടെ 2-ാം ഘട്ട ഉദ്ഘാടനം എന്നിവ നിർവ്വഹിക്കപ്പെട്ടു.

നിറഞ്ഞ സദസ്സോടെ, ഒട്ടേറെ വൈദികരുടേയും സിസ്റ്റേഴ്സിന്റെയും പൊതുജനങ്ങളുടെയും ശെമ്മാശന്മാരുടേയും സജീവസാന്നിദ്ധ്യത്തിൽ ജൂബിലി ഗംഭീരമായി സാമൂഹ്യ പ്രതിബദ്ധതയോടെ ആഘോഷിച്ചു.

**ഡീക്കന്മാർക്ക് സ്വീകരണം**

പ്രവിശ്യയുടെ ഭാവി വാഗ്ദാനമായ ഡീക്കന്മാർക്ക് പ്രവിശ്യാഭവനത്തിൽ സ്വീകരണം നല്കി. മാർച്ച് 26-ന് ബാംഗ്ലൂർ ധർമ്മാരാം കോളേജ് ചാപ്പലിൽ വച്ച് ഛാന്ദാരൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് പിതാവിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ച ഡീക്കന്മാരായ ജിൻസ് ചാലയ്ക്കൽ, ജോമോൻ ചവർപുഴയിൽ, ജിയോ കാരുവേലിൽ, റോണി വള്ളിപ്പറമ്പിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ. അതോടൊപ്പം  കാറോയ പട്ടം സ്വീകരിച്ച ബ്രദർ ജോമിത് , ബ്രദർ റെജിൻ, ബ്രദർ ലിബിൻ എന്നിവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**നിത്യവ്രത അനുഷ്ഠാനം**

കാർമ്മൽ പ്രവിശ്യയിലെ യുവശക്തികളായ ബ്രദേഴ്സ് ജിബിൻ, അഖിൽ, സോബിൻ, ജിത്തു, സനിത്ത് എന്നിവർ മെയ് 25-ാം തീയതി കാർമ്മൽ പ്രവിശ്യാഭവനത്തിലെ ചാപ്പലിൽ വച്ച് നടന്ന ദിവ്യബലി മദ്ധ്യേ തങ്ങളെത്തന്നെ ക്രിസ്തുവിന് സമർപ്പിച്ചുകൊണ്ട് നിത്യവ്രതവാഗ്ദാനം നടത്തി. എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ഗോഗ്രീൻ : ഗോവിത്ത് നേച്ചർ**

ഹരിതാഭമോടെ, പ്രകൃതിയോടടുത്ത് നീങ്ങുന്നതിന്റെ ഭാഗമായി, കാർമ്മൽ പ്രൊവിൻസിന് ചുറ്റുമുള്ള 25 ഓളം കുടുംബങ്ങൾക്ക് പഴച്ചെടികൾ നല്കുകയും അവർക്ക് “പ്രകൃതി സംരക്ഷണവും സുരക്ഷയും” എന്ന വിഷയത്തെ കുറിച്ചുള്ള ബോധവൽക്കരണവും നല്കുകയുണ്ടായി. ഇതിന്റെ ഭാഗമായി, വേസ്റ്റ് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി സൗജന്യമായി റിംഗ് കമ്പോസ്റ്റും കൂടാതെ വിവിധയിനം പഴച്ചെടികളും നല്കി.



**സാമൂഹ്യപ്രതിബദ്ധതയോടെ പാവങ്ങളോടൊപ്പം**

കാർമ്മൽ പ്രൊവിൻഷ്യൽ ഹൗസിന്റെ അടുത്തുള്ള മൂന്ന് കുടുംബശ്രീ കൂട്ടായ്മയിലെ 60 ഓളം പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രകൃതി സംരക്ഷണവും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തിൽ ബോധവൽക്കരണം നടത്തുകയും വീടുകളിലെ മാലിന്യം സംസ്കരിക്കുന്നതിനുള്ള സൗജന്യറിംഗ് കമ്പോസ്റ്റ് നല്കുകയും ചെയ്തു.

**വ്യത്യസ്തമായി ജൂബിലി ആഘോഷം**

കാർമ്മൽ പ്രവിശ്യയുടെ സാമൂഹ്യപ്രതിബദ്ധത തെളിയിക്കുന്ന ഒരു വ്യത്യസ്തമായ ജൂബിലി ആഘോഷം ഓഗസ്റ്റ് 4-ന് രാവിലെ 10 മണിക്ക് നടക്കുകയുണ്ടായി. പതിവിന് വിരുദ്ധമായി, പ്രൊവിൻഷ്യൽ പോൾ പാറക്കാട്ടേലച്ചന്റേയും ജോർജ് കല്ലറയ്ക്കലച്ചന്റേയും സുവർണ്ണ ജൂബിലിയും സുപ്പീരിയർ മാത്യു മഞ്ഞക്കുന്നേലച്ചന്റേയും പീറ്റർ കുഴികണ്ടത്തിലച്ചന്റേയും രജത ജൂബിലിയും, പ്രവിശ്യഭവനത്തിന് ചുറ്റുമുള്ള മൂന്ന് കുടുംബശ്രീ കൂട്ടായ്മയോടും കാസ്പിലെ കുട്ടികളോടുമൊത്ത് അവരുടെ വിവിധ കലാപരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. പാവങ്ങളുടെ പക്ഷം ചേർന്നുള്ള ഈ ആഘോഷം സ്നേഹവിരുന്നോടെ സമാപിച്ചു. കൂടാതെ പങ്കെടുത്തവർക്ക്, സുരക്ഷിതമായ ഭക്ഷണ സംസ്കാരത്തെക്കുറിച്ചുള്ള ബോധവൽക്കരണം ജൂബിലേറിയൻ ഫാ. മാത്യു മഞ്ഞക്കുന്നേൽ തന്നെ നല്കുകയുണ്ടായി.

**കാർഷികരംഗം ഹരിതമായി**

ഹരിതാഭമായി പ്രകൃതിയോടൊത്ത് നീങ്ങുന്ന കാർമ്മൽ പ്രവിശ്യയുടെ കൃഷിയിടങ്ങളിൽ പുതിയ ഫലവൃക്ഷത്തൈകളും വിവിധയിനം പച്ചക്കറികളും കിഴങ്ങുകളും വാഴകളും വളർന്നുവരുന്നു. ശാസ്ത്രീയമായ ജലസേചനസൗകര്യവും വളപ്രയോഗങ്ങളും കൃഷിരീതികളും നല്ല വിളവ് നല്കുമെന്ന പ്രതീക്ഷയിലാണ്. വിഷരഹിതമായ പഴങ്ങളും പച്ചക്കറികളും ഉൽപ്പാദിപ്പിച്ച് സ്വയം പര്യാപ്തതയിലാകുക എന്നതാണ് ലക്ഷ്യം. കാർമ്മൽ ബയോ ഫാം ഒരു മാതൃകാകൃഷിതോട്ടമായി മൂവാറ്റുപുഴയുടെ കൃഷിഭവൻ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ശാസ്ത്രീയകൃഷിരീതി പഠിക്കുന്നതിനായി ഒട്ടേറെ പേർ ഇവിടെ വന്ന് കൃഷിയും വിവിധതരത്തിലുള്ള പഴച്ചെടികളും നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി വന്നുപോകുന്നു. അഭിനന്ദനങ്ങൾ.

**ഫാ. എബിൻ കല്ലറയ്ക്കൽ ബാംഗ്ലൂരിലേക്ക്**

രണ്ട് വർഷക്കാലമായി പ്രൊവിൻഷ്യൽ സെക്രട്ടറിയായി സേവന

മനുഷ്ഠിച്ചതിനുശേഷം ഉപരിപഠനത്തിനായി ബാംഗ്ലൂർ ക്രിസ്തുജയന്തി കോളേജിലേക്ക് പോയ എബിൻ കല്ലറയ്ക്കലച്ചന് എം.ബി.എ. പഠനത്തിന് എല്ലാ വിജയങ്ങളും നേരുന്നു, അതോടൊപ്പം കഴിഞ്ഞകാല സേവനങ്ങൾ നന്ദിയോടെ ഓർക്കുന്നു.

**ആക്ഷൻ – കട്ട് : ഫാ. ജയ്സൺ**

സിനിമാ സംവിധാനം, നിർമ്മാണം, ഫോട്ടോഗ്രാഫി എന്നിവയിൽ ഉപരിപഠനത്തിനുശേഷം ഫാ. ജെയ്സൺ ദൃശ്യമാധ്യമ പ്രവർത്തനമേഖലയിലേക്കുള്ള തയ്യാറെടുപ്പിലാണ്. ചാവറ ഫിലിം അക്കാദമി എന്ന പേരിൽ തൊടുപുഴയിൽ ആരംഭിക്കുന്ന ഫിലിം സ്കൂളിൽ ഫിലിം ഡയറക്ഷൻ, ഫിലിം എഡിറ്റിംഗ്, സിനിമാറ്റോഗ്രഫി, സ്റ്റിൽ ഫോട്ടോഗ്രഫി, സൗണ്ട് എഡിറ്റിംഗ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നു. എല്ലാ വിജയങ്ങളും ഭാവുകങ്ങളും നേരുന്നു.

**പുതിയ സെക്രട്ടറി സ്ഥാനമേറ്റു**

കാർമ്മൽ പ്രവിശ്യാഭവനത്തിലേക്ക് നവാഗതനായി കടന്നുവന്നിരിക്കുന്ന ഫാ. ജോയ്സിന് ഭാവുകങ്ങൾ നേരുന്നു. പ്രൊവിൻഷ്യൽ സെക്രട്ടറിയായി അദ്ദേഹം സേവനം തുടരുന്നു.

**കാർമ്മൽ പ്രവിശ്യാഭവനത്തിന് പുതിയമുഖം**

പ്രവിശ്യാ ജൂബിലിയോടനുബന്ധിച്ച് കാർമ്മൽ പ്രവിശ്യാഭവനം നവീകരിച്ച് സൗകര്യങ്ങളോടുകൂടി പുതിയ മുഖവും നവീനഭാവവും നല്കിയിരിക്കുന്നു. മൂന്ന് മാസത്തെ തകൃതിയായ പ്രവർത്തനങ്ങളിലൂടെയാണ് പണികൾ പൂർത്തീകരിക്കുവാൻ സാധിച്ചത്. പണികൾക്ക് നേതൃത്വം നല്കിയ പ്രൊവിൻഷ്യൽ പാറക്കാട്ടേലച്ചനും, സുപ്പീരിയർ മാത്യു മഞ്ഞക്കുന്നേലച്ചനും കൗൺസിലർ, ബിനോയി പാലക്കുഴയച്ചനും അഭിനന്ദനങ്ങൾ.

**കാർമ്മൽ പ്രവിശ്യാചാപ്പലിന് അംഗീകാരമായി**

കഴിഞ്ഞ 11 വർഷമായി അനുമതിയും അംഗീകാരവും ലഭിക്കാതെ വിഷമസന്ധിയിലായിരുന്ന പ്രവിശ്യാഭവനചാപ്പലിന് അനുമതിയും കെട്ടിടനമ്പറും ലഭിച്ചു. കഴിഞ്ഞ ആറുവർഷത്തെ സുദീർഘമായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഇത് സാധിച്ചത്. ബിനോയി പാലക്കുഴ അച്ചന് പ്രത്യേകം അഭിനന്ദനങ്ങൾ.

**വിദേശവാർത്തകൾ**

അമേരിക്കയിലെ ദീർഘകാല പാസ്റ്ററൽ സേവനത്തിനുശേഷം ഫാ. ജോസ് തോട്ടത്തിൽ, ഫാ. ജോർജ് പൂക്കാട്ട് എന്നിവർ തിരികെയെ

ത്തി. ഇപ്പോൾ കാർമ്മൽ പ്രവിശ്യ ഭവനത്തിൽ നിന്നുകൊണ്ട് മിഷൻ പര്യടനം നടത്തിവരുന്നു.

രണ്ട് ദശാബ്ദത്തിലധികം അമേരിക്കയിൽ സേവനം ചെയ്തശേഷം തിരികെയെത്തിയ ഫാ. ജോസ് കാര്യാമഠം വാഴക്കുളം ആശ്രമാംഗമായി സേവനം ചെയ്യുന്നു.

അമേരിക്ക, ജർമ്മനി, റോം, ആഫ്രിക്ക തുടങ്ങിയ വിദേശ ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലും സേവനം അനുഷ്ഠിക്കുന്ന നമ്മുടെ അച്ചന്മാർ അവധിക്കാലം ചിലവഴിക്കുന്നതിനായി നാട്ടിലെത്തി. വിവിധയാത്രാ പരിപാടികൾക്കുശേഷം തിരികെയെത്തി. അവരുടെ സഹവാസവും കേരളം കാണാനായി വന്ന സഹയാത്രികരുടെ കൂട്ടായ്മയും പ്രവിശ്യാഭവനത്തിനെ സജീവമാക്കി. ഏവർക്കും മംഗളങ്ങൾ... ഭാവുകങ്ങൾ...

**ഗ്ലോബൽ മിഷൻ യാത്രാ ഒരുക്കങ്ങൾ**

ജർമ്മനിയിലും അമേരിക്കയിലും ഇക്വഡോറിലും പ്രേഷിത പ്രവർത്തനത്തിനായി നമ്മുടെ ഏഴ് അച്ചന്മാർ പരിശീലനം നടത്തിവരുന്നു. ജർമ്മനിയിലേക്ക് പുറപ്പെടുവാനായി, ഫാ. ഷിന്റോ കാഞ്ഞിരമറ്റവും ഫാ. ക്ലിന്റ് കർക്കാംതൊട്ടിയും പ്രാഥമിക ഭാഷാപഠനം വിജയകരമായി പൂർത്തീകരിച്ചു. സെപ്റ്റംബർ 23-ന് ജർമ്മനിക്ക് പോകും. ഫാ. ഷിന്റോ പുന്നയ്ക്കൽ പൂനയിൽ ജർമ്മൻ പഠനം തുടരുന്നു. ഫാ. ഷിന്റോ പടിഞ്ഞാറേടത്ത്, ഫാ. അബി താന്നിക്കൽ എന്നിവർ അമേരിക്കയിലേക്ക് പോകുവാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. ഫാ. ജീതു പെരുമ്പള്ളിക്കുന്നേലും ഫാ. ഐബിൻ പള്ളിയാടിയിലും ഇക്വഡോർ മിഷൻ യാത്രയ്ക്കുള്ള സ്പാനീഷ്, ആദ്യഘട്ട കോഴ്സ് പൂർത്തിയാക്കി, രണ്ടാം ഘട്ടം ആരംഭിച്ചു. ഏവർക്കും ഭാവുകങ്ങളും വിജയങ്ങളും നേരുന്നു.

**ഉപരിപഠന പരിശീലനം**

മാനവശേഷി നൈപുണ്യ വികസനത്തിന്റെ ഭാഗമായി നമ്മുടെ അച്ചന്മാർ വിവിധ മേഖലകളിൽ ഉപരിപഠനം ആരംഭിച്ചു. ഫാ. ജെറീഷ് അറയ്ക്കൽ, രണ്ടുവർഷത്തെ വൊക്കേഷൻ പ്രൊമോഷൻ ജോലിക്കുശേഷം വൈദികപരിശീലനകോഴ്സിൽ ഉപരിപഠനം പൂനയിൽ നടത്തുന്നു. പാട്യാല-നൗഷാര മിഷൻ രംഗത്തെ ദീർഘകാലസേവനത്തിനുശേഷം ഫാ. ജോസ് കടുവനാൽ മന്നാനം കോളേജിൽ എം.എസ്.ഡബ്ല്യൂ പഠിക്കുന്നു. പാട്യാല മിഷൻ സേവനത്തിനുശേഷം ഫാ. ഡെന്നീസ് കിഴക്കയിൽ കൊടുവേലി ആശ്രമാംഗമായി നിന്ന് മൈലക്കൊമ്പിൽ B.Ed പഠിക്കുന്നു. ഫാ. വിൻസച്ചൻ കൊച്ചുപറമ്പിൽ ഫിലിപ്പൈൻസിൽ പാസ്റ്ററൽ

കോഴ്സ് പഠനം തുടരുന്നു. ഫാ. ടോണി തോട്ടുപാട്ട് നെറ്റ് പരിശീലന ത്തിനായി വാഴക്കുളത്തെ സേവനത്തിനുശേഷം തിരുവനന്തപുരം പ്രൊവിൻഷ്യൽ ഹൗസിലേക്ക് പോയി. എല്ലാവർക്കും ആശംസകൾ നേരുന്നു.

**ശെമ്മാശ്ശന്മാർ പഠനത്തിരക്കിലാണ്**

കാർമൽ പ്രവിശ്യാഭവനത്തിലെ ശെമ്മാശന്മാർ, വിവിധവിഷ യങ്ങളിൽ പഠനതിരക്കിലാണ്. ബ്രദർ ഡേവീസ്, ബ്രദർ നിധിൻ, ബ്ര. പോൾസൺ, ബ്ര. അലന്റ് എന്നിവരാണ് ഇവിടെ നിന്ന് പഠിക്കുന്നത്. ബ്ര. അമൽ രണ്ടുവർഷത്തെ പഠനശേഷം ശാന്തിഗിരി കോളേജിൽ വഴി ത്തല ആശ്രമത്തിൽ നിന്നുകൊണ്ട് പഠനം തുടരുന്നു. ബ്ര. ജിബിൻ ക്രിസ്തുജയന്തി കോളേജിൽ നിയമപഠനം നടത്തുന്നു. ബ്ര. ഡെൽവിനും ബ്ര. മെൽബിനും പഞ്ചാബിൽ പഠനം നടത്തുന്നു. ബ്ര. ആൽബിൻ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ഡിഗ്രി പഠനം ആരംഭിച്ചു.

**തേനീച്ച പരിശീലനം**

ചെറുതേൻ കൃഷിയിൽ വിദഗ്ദ്ധ പരിശീലനം നേടിയ ഫാ. ജോസഫ് കുളക്കാട്ട്, ഫാ. ജോയി അറമ്പൻകുടി എന്നിവർക്ക് അഭിനന്ദന ങ്ങൾ. തൊടുപുഴ വച്ച് നടന്ന ഏകദിനസെമിനാറിൽ പങ്കെടുത്ത ഇവർക്ക് തേനീച്ചയും പെട്ടിയും ലഭിക്കുകയുണ്ടായി.

**സെന്റ് ജോസഫ് മൈനർ സെമിനാരി**



**സെമിനാരി പ്രവേശനവും പുതിയ ഉത്തരവാദിത്വങ്ങളും**

2019 ജൂൺ 15 ന് വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള സെന്റ് ജോസഫ് മൈനർ സെമിനാരിയിലേക്ക് സി.എം.ഐ സന്യാസ

സഭയുടെ ചൈതന്യം നുകർന്നുകൊണ്ട് ദൈവീക വിളിയനുസരിച്ച് ആത്മാവിനാൻ അഭിഷ്കതരായ ഒരു കൂട്ടം നിഷ്കളങ്കരായ ബാല്യങ്ങൾ എത്തിച്ചേർന്നു. സ്വർണ്ണം അഗ്നിയിൽ എപ്രകാരം ശുദ്ധിചെയ്യപ്പെടുന്നോ അതുപോലെ അവരും ശുദ്ധിചെയ്യപ്പെടേണ്ടിയിരിക്കുന്നു.

**ലോകഭാഷയിലേക്ക് ഒരു കാൽവയ്പ്**

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന് നാഥാന്റെ കല്പനയനുസരിച്ച് ഞങ്ങൾ ലോകമെങ്ങും പോകേണ്ടിരിക്കുന്നു. അതിനായി ഞങ്ങൾ ഇംഗ്ലീഷ് പഠനം ആരംഭിച്ചു. രക്തം കൊണ്ട് മലയാളിയും ഭാഷകൊണ്ട് ആംഗലേയനുമായ സൈമൺ അച്ചൻ ഞങ്ങളുടെ ഇടയിലേക്ക് രാത്രിയുടെ യാമങ്ങളിൽ കടന്നു വന്നുകൊണ്ട് ഓരോരുത്തരേയും കുട്ടിസായിപ്പുകളായി വാർത്തെടുത്തുകൊണ്ടിരിക്കുകയാണ്.

സെന്റ് ജോസഫ് മൈനർ സെമിനാരി എന്ന കോട്ടയെ വിറപ്പിച്ചുകൊണ്ട് കടന്നു വന്ന ഒരു സിംഹമാണ് ബഹു. ജോർജ്ജ് കുറവക്കാട്ടച്ചൻ. ഇംഗ്ലീഷ് വ്യാകരണം ഞങ്ങളെ പഠിപ്പിച്ചുകൊണ്ട് ഒരു ഉത്തമ സെമിനാരി വിദ്യാർത്ഥിയെ ഞങ്ങളിൽ ഓരോരുത്തരിലും വാർത്ത് എടുക്കുകയാണ് ബഹു. കുറവക്കാട്ടച്ചൻ.

**റോമിൽ നിന്ന് ഒരു അച്ചൻ**

ഒരു കൈയ്യിൽ കൊന്തയും മറു കൈയ്യിൽ ചോക്ലേറ്റുകളുമായി വളരെ ദൂരം താണ്ടി റോമിൽ നിന്ന് ഞങ്ങളെ കാണുവാനായി ജിബിൻ അച്ചൻ വന്നു. ഞങ്ങൾക്ക് ആശംസകൾ നേർന്നു. ഇനി എപ്പോഴാണ് വിദേശത്ത് നിന്ന് ഞങ്ങളെ കാണാൻ അച്ചൻമാർ വരുകയെന്ന് ഞങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

**വാഴക്കുളം മണ്ണിലേക്ക്**

പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാളിന് വാഴക്കുളം മണ്ണിലേക്ക് ഞങ്ങൾ എല്ലാവരും യാത്രയായി. പരിശുദ്ധ കർമ്മല മാതാവിന്റെ ആ മണ്ണിൽ കാൽ പതിഞ്ഞപ്പോൾ തന്നെ ഞങ്ങളുടെ ഹൃദയങ്ങൾ ധന്യമായി. ഞങ്ങൾ ആഘോഷമായ കുർബാനയിൽ പങ്കുചേരുകയും ഞങ്ങളുടെ സീനിയേഴ്സിനോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തു.

**പഠനക്ലാസുകളും സംഗീതത്തിന്റെ ഈണവും**

പുത്തൻ അറിവുകളുടെ ലോകത്തിലേക്ക് ഞങ്ങളെ നയിച്ചുകൊണ്ടുള്ള ക്ലാസ്സുകൾ ആരംഭിച്ചു. ഞങ്ങൾക്ക് ക്രിസ്റ്റ്യൻ ഡോക്ട്രിൻ പഠിപ്പിക്കാനായി വാഴക്കുളത്തുനിന്ന് എത്തുന്ന സിന്റോ അച്ചൻ ഉപ്പുമാ

വിന്റെ ക്ഷീണത്തിൽ നിന്ന് വടികൊണ്ട് ഞങ്ങളെ ചുറുചുറുക്കുള്ള മിടുക്കരായി മാറ്റി. വിനയ പ്രവേശികയും ഗുഡ് മാനേഴ്സും പഠിപ്പിച്ചുകൊണ്ട് ഞങ്ങളുടെ റെക്റച്ചൻ ഞങ്ങളെ പ്രബുദ്ധരാക്കുന്നു. സി.എം.ഐ സഭയുടെ ചരിത്രവും പിയാനോ എന്നാ സംഗീത ഉപകരണത്തെ ഞങ്ങൾക്ക് പരിചയപ്പെടുത്തിയും ബഹു. ജോയിസ് അച്ചൻ എന്ന യുവത്വം തുളുമ്പുന്ന ഗാനഗന്ധർവൻ ഞങ്ങളെ സഹായിക്കുന്നു. ബഹു. തോമസ് സാറും തബലയുടെ താളം പകരനായി എല്ലാ ആഴ്ചയിലും ഞങ്ങളുടെ അടുത്തെത്തുന്നുണ്ട്. മാത്രമല്ല ഇംമ്പോസിഷനും, പണീഷ്മെന്റും കൊണ്ട് ക്ലാസ് രസിപ്പിക്കുന്ന മലയാളത്തിന്റെ പണ്ഡിതനായ ജോസ് അച്ചനും ഞങ്ങളെ ഭാഷാ പണ്ഡിതൻമാർ ആക്കാനുള്ള പരിശ്രമത്തിലാണ്.

**ഇടയന്റെ ജന്മദിനം**

ഞങ്ങളുടെ മനസ്സിന്റെ സന്തോഷം തുളുമ്പിയ ദിനം ഞങ്ങളുടെ മുത്തായ റെക്ടറച്ചന്റെ ജന്മദിനം അന്ന് ഞങ്ങൾ അച്ചന് സമ്മാനങ്ങൾ നൽകി, മംഗളങ്ങൾ നേർന്നു. ആ ദിവസം കടന്നുപോയത് ഞങ്ങൾ അറിഞ്ഞതേയില്ല.

**പ്രസംഗകലയുടെ ബാലപാഠങ്ങൾ**

പ്രസംഗകലയുടെ ബാലപാഠങ്ങൾ പകരുവാനായി ചാവറയച്ചന്റെ നാടായ കൈനകിരിയിൽ നിന്നും ബഹു. തോമസ് ഇരുമ്പുകുത്തി അച്ചൻ വന്നു. അതിൽപിന്നെ പ്രസംഗങ്ങൾ ഞങ്ങൾക്ക് പേടി സ്വപ്നം അല്ലാതായിമാറിയിരിക്കുന്നു. ഞങ്ങൾ പ്രാസംഗികരായി മാറിക്കൊണ്ടിരിക്കുന്നു.

**ക്രിയേറ്റിവിറ്റി ഡേ**

ക്രിയേറ്റിവിറ്റി ഡേ ഞങ്ങളുടെ കഴിവുകളും സിദ്ധികളും പുറത്തെടുക്കാൻ അവസരം കിട്ടിയ ദിവസം. എല്ലാവരും തങ്ങളുടെ ഇഷ്ട മേഖലയിൽപ്പെട്ട വ്യത്യസ്തങ്ങളായ വസ്തുക്കൾ ഉണ്ടാക്കിക്കൊണ്ട് അവരവരുടെ പ്രാവീണ്യം തെളിയിച്ചു.

**പന്നിക്കുട്ടന്റെ അന്ത്യം**

ഞങ്ങൾ വളർത്തിയിരുന്ന പന്നിക്കുട്ടനെ ഞങ്ങൾ ഭക്ഷണമാക്കി മാറ്റി. ആ ആഴ്ച പന്നിയിറച്ച് തിന്ന് എല്ലാവരും കുടവയറുമായി നടന്നു.ഒരാഴ്ചയ്ക്കുള്ളിൽ പുതിയ പന്നിക്കുഞ്ഞുങ്ങളെ കൊണ്ടു വന്നു. ഞങ്ങൾ അവയ്ക്ക് പേരിട്ടു, കുട്ടൂസനും ഡാഗിനിയും.

# CARMEL
# MONASTERY




**കാർമ്മൽ പ്രെയർഗ്രൂപ്പ്**

കാർമ്മൽ പ്രെയർഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന എല്ലാ പരിപാടികളും വളരെ നന്നായി പോകുന്നു. ചൊവ്വാഴ്ചകളിൽ നടക്കുന്ന ഏകദിന ശുശ്രൂഷയിലും എല്ലാ ഞായറാഴ്ചയും നടക്കുന്ന ആരാധനയിലും 12 മണിക്കുള്ള വി. കുർബാനയിലും നിരവധി പേർ പങ്കെടുക്കുന്നുണ്ട്.

**28-ാമത് വാഴക്കുളം ബൈബിൾ കൺവെൻഷൻ**

കാർമൽ പ്രാർത്ഥനാകൂട്ടായ്മ നേതൃത്വം നൽകിയ 28-ാമത് വാഴക്കുളം ബൈബിൾ കൺവെൻഷൻ 2019 ജനുവരി 16 ബുധൻ മുതൽ 20 ഞായർ വരെ കാർമ്മൽ ഇൻഡോർ സ്റ്റേറിയത്തിൽ നടന്നു. പ്രശസ്തവചന പ്രഘോഷകനും കോയമ്പത്തൂർ ഡിവൈൻ ധ്യാന സെന്ററിന്റെ ഡയറക്ടറുമായ ഫാ. ആന്റണി പയ്യപ്പിള്ളി വി. സി. യാണ് കൺവൻഷൻ നയിച്ചത്. മൂവാറ്റുപുഴ സീറോ മലങ്കര



രൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹനോൻ മാർ തെയൊഡൊഷ്യസ് ഉദ്ഘാടനസന്ദേശവും, മാർ ജോർജ് പുന്നക്കോട്ടിൽ 20-ാം തീയതി ബലിയർപ്പിച്ചു സമാപനസന്ദേശവും നൽകി. സമാപനദിവസം നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണം ഏറെ ഭക്തിനിർഭരവും സ്വർഗ്ഗീയാനുഗ്രഹങ്ങൾ ചൊരിയുന്നതുമായിരുന്നു. ഏകദേശം 2000-ലധികം പേർ കൺവൻഷനിൽ പങ്കെടുത്തു.

**വലിയ ആഴ്ച ധ്യാനം**

മാറാടി പള്ളിയിൽ ഏപ്രിൽ 15, 16, 17 തീയതികളിൽ ഡയറക്ടർ ഫാ. ആന്റണി ഉരുളിയാനിക്കലിന്റെ നേതൃത്വത്തിൽ പ്രെയർ ഗ്രൂപ്പ് അംഗങ്ങൾ ഇടവക ധ്യാനം നടത്തി.

**29-ാമത് ബൈബിൾ കൺവെൻഷൻ (2020)**

29-ാമത് ബൈബിൾ കൺവെൻഷൻ 2020 ജനുവരി 8 ബുധൻ മുതൽ 12 ഞായർ വരെ നടക്കും. അനുഗ്രഹീത വചനപ്രഘോഷകനും സൗഖ്യശുശ്രൂഷകനുമായ ബ്രദർ സാബു അറുതൊട്ടിയിലാണ് കൺവെൻഷൻ നയിക്കുന്നത്. കൺവെൻഷനുവേണ്ടിയുള്ള പ്രാർത്ഥനയും ഒരുക്കവും ആരംഭിച്ചു.

**കർമ്മലമാതാവിന്റെ തിരുനാൾ**

ജൂലൈ 15-ാം തീയതി ആശ്രമദൈവാലയത്തിൽ വച്ച് പരി. കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു.

**എല്ലാവിധ മംഗളങ്ങളും**

വി. ചാവറപ്പിതാവിന്റെ പാദസ്പർശനമേറ്റ വാഴക്കുളത്തെ കർമ്മല ആശ്രമത്തിൽ നിന്നും പുതിയ ദൈവസ്നേഹത്തിന്റെ പുതിയ തീരങ്ങളിലേക്കു യാത്രയായ ടോണി തോട്ടുപാട്ടച്ചനും ഡിനോ കള്ളിക്കാട്ട് അച്ചനും എല്ലാവിധ മംഗളങ്ങളും. കാർമ്മൽ സ്കൂളിലൂടെ ഓടി നടന്ന ടോണി അച്ചൻ ഇനി മുതൽ തന്റെ ഓട്ടം തിരുവനന്തപുരത്തേക്ക് മാറ്റിയിരിക്കുന്നു. ഞാൻ തിരുവനന്തപുരത്തേക്കൊന്നു വിളിച്ചാലോ? എന്നു ചോദിക്കും പോലെ. ഇനി എന്ത് ആവശ്യമുണ്ടെങ്കിലും തിരുവനന്തപുരത്തേക്ക്  നമ്മുടെ ടോണി അച്ചനെ ഒന്ന് വിളിച്ചാ മതി. അച്ചന് എല്ലാവിധ മംഗളങ്ങളും പ്രാർത്ഥനകളും.

അമേരിക്കയിലെ നീണ്ട വർഷങ്ങളുടെ സേവനത്തിനുശേഷം നമ്മുടെ നാട്ടിലെ ഹരിതാഭയും പച്ചപ്പും ഒക്കെ കാണാനും അനുഭവിക്കാനും എത്തിയ ജോസ് കാര്യാമഠം അച്ചന് ഹൃദയം നിറഞ്ഞ സ്വാഗതം.

അടിമാലിയിലെ തണുപ്പിനോടും കാട്ടുമൃഗങ്ങളോടുമെല്ലാം മല്ലിട്ട്

ഇനി മുതൽ കാർമ്മലിലെ നല്ല അനുസരണയുള്ള കുട്ടികളുടെ അടുത്തേക്ക് എത്തിയിരിക്കുന്ന ബിനോജ് വട്ടോടിയിൽ അച്ചന് ഹൃദ്യമായ സ്വാഗതം.

**നാൽപതുമണി ആരാധന**

വി.കുര്യാക്കോസ് ഏലിയാസ് പിതാവ് തുടക്കം കുറിച്ച ദൈവസ്നേഹത്തിന്റേയും വിശ്വാസത്തിന്റെയും പ്രതീകമായ നാല്പതുമണി ആരാധനമാർച്ച് 12 ചൊവ്വാഴ്ച മുതൽ 14 വ്യാഴാഴ്ച വരെ നടത്തുകയുണ്ടായി. ദിവ്യകാരുണ്യ നാഥനോട് ചേർന്നിരിക്കാൻ, അവിടുന്നിൽ നിന്നും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങാനുള്ള അവസരമായിരുന്നു ആരാധന. ഈശോയുടെ സ്നേഹവും കരുതലും വേണ്ടുവോളം ഈ ദിവസങ്ങളിൽ ഞങ്ങൾ അനുഭവിച്ചറിഞ്ഞു. ഒത്തിരിയേറെ ആളുകൾ ദിവ്യനാഥന്റെ സവിധത്തിൽ വന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചു.

**ആശ്രമ ചാപ്പലിന് ഇനി പുതിയ മുഖം**

“എന്റെ ആലയം പരിശുദ്ധമാണ്” ആശ്രമത്തിലെ കർത്താവിന്റെ ആലയം മനോഹരമായി പുതുക്കി പണിതു. കൂട്ടായ്മയുടെ കെട്ടുറപ്പും മാധുര്യവും ദൈവാനുഗ്രഹത്താൽ ശക്തിപ്പെടുത്താനായി ഇനി പുതിയ ചാപ്പൽ ഇടവരുത്തട്ടെ.

**ബഹു. പ്രിയോരച്ചന്റെ തിരുനാൾ**

ഏപ്രിൽ 30-ാം തീയതി ആശ്രമത്തിന്റെ തലവനായ ബഹു. പ്രിയോരച്ചന്റെ തിരുനാൾ വൈകിട്ട് 6.30 മുതൽ സാഘോഷം കൊണ്ടാടി.

**വിനോദയാത്ര**

ജൂലൈ 4-ാം തീയതി ആശ്രമത്തിൽ നിന്നും കമ്പം , തേനി എന്നിവിടങ്ങളിലേക്ക് വിനോദയാത്ര നടത്തുകയുണ്ടായി. പൂത്തും തളിർത്തും നിൽക്കുന്ന മുന്തിരിത്തോട്ടങ്ങൾ ഒരു കൗതുക കാഴ്ച തന്നെയായിരുന്നു. കൂടാതെ കോട്ടയം പ്രോവിൻസിന്റെ കീഴിലുള്ള സ്കൂളുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി.

**പച്ചക്കറി വിപ്ലവം**

ബഹു. ഗാളൂസച്ചന്റെയും ബഹു. ബിജു ഇലഞ്ഞേടത്തച്ചന്റെയും നേതൃത്വത്തിൽ ആശ്രമം ഇതുവരെ കാണാത്ത കാർഷിക വിപ്ലവത്തിലേക്ക്. ഒരു ആശ്രമത്തിലേക്കുള്ള മുഴുവൻ പച്ചക്കറിയും തോട്ടത്തിൽ തന്നെ ഉണ്ടാക്കാം എന്ന് ഇവർ തെളിയിച്ചിരിക്കുകയാണ്. പച്ചക്കറി കൂടാതെ മീൻ വളർത്തലുമുണ്ട്.

**ബഹു. പ്രിയോരച്ചൻ യു.എസ്.എ.യിലേക്ക്**

ഗ്രീൻ കാർഡ് പുതുക്കുവാൻ ബഹു. പ്രിയോരച്ചൻ ജൂലൈ 30-ാം തീയതി അമേരിക്കയിലേക്ക് പോയി. ഗ്രീൻ കാർഡ് പുതുക്കി അവിടെ യുള്ള നമ്മുടെ അച്ചന്മാരുടെ സുഖവിവരങ്ങൾ തിരക്കി, ആഗസ്റ്റ് 16-ാം തീയതി തിരിച്ചെത്തി.

**കടമറ്റത്തു കത്തനാർ**

ജൂലൈ 24-ാം തീയതി തൊടുപുഴയിൽ നടന്നിരുന്ന കടമറ്റത്തുക ത്തനാർ എന്ന അത്ഭുതനാടകം കാണാൻ അച്ചന്മാർ ഒരുമിച്ചു പോവുക യുണ്ടായി.

**ബഹു. ബീഡ് കൊരട്ടിയിലച്ചന്റെ 14-ാം ശ്രാദ്ധദിനാചരണം**

ബഹു. കൊരട്ടിയിൽ ബീഡച്ചന്റെ 14-ാം ശ്രാദ്ധദിനാചരണം മാർച്ച് 11-ാം തീയതി ദൈവാലയത്തിൽ നടത്തി. പ്രൊവിൻഷ്യൽ ബഹു. പോൾ പാറക്കാട്ടേലച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന സമൂഹബലി യിലും മറ്റു പ്രാർത്ഥനകളിലും 25 അച്ചന്മാർ പങ്കെടുത്തു. ബഹു. ബീഡ ച്ചന്റെ വീട്ടുകാരും വഴിത്തലയിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നുമായി 60-ലധികം പേർ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

## സെന്റ് പീറ്റേഴ്സ് മൈനർ സെമിനാരി

**അങ്ങനെ സെന്റ് പീറ്റേഴ്സ് നിറഞ്ഞു**

കുറെ നാളുകൾക്കുശേഷം സെന്റ് പീറ്റേഴ്സ് സെമിനാരിയുടെ ചാപ്പലും സ്റ്റഡിഹാളും എല്ലാം നിറഞ്ഞു. ചാപ്പലിൽ ഉപയോഗിക്കുന്ന കാർപ്പെറ്റും ഊട്ടുമുറിയിലെ പ്ലേറ്റും ഗ്ലാസ്സുമെല്ലാം ഞങ്ങളൊന്ന് പൊടിത ട്ടിയെടുത്തു. മൂവാറ്റുപുഴയിൽ നിന്നും 13 സഹോദരന്മാർ കൂടി എത്തിയ പ്പോൾ അംഗസംഖ്യ റെക്ടറച്ചന്മാരെയും വക്കച്ചൻചേട്ടനെയും ചേർത്ത് 26 ആയി.



**നന്നായി വരും**

ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ഞങ്ങളുടെ ജ്യേഷ്ഠന്മാരെ, നല്ല ലക്ഷണം തികഞ്ഞ ഒത്ത 10 കൊമ്പന്മാരെ ഞങ്ങൾ നേര്യമംഗലം നോവിഷ്യേറ്റ് ഹൗസ്സിലേക്ക് യാത്രയാക്കിയിട്ടുണ്ട്. സന്യാസത്തിന്റെ നല്ല പാഠങ്ങൾ പഠിച്ച് വിശുദ്ധമായ വൈദികജീവിതം നയിക്കാൻ പ്രാപ്തരായി വരട്ടേ എന്ന് ആശംസിക്കുന്നു. ജ്യേഷ്ഠസഹോദരങ്ങൾക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും. ഇനി ഏതു പ്രളയം വന്നാലും അവർ 10 പേര് അങ്ങ് നിന്നാൽ അതൊക്കെ അങ്ങ് 'പമ്പ' കടക്കും.

## B.Ed

സെമിനാരിയുടെ ജീവനും ഓജസ്സുമായ ഞങ്ങളുടെ റെക്ടറച്ചന്മാർ കന്നുകെട്ടിയിൽ അച്ചനും ആലുങ്കൽ അച്ചനും ചെറിയ പുള്ളികളൊന്നുമല്ല ബിരുദധാരികളാ.... ഇവർ രണ്ടുപേരും തങ്ങളുടെ B.Ed പഠനം പൂർത്തിയാക്കി. റെക്ടറച്ചൻ കൊമേഴ്സിലും സിന്റോ അച്ചൻ സോഷ്യോളജിയിലുമാണ് ബിരുദം നേടിയിരിക്കുന്നത്. "ആരു കണ്ടാലും ചിലവ് ചോദിക്കാൻ മറക്കല്ലേ" അച്ചന്മാർക്ക് എല്ലാവിധ അനുമോദനങ്ങളും.

**ഇതൊക്കെ എന്ത്?**

ഷാജിപാപ്പന് ഇപ്പോഴും നടുവുവേദനയായിട്ട് നടക്കുവാ... പാവം. ഞങ്ങളുടെ റെക്ടറച്ചന് ഇതുവെറും നടുവേദനയല്ലേ.. "ഇതല്ല ഇതിനപ്പുറവും കണ്ടവനാണ് ഈ കെ.കെ. ജോസഫ്". ഏതായാലും നാഗപ്പുഴയിലെ ആയുർവേദ ഡോക്ടർമാരുടെയും രാജഗിരിയിലെ ഡോക്ടർമാരുടെയും ഒറ്റമൂലി ഫലിച്ചു. അങ്ങനെ റെക്ടറച്ചന്റെ രണ്ടാം വരവോടെ പൂരം കൊടിയേറി... ഇപ്പോൾ റെക്ടറച്ചനും പിള്ളേരും Strongaa... Double Storng അല്ല Triple strong !!! അച്ചനുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി. അച്ചന് എല്ലാവിധ അനുഗ്രഹങ്ങളും ആരോഗ്യവും ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഞങ്ങളുടെ കരുത്ത്**

സെമിനാരിയുടെയും ഞങ്ങൾ 23 പേരുടെയും കരുത്ത് ഞങ്ങളുടെ റെക്ടർ അച്ചന്മാർ തന്നെയാണ്. രണ്ടുപേരുടെയും പേരുകൾ തമ്മിൽ ഒരു 'h' വ്യത്യാസം മാത്രമേയുള്ളു. (Shinto, Sinto) എന്താല്ലേ പൊരുത്തം. പേരുപോലെ തന്നെ പൊരുത്തമുള്ളതാണ് ഇവരുടെ മനസ്സും. Super Man പോലെയും Spider man പോലെയും അമാനുഷിക ശക്തികളൊന്നുമില്ലെങ്കിലും ഇവരാണ് ഞങ്ങളുടെ Super Hero's. റെക്ട

റച്ചൻ ഞങ്ങളുടെ മാത്രമല്ല മൂവാറ്റുപുഴ നിർമ്മല കോളേജിലെയും ഹീറോയാ... അച്ചൻ ളോവായും ജാക്കറ്റും ഇട്ട് ആ ബൈക്കിൽ ഇരുന്ന് കോളേജിൽ പോകുന്നതു കാണാൻ തന്നെ ഒരു എടുപ്പാ... ആരാണെ ങ്കിലും ഒന്ന് നോക്കി പോകും. റെക്ടറച്ചൻ തന്റെ അധ്യാപനം മനോഹര മായി തുടരുന്നു. റെക്ടറച്ചൻ കോളേജിലാണെങ്കിൽ സിന്റോ അച്ചൻ ഇന്റർനാഷണലാ- ചാവറ ഇന്റർനാഷണൽ അക്കാദമി വാഴക്കുളം . അച്ചൻ അവിടുത്തെ വൈസ് പ്രിൻസിപ്പൽ ആയി തന്റെ ജോലി തുടരു ന്നു. ഇന്റർനാഷണൽ ആയതുകൊണ്ടാണെന്ന് തോന്നുന്നു അച്ചനിപ്പോ ഇംഗ്ലീഷ് പറച്ചിൽ ഇത്തിരി കൂടുതലാ... മുട്ടൻ ഇംഗ്ലീഷ്.

ഇവരെ രണ്ടുപേരെയും സമ്മതിക്കണമല്ലേ.... കോളേജും സ്കൂളും സെമിനാരിയും എല്ലാം കൂടെ...ഹൊ...

**സ്കൂൾ വിശേഷങ്ങൾ**

ഞങ്ങൾ 23 പേരും പഠനത്തിന്റെ തിരക്കുകളിലാണ്. ഞങ്ങളിൽ 4 പേർ കാർമ്മലിലും 11 പേർ കദളിക്കാടും 8 പേർ ആനിക്കാടും പഠിച്ച് വൻ നേട്ടങ്ങൾ കൊയ്യുന്നു. ബ്രദേഴ്സ് എന്നുപറഞ്ഞാൽ സ്കൂളിൽ എല്ലാ വർക്കും എന്തു ബഹുമാനമാണെന്നോ!!! എന്തു ചെയ്യാൻ അങ്ങനെയായി പ്പോയി. ബ്രദേഴ്സ് എല്ലാ വർക്കിനും ഭയങ്കര ആക്ടീവാ... ഉള്ള മത്സര ങ്ങൾക്കെല്ലാം ഞങ്ങൾ എന്തെങ്കിലുമൊക്കെ സമ്മാനം വാങ്ങിക്കാറുണ്ട്. കാർമ്മലിലെ കലോത്സവത്തിൽ നാടൻ പാട്ടിനും മോണോ ആക്ടിനും നമുക്ക് സമ്മാനങ്ങളുണ്ട്. കാർമ്മലിൽ നിന്നുമാത്രമല്ല ആനിക്കാട് നിന്നും കദളിക്കാട് നിന്നും ഞങ്ങൾ ഒത്തിരി സമ്മാനം വാങ്ങാറുണ്ട്.

**സഭ മുഴുവനും വേണ്ടി**

General Dayയോടനുബന്ധിച്ച് പള്ളിയിലും സെമിനാരി ചാപ്പ ലിലും ആരാധന നടത്തുകയുണ്ടായി. സി.എം.ഐ. സഭയുടെ പിതാ വായ വി.കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ മാദ്ധ്യസ്ഥ്യം വഴി സഭ യേയും ജനറാൾ അച്ചനേയും മറ്റ് വൈദികരേയും സഭാംഗങ്ങളെല്ലാവ രെയും ഈശോയ്ക്ക് സമർപ്പിച്ച് പ്രാർത്ഥിച്ചു.

**മാസധ്യാനങ്ങൾ**

സ്വയം നവീകരിക്കുവാനും ഒന്നു തിരിഞ്ഞുനോക്കി വിശകലനം ചെയ്ത് നല്ലതിനെ സ്വീകരിച്ച് തിന്മയെ ഒഴിവാക്കി ജീവിക്കാനുള്ള അവ സരമാണ് ഓരോ മാസധ്യാനവും. എല്ലാ മാസവും അതിനായി ഞങ്ങൾ അവസരം കണ്ടെത്തുന്നു. ഞങ്ങളെ ആത്മീയ ചിന്തകളാൽ നിറയ്ക്കുന്ന തിനായി പല വൈദികരും എത്തുന്നുണ്ട്. ബിനു ഇലഞ്ഞേടത്ത് അച്ചൻ,

എബിൻ കല്ലറയ്ക്കൽ അച്ചൻ, ജോസ് കാര്യാമഠം അച്ചൻ, ഷിന്റോ പടി ഞ്ഞാറേടത്ത് അച്ചൻ തുടങ്ങിയവർ ഞങ്ങൾക്ക് ആത്മീയ ചിന്തകൾ പകർന്നു നല്കി. എല്ലാ അച്ചന്മാർക്കും പ്രത്യേകം നന്ദി.

**ഇവിടെ ഞങ്ങൾ മാത്രമല്ലാട്ടോ...**

ഇവിടെ ഞങ്ങൾ മാത്രമല്ലാ കൂട്ടിന് കുറേ മീനുകളുണ്ട്. എത്ര കുള ങ്ങളാ അങ്ങ് പണിത് ഇട്ടേക്കണത്. അതിലാണെങ്കിൽ നിറച്ചു മീനുകളും. ഒരു ചൂളമടി കേട്ടാൽ 'സലാം' പറഞ്ഞ് എല്ലാവരും മുകളിലെത്തും. ഇടയ്ക്ക് കുറച്ച് പിടിച്ച് വക്കച്ചൻ ചേട്ടൻ നല്ല ഒന്നാം തരം കറി ഉണ്ടാക്കി ത്തരും. ഫിഷ് മോളിയോ, വറുത്തതോ, കറി വച്ചതോ... അങ്ങനെഎല്ലാം! കുളത്തിലെത്തിയ ആദ്യ ബാച്ചുകാർ ഞങ്ങളുടെ വയറ്റിലായി, ഇപ്പോൾ പുതിയ ബാച്ചുകൾ ഇറങ്ങിയിട്ടുണ്ട്. അവരൊന്നു മെഴുക്കട്ടെ...എന്നിട്ടു വേണം... കുളം മാത്രമല്ല Aquaponics technology യിൽ ഉള്ള പച്ചക്കറി വളർത്തലും ഉണ്ട്. എല്ലാത്തിന്റേയും  മാസ്റ്റർ ബ്രെയിൻ റെക്ടറച്ചൻ ഒരു സംഭവാട്ടാ...

"സപനോം കീ സിന്തഗീ ജോ കഭീ നഹീ ഖദം ഹോ ജാതീ ഹെ"

എന്നാണല്ലോ...! എന്നാ അങ്ങനെ ആണ്. ഞങ്ങൾ ഞങ്ങളുടെ സ്വപ്നങ്ങ ളോരോന്നായി പൂർത്തിയാക്കുവാ....

**എന്താല്ലേ ഒരു മാറ്റം !!!**

കുറച്ചു നാളുകൊണ്ട് സെമിനാരിയിൽ വന്നൊരു മാറ്റം, പ്രത്യേ കിച്ച് കോർട്ടിനോട് ചേർന്ന്. ഇപ്പോ രാവിലെ ഒരു ഗ്ലാസ് ചായയും എടുത്ത് അവിടെ വന്നിരുന്ന് പക്ഷികളെ കണ്ടും അവരുടെ മധുരസ്വരം കേട്ടും അതങ്ങ് കുടിക്കാം. വേണമെങ്കിൽ ഒന്ന് ചൂണ്ടയും ഇടാം. കുളം അടുത്താണേ... പക്ഷികൾ ഒന്നും രണ്ടുമല്ല പലതരം, പല ഇനം. പ്രാവു കളും ആഫ്രിക്കൻ ലൗബേഡ്സും ഫിഞ്ചസും ജാവയും എല്ലാം... ഓ... അടിപൊളി.. അതിനോട് ചേർന്ന് ഒരു പാർക്കും. ഒപ്പം കുട്ടനാട്ടുകാർക്കു പോലും വെല്ലുവിളി ഉയർത്തിക്കൊണ്ട് ഒരു കുളം അടങ്ങിയ താറാവു വളർത്തലും കോഴി വളർത്തലും ഉണ്ട്. കാണാൻ താത്പര്യം ഉള്ളവരെ ല്ലാം പോരേട്ടോ...

**അടിപൊളി...**

നോവിഷ്യേറ്റിലേക്കു പോയ ഞങ്ങളുടെ ചേട്ടന്മാരുടെ മാർക്ക് കണ്ട് ഞങ്ങൾ കണ്ണ് തള്ളി നിന്നുപോയി. എല്ലാവർക്കും നല്ല മാർക്കുണ്ട്. 3 പേർക്ക് 90% ന് മുകളിലും. അവർക്ക് എല്ലാവിധ മംഗളങ്ങളും. അവർ ഇതുമാതിരി പണിതന്ന സ്ഥിതിക്ക് ഞങ്ങളും വിടുമോ... ഞങ്ങളുടെ അഭി

മാനത്തിന്റെ പ്രശ്നമല്ലേ. അവരെ കടത്തിവെട്ടാനുള്ള പരിശ്രമത്തിലാണ് ഞങ്ങൾ... ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണേ...

## കാർമ്മൽ സി.എം.ഐ പബ്ലിക് സ്കൂൾ

**കാർമ്മലിനു പുതിയ മുഖം**

നമ്മുടെ കാർമ്മൽ സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മുഴുവൻ നവീകരിച്ച് മുഖഛായ തന്നെ മാറ്റി. ഈ അദ്ധ്യയനവർഷം 115 സ്റ്റാഫും 2200 കുട്ടികളുമായി കാർമ്മൽ തന്റെ ജൈത്രയാത്ര ആരംഭിച്ചു. പ്രിൻസിപ്പലായ സിജൻ ഊന്നുകല്ലേലച്ചനൊപ്പം വൈസ് പ്രിൻസിപ്പലായി ബിനോജ് വട്ടോടിയിലച്ചനും എത്തിയിരിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം വൈസ് പ്രിൻസിപ്പലായി സേവനം ചെയ്ത ടോണിയച്ചന് നന്ദിയും ഉന്നതപഠനത്തിന് വിജയാശംസകളും നേരുന്നു.




**മാറണം നമ്മുടെ മാതാപിതാക്കളും**

ഈ അധ്യയനവർഷത്തെ ആദ്യ പി.റ്റി.എ. യോഗം ചേരുന്നത് ജൂലൈ 20-ാം തീയതി ആയിരുന്നു. അന്നേദിവസം മാതാപിതാക്കൾക്ക് Effective Parenting നെക്കുറിച്ച് ക്ലാസ്സ് എടുത്തത് പ്രശസ്ത അന്താരാഷ്ട്ര ട്രെയിനർ ശ്രീ. ബെന്നി കുര്യൻ സാറായിരുന്നു.



**കാർമ്മൽ കലോത്സവ് - 2019**

ആഗസ്റ്റ് 3-ന് നടന്ന യൂത്ത് ഫെസ്റ്റിവലിന്റെ മുഖ്യാതിഥി പ്രശസ്ത സിനിമാതാരവും മിമിക്രി കലാകാരനുമായ ശ്രീ. സാജു കൊടിയൻ ആയിരുന്നു. സമ്മാനദാനം ചാവറ സ്കൂൾ പ്രിൻസിപ്പലായ ബഹു. ജോൺസൺ പാലപ്പിള്ളി അച്ചൻ നിർവ്വഹിച്ചു.



**പ്രഗത്ഭരെ പ്രബുദ്ധരാക്കാൻ**

സി.ബി.എസ്.ഇ. സെൻട്രൽ കേരള സഹോദയയുടെ നേതൃത്വത്തിൽ ടീച്ചേഴ്സിനായി നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിന് ആതിഥ്യം വഹിച്ചത് നമ്മുടെ സ്കൂളാണ്. വിവിധ സ്കൂളുകളിൽ നിന്നായി ആയിരത്തിൽ പരം അധ്യാപകരും നൂറ്റിയിരുപതോളം പ്രിൻസിപ്പൽമാരും പങ്കെടുത്തു.




**കാർമ്മൽ ബോർഡിംഗ് ഹൗസ്**

കാർമ്മൽ സ്കൂളിന്റെ മുകളിലത്തെ നിലയിൽ ആൺകുട്ടികൾക്കായി സജ്ജമാക്കിയ ബോർഡിംഗിന്റെ ആശീർവ്വാദകർമ്മം നടത്തിയത് ബഹു. പ്രൊവിൻഷ്യലച്ചനാണ്.



പെൺകുട്ടികൾക്ക് നവീകരിച്ച കെട്ടിടമാണ് ബോർഡിംഗിനായി ഉപയോഗിക്കുന്നത്. 70 കുട്ടികളുള്ള ബോർഡിംഗിൽ അടിമാലി വിശ്വദീപ്തി റെക്ടറായിരുന്ന ബിനോജ് വട്ടോടിയിൽ അച്ചനാണ് പുതിയ റെക്ടർ.



*വിദ്യാഭ്യാസ മാനേജ്മെന്റിൽ ഗവേഷണം നടത്തി Ph.D നേടിയ വികാർ പ്രൊവിൻഷ്യൽ സിജൻ ഊന്നുകല്ലേൽ അച്ചന് അഭിനന്ദനങ്ങൾ.*

## ചാവറ ഇന്റർ നാഷണൽ അക്കാദമി – വാഴക്കുളം

**പുതിയ നിറങ്ങളിൽ പറന്നുയരാൻ...**



ചാവറ അക്കാദമിയുടെ കളിമുറ്റത്ത് കളിച്ചും പഠനമുറിയിൽ പഠിച്ചും പുതിയ തീരങ്ങളിലേക്ക് പറന്ന് ജീവിതം നിറം പിടിപ്പിക്കാൻ എൽ.കെ.ജി.യിലേക്ക് 31 ഉം മറ്റ് ക്ലാസ്സുകളിലേക്ക് 62–മായി ആകെ 93 പുതിയ കുട്ടികൾ. ചരിത്രത്തിലെ റെക്കോഡാണ്.

**വിജയത്തിളക്കം. . . അതും ബ്ലോക്ക് ബസ്റ്ററിൽ**

2018–2019 ലെ പത്താം ക്ലാസ്സ് വിജയം CIA യ്ക്ക് ബ്ലോക്ക് ബസ്റ്ററാണ്. 21 കുട്ടികൾ പരീക്ഷ എഴുതിയതിൽ 100% ഡിസ്റ്റിംഗഷനോടെ എല്ലാവരും വിജയം നേടി. അതിൽ രണ്ടുപേർ 3 വിഷയങ്ങൾക്കും മറ്റ് രണ്ടുപേർ ഓരോ വിഷയത്തിലും നൂറിൽ നൂറും വാങ്ങി.. എല്ലാ പ്രോത്സാഹനങ്ങൾക്കും നന്ദി.

**കഴിവു തെളിയിച്ചു പുതുമുഖങ്ങൾ...**

CIA യ്ക്ക് പുതുതായിക്കിട്ടിയ കുരുന്നുകൾ അവരുടെ കഴിവു പ്രകടിപ്പിക്കാൻ ധൈര്യപൂർവ്വം മുന്നോട്ടുവന്നു. Talents day for New commers 2019 എന്ന ശീർഷകത്തിൻ ചുവടെ നമ്മുടെ കുട്ടികൾ അരങ്ങു തകർത്താടിത്തിമിർത്തു. വിസ്മയം ജനിപ്പിക്കുന്ന കലാപ്രകടനങ്ങളിലൂടെ അവർ ഈ ദിവസത്തെ ഉത്സവമാക്കി.

**ഡോക്ടേഴ്സ് ഡേ...**

ക്രിയാത്മകതയുടെ പുതിയ പരിവേഷത്തോടെ CIA ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു. അന്നേദിവസം നമ്മുടെ പേരന്റ്സ് ഡോക്ടേഴ്സിനെ ക്ഷണിക്കുകയും അവർക്ക് നന്ദിയും ആദരങ്ങളുമർപ്പിക്കുകയും ചെയ്തു. നമ്മുടെ പേരന്റ്സ് ഡോക്ടേഴ്സ് എല്ലാവരും തന്നെ ഈ പരിപാടിയിൽ എത്തിച്ചേർന്നു എന്നത് തികച്ചും സന്തോഷകരമായ കാര്യമാണ്.

**ഞങ്ങൾ അവധിക്കാലത്തും പഠിക്കും...**

CIA യുടെ മിടുക്കികളും മിടുക്കന്മാരും അവധിക്കാലവും ക്രിയാ

ത്മകമായി ഉപയോഗിച്ചു. അദ്ധ്യാപകരുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളോടെ ഓരോ കുട്ടിക്കും പൂർത്തീകരിക്കാൻ 13 ഇനങ്ങളിൽ പെട്ട അവധിക്കാല ടാസ്ക്കുകൾ നൽകി. എല്ലാ കുട്ടികളും തികച്ചും മത്സരബുദ്ധിയോടെ ഇതിൽ വിജയം നേടി. അക്കാദമിക് ഇയർ ആരംഭത്തിൽ തങ്ങൾ ആർജ്ജിച്ച ഈ ലക്ഷ്യങ്ങൾ അവർ പങ്കുവയ്ക്കുകയും ചെയ്തു.

**ചരിത്രവിജയം നേടി പത്താം ക്ലാസ് വിദ്യാർത്ഥികൾ**

മാർക്ക് വാങ്ങുവാൻ പൊതുവേ പ്രയാസമുള്ളതായി കരുതപ്പെടുന്ന ICSE സിലബസിൽ ചാവറയിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾ ഈ വർഷം നേടിയത് ചരിത്രവിജയം. പരീക്ഷയിൽ നാല് വിഷയങ്ങൾക്ക് നൂറിൽ നൂറ് വാങ്ങിയ മേഘനയും മൂന്ന് വിഷയങ്ങൾക്ക് നൂറിൽ നൂറ് വാങ്ങിയ സിയയും ചാവറയുടെ യശസ് വാനോളമുയർത്തി. അവർക്ക് ബഹു. പ്രൊവിഷ്യലച്ചന്റെ അധ്യക്ഷതയിൽ അനുമോദനസമ്മേളനവും നടത്തി.



**അതിവേഗം... ബഹുദൂരം...**

ICSE സിലബസിനോട് പൊതുവേ മലയാളികൾക്ക് മമതയില്ല. എന്നാൽ ഈ വർഷം ചാവറയിലേക്ക് ഒഴുകിയെത്തിയ കുട്ടികളിൽ ഏറിയ പങ്കും ICSE സിലബസിൽ നിന്നുള്ളവരായിരുന്നു. 93 കുട്ടികൾ പുതിയതായി ഈ വർഷം എത്തിച്ചേർന്നു. ICSE യുടെയും ചാവറയുടെയും ഭാവി ഭാസുരമാണെന്ന് കണക്കുകൾ തെളിയിക്കുന്നു.

**CIA ന്യൂസ് ബുള്ളറ്റിനുകൾ**




വാർത്തകളും വിശേഷങ്ങളും ഒരു റ്റി.വി. ന്യൂസ് ബുള്ളറ്റിന്റെ രൂപത്തിൽ പ്രക്ഷേപണം ചെയ്യുന്നത് ശ്രദ്ധേയമായി. കുട്ടികളുടെ ഇംഗ്ലീഷ് പ്രാവീണ്യം വർദ്ധിപ്പിക്കുവാനും സമൂഹമാധ്യമങ്ങളിൽ ചാവറ

യുടെ വേരുകളുറപ്പിക്കുവാനും ഈ സംരംഭത്തിന് സാധിക്കുന്നു.

**ആഘോഷമായ അവധിക്കാലം...**

ക്രിയാത്മകമായ കർമ്മപരിപാടികൾകൊണ്ട് സമ്പന്നമായി ചാവറയുടെ അവധിക്കാലം. അയൽക്കാരനെ അടുത്തറിയുക, ക്യാമറക്കണ്ണിലൂടെ ജീവിതം തുടങ്ങിയ പരിപാടികൾ മികച്ച പ്രതികരണം ഉളവാക്കി.

**ഫോട്ടോഗ്രാഫി ക്ലബ്**

മുപ്പതോളം കുട്ടികൾ അംഗങ്ങളായുള്ള ഫോട്ടോഗ്രാഫി ക്ലബ് ഈവർഷത്തെ പ്രത്യേകതയാണ്. ഫാ. ജയ്സൺ പുറ്റനാലാണ് ക്ലബംഗങ്ങളുടെ പരിശീലകൻ.

**ഡെയ്‌ലി ഡൂ കിറ്റ്**

ഈ വർഷത്തെ സ്കൂൾ ഡയറി പേരിലുള്ള വ്യത്യസ്തത കൊണ്ടും ക്രിയാത്മകമായ അവതരണം കൊണ്ടും ഏവരുടെയും ശ്രദ്ധയാകർഷിച്ചു. മുഴുവൻ പേജുകളിലും മൾട്ടിക്കളർ പ്രിന്റിംഗ് പുസ്തകത്തിന്റെ മാറ്റ് കൂട്ടി.

**ഗുഡ് ബൈ... സ്വാഗതം...**

രണ്ട് വർഷമായി ചാവറയിൽ സേവനം ചെയ്തിരുന്ന ബഹു. ഡിനോ കള്ളിക്കാട്ടച്ചന് ചാവറ സമുചിതമായ യാത്രയയ്പ്പ് നൽകി. പുതുതായി ചാർജ് ഏറ്റെടുത്തിരിക്കുന്ന സിന്റോ ആലുങ്കലച്ചൻ ചാവറയിൽ സ്വതസിദ്ധമായ ശൈലിയിൽ സാന്നിദ്ധ്യമറിയിച്ച് കഴിഞ്ഞിരിക്കുന്നു. ഡിനോ അച്ചന് നന്ദി... സിന്റോ അച്ചന് ഭാവുകങ്ങൾ...



*ഏഷ്യ പസഫിക് യൂണിവേഴ്സിറ്റിയിൽ നിന്ന് വിദ്യാഭ്യാസത്തിൽ ഹോണററി ഡോക്ടറേറ്റ് നേടിയ സണ്ണി മുണ്ടുനടയച്ചന് അഭിനന്ദനങ്ങൾ.*



*കമ്പ്യൂട്ടർ സയൻസിൽ Ph.D നേടിയ, ബോബി ആന്റണി തളികപ്പറമ്പിൽ അച്ചന് അഭിനന്ദനങ്ങൾ.*




**ഡെന്നീസ് അച്ചന് സ്വാഗതം**

കൊടുവേലി ആശ്രമാംഗമായി എത്തിച്ചേർന്ന കിഴക്കയിൽ ഡെന്നീസച്ചന് ആശ്രമത്തിലേക്കും ഇടവകയിലേക്കും ഹൃദ്യമായ സ്വാഗതം നൽകി. മൈലക്കൊമ്പ് കോളേജിൽ B.Ed പഠനം നടത്തുന്ന ഡെന്നീസച്ചന് നല്ല വിജയാശംസകൾ നേരുന്നു.

**Go Green**

കാർഷിക മുന്നേറ്റത്തിലൂടെ ആശ്രമം കർഷകർക്ക് മാതൃകയാകുന്നു. ബഹു. ടോമി നമ്പ്യാപറമ്പിലച്ചന്റെ നേതൃത്വത്തിൽ റബ്ബർ കൃഷിയോടൊപ്പം പച്ചക്കറി പഴവർഗ്ഗ കൃഷികൾ നന്നായി നടക്കുന്നു. പ്രവിശ്യയുടെ Go Green പദ്ധതിയുടെ ഭാഗമായി ഒരു മാതൃകാ കൃഷിത്തോട്ടത്തിന്റെ തൈ നടീൽ ഉദ്ഘാടനവും 10 വീട്ടുകാർക്ക് തൈ വിതരണവും മെയ് 18-ാം തീയതി ബഹു. പ്രൊവിൻഷ്യലച്ചൻ നടത്തി. ഈ അവസരത്തിൽ കോടിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷേർളി ആന്റണി, ഫാ. മാത്യു മഞ്ഞക്കുന്നേൽ, ഫാ. ജോയി അറമ്പാൻകുടി എന്നിവർ സന്നിഹിതരായിരുന്നു. പദ്ധതിക്ക് വിജയാശംസകൾ.



**പാരീഷ് ഹാൾ**

കൊടുവേലി ഇടവകക്കാരുടെ ചിരകാലസ്വപ്നമായ പാരീഷ് ഹാളിന്റെ പണികൾ വികാരി,

തോമസ് മഞ്ഞക്കുന്നേലിന്റെ, നേതൃത്വത്തിലും ഇടവകക്കാരുടെ ശക്ത മായ കൂട്ടായ്മയിലും അഭ്യൂതകാംക്ഷികളുടെ സഹായത്തോടുംകൂടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**നൈറ്റ് വിജിൽ**

കൊടുവേലി കെ.സി.വൈ.എം. യുവജനം ഉണരുന്നു. ബിഖിൽ അരഞ്ഞാണിയച്ചന്റെ നേതൃത്വത്തിൽ ഇടവക യുവജനങ്ങൾ നല്ല പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കെ.സി.വൈ.എം.ന്റെ നേതൃ ത്വത്തിൽ അയൽ ഇടവക യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ആഗസ്റ്റ് 15-ാം തീയതി നൈറ്റ് വിജിൽ നടത്തി. ബഹു. വിനീത് വാഴേക്കുടിയച്ചന്റെ ടീം ഈ ശുശ്രൂഷക്ക് നേതൃത്വം നൽകി. യുവജനങ്ങളെ ആത്മീയ ഉണർവ്വിലേക്ക് നയിച്ച മണിക്കൂറുകളായിരുന്നു അത്.

## സാൻജോ സി.എം.ഐ. പബ്ലിക് സ്കൂൾ

**സ്കൂൾ റിസൾട്ട്**

കഴിഞ്ഞവർഷം 10-ാം ക്ലാസ്സിൽ പരീക്ഷ എഴുതിയ 44 കുട്ടികളിൽ 42 പേർ ഡിസ്റ്റിംഗിഷനോടുകൂടി പാസ്സായി. 5 പേർക്ക് ഫസ്റ്റ് ക്ലാസ്സും ലഭി ച്ചു. മികച്ച വിജയം നേടിയ കുട്ടികളെ സ്കൂൾ മാനേജ്മെന്റ് ആദരിച്ചു.

**സ്കൂൾ പ്രവേശനോത്സവം**

2019-2020 അധ്യയനവർഷം വിശുദ്ധ കുർബാനയോടുകൂടി ആരം ഭിച്ചു. തുടർപഠനത്തിന് അർഹത നേടിയ കുട്ടികളെ അതാതു ക്ലാസ്സുക ളിൽ മധുരവും ആശം സകളും നൽകി ആദ രിച്ചു. പുതിയ അധ്യയ നവർഷത്തിന് ആശം സകൾ നേർന്ന് മാനേ ജർ ഫാ.തോമസ് മഞ്ഞക്കുന്നേൽ സി. എം.ഐ. വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നല്കി.




**സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്**

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പായിരുന്നു ഈ വർഷം



നടത്തിയത്. കുട്ടികൾക്ക് തിരഞ്ഞെടുപ്പ് സമ്പ്രദായ ത്തെപ്പറ്റി അഗാധമായ അറിവുണ്ടാകുന്നതിനും ക്രിയാത്മകമായ നേതാക്കളെ തിരഞ്ഞെടുക്കുന്ന തിനും ഇത് അവസരമൊരുക്കി.

**മാനേജേഴ്സ് ഡെ – തപസ്സ് 2019**

മാനേജർ അച്ചന്റെ (ഫാ. തോമസ് മഞ്ഞ ക്കുന്നേൽ സി.എം.ഐ) നാമഹേതുക തിരുനാൾ വിപുലമായി ആഘോഷിച്ചു. അന്നേദിവസം മാനേ ജരച്ചൻ വിശുദ്ധ കുർബാനയ്ക്കു നേതൃത്വം നല്കി. അധ്യാപകരും വിദ്യാർത്ഥികളും വിവിധ കലാപരിപാടികൾ അവതരിപ്പി ക്കുകയും അച്ചന് ആശംസകൾ നേരുകയും ചെയ്തു.

**ECA ഉദ്ഘാടനം**

ഈ അധ്യയനവർഷം പാഠ്യേതരപ്രവർത്തനങ്ങളുടെ ഉദ്ഘാടനം പുതിയതായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളുടെ സ്ഥാനാരോഹണത്തോടൊപ്പം നടത്തി. കോമഡി ഉത്സവം ടി.വി. പരിപാടിയിലൂടെ ശ്രദ്ധേയനായ ഫാ. വിപിൻ കുരിശുതറ സി.എം. ഐ. വിശിഷ്ട അതിഥി ആയിരു ന്നു.




**സ്കൂൾ പൊതുയോഗം**

ഈ വർഷത്തെ സ്കൂൾ പൊതുയോഗം 27.07.19 –ൽ നടത്തപ്പെട്ടു. 9 മണിക്ക് രജിസ്ട്രേഷനോടു കൂടി ആരംഭിച്ച യോഗം 1.00 മണിക്ക് സമാപിച്ചു. റിട്ടയേർഡ് ഹെഡ്മാസ്റ്റർ ജോസ് കോനാട്ട് ലളിതമായ രീതി യിൽ നല്ല മാതാപിതാക്കളാകുവാ നുള്ള സെമിനാർ നയിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഫാ. ജോൺസൺ വെട്ടിക്കുഴിയിൽ സി.എം.ഐ. പൊതുനിർദ്ദേശങ്ങളും നല്കി.



**സൗഹൃദദിനാഘോഷം**

സൗഹൃദദിനാഘോഷത്തിന്റെ ഭാഗമായി കെ.ജി. വിഭാഗം അധ്യാപകരും കുട്ടികളും ചേർന്ന് അന്ന് പ്രത്യേക അസംബ്ളി അവതരിപ്പിച്ചു. സൗഹൃദം പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി നമ്മുടെ അടുത്തുള്ള ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു. അന്നേദിവസം സൗഹൃദദിനത്തിന്റെ ആശംസകൾ പരസ്പരം കൈമാറിയത് കുട്ടികൾക്ക് വേറിട്ട ഒരനുഭവമായിരുന്നു.





സഭാചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ സിബി കാവാട്ട് അച്ചന് അഭിനന്ദനങ്ങൾ. അദ്ദേഹം നബീയയിൽ സെമിനാരി പ്രൊഫസ്സറായി അധ്യാപനം ആരംഭിച്ചു. ആശംസകളും ഭാവുകങ്ങളും നേരുന്നു.



സംഗീത ലോകത്തെ മികച്ച സേവനത്തിനുള്ള സി.എം.ഐ. സഭാ അവാർഡ് നേടിയ ആന്റണി ഉരുളിയാനിക്കലച്ചന് അഭിനന്ദനങ്ങൾ.



U.N.O. യുടെ അംഗീകാരവും പ്രതിനിധിയുമായി തിളങ്ങുന്ന റോബി കണ്ണൻചിറ അച്ചന് അഭിനന്ദനങ്ങൾ, ആശംസകൾ.




**ഊർജ്ജസ്വലതയോടെ...**

ആശ്രമാംഗങ്ങൾ എല്ലാവരും ഊർജ്ജസ്വലരായി മുന്നേറുന്നു. സീനിയർ അംഗങ്ങളായ പീറ്റർ ബ്രദർ, പുഴക്കരയച്ചൻ, കാക്കനാട്ടച്ചൻ എല്ലാവരും സുഖമായിരിക്കുന്നു.

**ദിവ്യകാരുണ്യ സമൂഹം**

ആശ്രമ ദൈവാലയത്തോടനുബന്ധിച്ചുള്ള ദിവ്യകാരുണ്യസ മൂഹം സജീവമായിത്തന്നെ മുമ്പോട്ട് പോകുന്നു. 166 കുട്ടികളുമായി കാറ്റ കിസം യൂണിറ്റും സജീവമാണ്.

**പാസ്റ്ററൽ മിനിസ്ട്രി**

അജപാലനപ്രവർത്തനങ്ങളിൽ ആശ്രമാംഗങ്ങൾ എല്ലാവരും മുന്നിട്ട് നിൽക്കുന്നു. വിവിധ മഠങ്ങളിലെ ദിവ്യബലി, സമീപ ഇടവകക ളിലെ വി.കുർബാന, കുമ്പസാരം മുതലായ പ്രവർത്തനങ്ങളിൽ ആശ്രമ ത്തിലെ വൈദികർ സഹകരിക്കുന്നു.

**Casp**

ആശ്രമത്തിന്റെ സാമൂഹ്യപ്രതിബദ്ധതയുടെ മുഖമായ Casp സജീവമാണ്. ഞായറാഴ്ച തോറും മീറ്റിംഗുകൾ നടത്തപ്പെടുന്നു.

**കൃഷി ഭൂമിയിൽ**

ആശ്രമത്തിലെ ഉദ്യാനപാലകൻ പ്രിയോർ ബഹു. ജോർജ് കൊച്ചുപറമ്പിലച്ചൻ തന്നെയാണ്. കൃഷിയിടത്തിലെ വിള മുഖ്യമായും റബ്ബർ ആണ്.

ഫലവൃക്ഷത്തോട്ടത്തിന് നേതൃത്വം നൽകുന്നത് ജയിംസ് കളപ്പു രയച്ചനാണ്. നോനി, പാലസ്റ്റീനിയൻ അത്തി, ഹൈബ്രിഡ് അത്തി,

അവോകാഡോ, വൈറ്റമിൻ യേർളി പ്ലാവ്, മിൽക്ക് ഫ്രൂട്ട്, മാജിക് ഫ്രൂട്ട്, ആപ്പിൾ, ചാമ്പ, റമ്പൂട്ടാൻ, ഫിലോസാൾ, ഇവയാണ് നമ്മുടെ മുഖ്യ പഴ വൃക്ഷങ്ങൾ.

**ഫാ. ജോൺ ബർക്കുമാൻസ് മെമ്മോറിയൽ സ്കൂൾ, മലയിൻകീഴ്**

**നവമുകുളങ്ങൾ**

സ്കൂൾ പ്രവേശനോത്സവം വർണ്ണശബളമായി നടത്തി. 153 പുതിയ കുട്ടികൾ നമ്മുടെ സ്കൂളിൽ പുതിയതായി അഡ്മിഷനായി എത്തി.

**Say Yes to Life... Not to Drugs...**

ലഹരി വിരുദ്ധദിനം സജീവമായി ആചരിക്കപ്പെട്ടു. പോലീസ് ഡിപ്പാർട്ട്മെന്റിലെ Drugs Preventive Officer ഇബ്രാഹിം സർ കുട്ടികൾക്കും പേരന്റ്സിനും വെവ്വേറെ ക്ലാസ്സുകൾ നയിച്ചു.

**കലാസാഹിത്യ വേദി**

സ്കൂളിലെ കലാസാഹിത്യവേദിയുടെ ഉദ്ഘാടനം വിവിധ കലാ പരിപാടികളോടുകൂടി നടത്തപ്പെട്ടു. കേരളത്തിലെ തന്നെ അറിയപ്പെടുന്ന ഓടക്കുഴൽ വിദ്യനായ ശ്രീ. ഷാജി ഹരിമുരളി ആയിരുന്നു സമ്മേളനത്തിലെ അദ്ധ്യക്ഷൻ.

**കാർമ്മലിന്റെ ഈ വർഷത്തെ നിത്യവ്രതാർപ്പിതർക്ക് അഭിനന്ദനങ്ങൾ**



ബ്ര. അഖിൽ കാപ്പൻ



ബ്ര. ജിബിൻ ഇടശ്ശേരിൽ



ബ്ര. ജിത്തു തൊട്ടിയിൽ



ബ്ര. സനിത് വിച്ചാട്ട്



ബ്ര. സോബിൻ കിഴക്കയിൽ



DEEPTHI BHAVAN
**ADIMALI**

**പുതിയ അധ്യയനവർഷം**

പുതിയ അധ്യയനവർഷത്തിനു പരിശുദ്ധ കുർബാനയോടെ തുടക്കം കുറിച്ചു. അധ്യാപകരെല്ലാവരും തിരികൾ കത്തിച്ചു പിടിച്ചുകൊണ്ടു പുതിയവർഷത്തിലേക്കുള്ള പ്രതിജ്ഞാവാചകം ചൊല്ലി.

**വിദ്യാരംഭം**



ജൂൺ 6-ാം തീയതി എൽകെജി വിദ്യാർത്ഥികളുടെ വിദ്യാരംഭം നടത്തി. പ്രാത്ഥനാശുശ്രുഷയും എഴുത്തിനിരുത്തൽ കർമ്മവും ഉണ്ടായിരുന്നു. പരിപാടികൾക്ക് മാനേജർ, പ്രിൻസിപ്പൽ, വൈസ്പ്രിൻസിപ്പൽ, കിൻഡർ ഗാർഡൻ സംഘാടകർ എന്നിവർ നേതൃത്വം നൽകി.

**തിരഞ്ഞെടുപ്പും സ്ഥാനാരോഹണവും**

അടിമാലി വിശ്വദീപ്തി സ്കൂളിൽ സ്റ്റുഡന്റ് ക്യാബിനറ്റ് തിരഞ്ഞെടുപ്പും സ്ഥാനാരോഹണച്ചടങ്ങും നടന്നു. മാധ്യമ പ്രവർത്തക ശ്രീമതി നിഷ പുരുഷോത്തമൻ മുഖ്യാഥിതിയായിരുന്നു. പ്രിൻസിപ്പൽ റവ. ഡോ. ജിൽസൺ ജോൺ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും നിഷ




പുരുഷോത്തമൻ സ്ഥാന ചിഹ്നങ്ങൾ അണിയി ക്കുകയും ചെയ്തു. ഇടുക്കികാരിയായ താൻ ഇടുക്കിയിൽ ജനിച്ചു വളർന്നതിൽ അഭിമാനിക്കുന്നുവെന്നും ഇടുക്കിയിലെ പ്രശ്നങ്ങളോട് അനുഭാവമുണ്ട് എന്നും പറഞ്ഞ അവർ കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവരുടെ നില ഇപ്പോൾ എങ്ങനെയാണെന്ന് അറിയുവാൻ സർവ്വേ നടത്തണമെന്ന് വിദ്യാർത്ഥികളോട് ആവശ്യപ്പെടുകയും ചെയ്തു. ഫാ. സിജു പോൾ, ഹെഡ് ബോയ് ബെൻ ജോ ഷൈസ് എന്നിവർ പ്രസംഗിച്ചു.

**വണ്ടർലാ അവാർഡ്**

ഉർജ്ജസംരക്ഷണത്തിനും പരിസ്ഥിതി പോഷണത്തിനുമായി വണ്ടർലാ അമ്യൂസ്മെന്റ് പാർക്ക് ഏർപ്പെടുത്തിയിട്ടു ള്ള അവാർഡിനു വിശ്വ ദീപ്തി അർഹമായി. കേരളം, തമിഴ്നാട് എന്നീ സംസ്ഥന ങ്ങളിലെ 292 സ്കൂളുകളിൽ നിന്നാണ് വിശ്വദീപ്തി തിരഞ്ഞെടുക്കപ്പെട്ടത്. സ്കൂളിലുള്ള പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ കൂടാതെ ഇവിടെയുള്ള സൗരോർജ സംവിധാനവും മാലിന്യ നിർമാർജ്ജന സംവിധാനവും ഗോവെർഗ്യാസ് സംവിധാനവും അവാർഡ് നേടുന്നതിന് കാരണമായി.



**ദീപിക എഡ്യൂക്കേഷൻ എക്സല്ലൻസ് അവാർഡ്**

വിദ്യാഭ്യാസ രംഗത്ത് നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ കണക്കിലെടുത്ത് ദീപിക ദിനപത്രം ഏർപ്പെടുത്തിയിരിക്കുന്ന ഓൾ കേരള എഡ്യൂക്കേഷൻ



എക്സലൻസ് അവാർഡിനു ഫാ. ജിൽസൺ ജോൺ അർഹനായി. ഇലക്ട്രിക്സിറ്റി വകുപ്പ് മന്ത്രി ശ്രീ.എം എം മണിയിൽ നിന്നു അവാർഡ് ഏറ്റുവാങ്ങി.

**പരീക്ഷാഫലം**

സിബിഎസ് ഇ 10, 12 ക്ലാസ്സുകളിലെ ഫലം വന്നപ്പോൾ സ്കൂൾ ഉന്നത വിജയം നേടി. ജില്ലയിൽ ഏറ്റവും കൂടുതൽ A1 വിശ്വദീപ്തി കരസ്ഥമാക്കി.

**സ്റ്റാഫ് പരിശീലനപരിപാടി**

ഈ വർഷം നാലു ദിവസം നീണ്ടുനിന്ന പരിശീലന പരി പാടിക്ക് ശ്രീ. ജസ്റ്റിൻ തോമസ്, ഫാ. ജിൽസൺ ജോൺ, ജ്യോതി ദർശന ടീം, ശ്രീമതി ഫിലോമിന ജെയിംസ്, ശ്രീമതി സോണിയ ജോസഫ് എന്നിവർ നേതൃത്വം നൽകി. അക്കാഡമിക് പ്ളാനിങ് സെക്ഷൻ മുന്നാറിലെ വ്യൂ റിസോർട്ടിൽ വച്ചാണ് നടത്തി യത്.



**അവാർഡ് ദാനവും അധ്യാപക രക്ഷകർതൃ സമ്മേളനവും**

ഈ വർഷത്തെ അധ്യാപക രക്ഷകർതൃ സമ്മേളനവും സി. ബി. എസ്.ഇ.പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥി കൾക്കുള്ള അവാർഡ് ദാനവും ജൂലൈ 6-ാം തീയതി നടത്തപ്പെട്ടു. അങ്കമാലി എം.എൽ.എ ശ്രീ. റോജി ജോൺ, ശ്രീ. അനീഷ് രാജൻ ഐ.എ.എ സ്.എന്നിവർ മുഖ്യാതിഥികളായിരുന്നു.




**പച്ചക്കറി തോട്ടം**

വിദ്യാർത്ഥികളുടേയും വൈസ്പ്രിൻസിപ്പൽ സിജു പോൾ അച്ചന്റെയും നേതൃത്വത്തിൽ നടന്നുവരുന്ന പഴം പച്ചക്കറി കൃഷി നന്നായി പുരോഗമിക്കുന്നു. പലപ്പോഴും ഇവിടെനിന്നുള്ള കായ്

കനികളാണ് കറികൾക്ക്  ഉപയോഗിക്കുന്നത്.

### സോപാനം സാംസ്കാരിക കേന്ദ്രം

**ഫാമിലി കൗൺസിലിംഗ് സെന്റർ**

സ്കൂൾ കൗൺസിലിംഗ്, പി.റ്റി.എ ക്ലാസ്സുകൾ എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് രണ്ട് കൗൺസിലർമാർ പ്രവർത്തിക്കുന്നു. ഇത് സെൻട്രൽ ഗവൺമെന്റിന്റെ ഒരു പ്രൊജക്ടാണ്.

**സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ**

ഗാർഹിക പീഢനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണം നല്കുന്ന ഓർഡർ കോടതിയിൽ നിന്നും വാങ്ങി നല്കുന്ന കേരള സർക്കാരിന്റെ ഒരു പ്രൊജക്ട് നമ്മൾ നടത്തുന്നുണ്ട്.  ധാരാളം പേർ ഈ സേവനം ഉപയോഗപ്പെടുത്തുന്നു.

**പ്ലേ സ്കൂൾ**

നമ്മുടെ പ്ലേ സ്കൂൾ നന്നായി പോകുന്നു. മറ്റ് പ്ലേ സ്കൂളുകളെ അപേക്ഷിച്ച് നമ്മുടെ സ്കൂൾ വളരെ വൃത്തിയും വെടിപ്പുമുള്ളതാണ്.

**ഹോട്ടൽ മാനേജ്മെന്റ് കോഴ്സ്**

ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന്റെ ആദ്യബാച്ച് 6 മാസത്തെ പരിശീലനത്തിനായി കേരളത്തിന് പുറത്ത് നാഗ്പൂർ എന്ന സ്ഥലത്ത് പരിശീലനം നടത്തി വരുന്നു.

25 പേർ അടങ്ങുന്ന രണ്ടാം ബാച്ച്  പഠനവും ജോലിയുമായി മൂന്നാർ റിസോർട്ടുകളിൽ പരിശീലനം നടത്തുന്നു.

**സീനിയർ സിറ്റിസൺ സർവ്വീസ് കൗൺസിൽ**

500 പേർ അടങ്ങുന്ന ജില്ലാ അടിസ്ഥാനത്തിലുള്ള സീനിയർ സിറ്റിസൺ സർവ്വീസ് കൗൺസിൽ നമ്മുടെ സെന്ററിൽ പ്രവർത്തിച്ചുവരുന്നു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

എല്ലാ മാസവും അവസാന ഞായറാഴ്ച നമ്മുടെ സെന്ററിൽ കഴിഞ്ഞ 22 വർഷമായി സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തിവരുന്നു. തൃപ്പുണിത്തുറ ഹോമിയോ കോളേജ് പ്രൊഫസർ ഡോ. വിജയൻ സൗജന്യമായി സേവനം ചെയ്യുന്നു.




**കാൽവരി സ്കൂളുകൾ പുതിയ ഭാവത്തിൽ**

കാൽവരി സ്കൂളുകൾ എല്ലാം ടൈൽസിട്ട് വൃത്തിയാക്കി. ഹൈസ്കൂളിന്റെ മെയിൻഹാൾ സീലിംഗ് ചെയ്ത് മനോഹരമാക്കി.

**കാൽവരി യു.പി സ്കൂളിനും എൽ.പി.സ്കൂളിനും പുതിയ സാരഥികൾ**

കാൽവരി യു.പി. സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സായി സി.ജൂബി സി.എം.സി.യും എൽ.പി. സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സായി ശ്രീമതി മേരിക്കുട്ടി പി.ജെ.യും ചാർജ്ജെടുത്തു.

സ്കൂളിലെ അച്ചന്മാരുടെയും അധ്യാപകരുടെയും നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി മൂന്നു സ്കൂളുകളിലുമായി നൂറിലധികം കുട്ടികൾ പുതിയതായി ചേർന്നു. ഹൈസ്കൂളിൽ ഒരു പുതിയ ഡിവിഷനും ആരംഭിച്ചു.

**യാത്രയയ്പ്പ്**

കാൽവരി യു.പി. സ്കൂളിൽ ദീർഘനാൾ ജോലി ചെയ്ത ശ്രീ. ജോണി സാറും എൽ.പി. സ്കൂളിൽ ദീർഘനാൾ ജോലി ചെയ്ത ശ്രീ. തോമസ് എം.ടി. സാറും ജോലിയിൽ നിന്ന് വിരമിച്ചു. അവർക്ക് സമുചിതമായ യാത്രയയ്പ്പു നൽകി.

**ഇടവക**

ഇടവകയിൽ 27 യൂണിറ്റുകളുടെയും വാർഷികം ആഘോഷമായി നടത്തി.

കാൽവരി മൗണ്ട് സൺഡേ സ്കൂൾ തുടർച്ചയായി 8-ാം വർഷവും രൂപതയിൽ എ+ ഗ്രേഡ് നേടിയിരിക്കുന്നു.

**ജലസമൃദ്ധി**

ഇടവകയുടെ ആവശ്യത്തിനായി ഒരു കുഴൽ കിണർ കുത്തി ധാരാളം വെള്ളം ലഭിച്ചു. ദൈവത്തിനു നന്ദി.

**സംഘടനകൾ**

എ.കെ.സി.സി., വിൻസെന്റ് ഡി പോൾ, കെ.സി.വൈ.എം., അൾത്താരബാലസഖ്യം മുതലായ സംഘടനകൾ ഭംഗിയായി നടക്കുന്നു.

**ഇടവകദിനം**

ഈ വർഷം ഇടവകദിനവും ഭക്തസംഘടനകളുടെയും സൺഡേ സ്കൂളിന്റേയും വാർഷികവും സംയുക്തമായി ആഘോഷിച്ചു. സ്നേഹ വിരുന്ന് ആഘോഷങ്ങളെ മനോഹരമാക്കി.

**കുരിശുമല കയറ്റം**

കാൽവരി മൗണ്ട് കുരിശുമല കയറ്റം ഈ വർഷം പൂർവ്വാധികം ഭംഗിയായി നടത്തി. നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും മലകയറ്റം ഉണ്ടായിരുന്നു.

**ഗോഗ്രീൻ**


ഗോഗ്രീൻ പദ്ധതിയുടെ ഭാഗമായി ആശ്രമത്തോടനുബന്ധിച്ച് വിവിധ തരത്തിലുള്ള പഴച്ചെടികൾ നട്ടു.

ജോബിനച്ചന്റെ നേതൃത്വത്തിൽ പച്ചക്കറി, ഏത്തവാഴ മുതലായവ കൃഷി ചെയ്യുന്നു. വിനീതച്ചന്റെ നേതൃത്വത്തിൽ ഹൈസ്കൂളിലും, ബിനോയി അച്ചന്റെ നേതൃത്വത്തിൽ യു.പി. സ്കൂളിലും പച്ചക്കറി തോട്ടവും പൂന്തോട്ടവും ഉഷാറായി വളർന്നു പന്തലിക്കുന്നു.



പൂനെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിന് U.N.C അംഗീകാരം നേടിയെടുത്ത ജോസി പുലക്കുടിയിൽ അച്ചന് അഭിനന്ദനങ്ങൾ.

## പ്രവിശ്യയുടെ രജതജൂബിലിയോടനുബന്ധിച്ച് പാസ്റ്ററൽ ഡിപ്പാർട്ടുമെന്റിൽ നിന്നും പുറത്തിറങ്ങിയ മൂന്നു പുസ്തകങ്ങൾ











**വർഷാരംഭം & ന്യൂ കമേഴ്സ് ഡേ**



പുതിയ അധ്യയനവർഷത്തിനു ജൂൺ 6-ാം തീയതി തുടക്കം കുറിച്ചു. പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി കുരുന്നുകൾ കർമ്മലഗിരിയുടെ അക്ഷരമുറ്റത്തെ വർണ്ണാഭമാക്കി. ജൂൺ 6-ന് നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ ഫാ. ഷൈൻ മാതേക്കൽ തിരി തെളിച്ചു ഉദ്ഘാടനം നിർവഹിച്ചു. പുതുതായി സ്കൂളിലേക്ക് ചേർന്ന കുട്ടികളെ പുഷ്പങ്ങൾ നൽകി എതിരേറ്റു.

**കർമ്മലഗിരി ഹോസ്റ്റൽ ചരിത്ര നിമിഷത്തിലേക്ക്**

കർമ്മലഗിരി ഹോസ്റ്റൽ ജൂബിലിയുടെ നിറവിൽ, ഇന്ത്യയ്ക്ക്, അകത്തു നിന്നും പുറത്തു നിന്നുമുള്ള അനേകം കുട്ടികൾ, നമ്മുടെ ഹോസ്റ്റലിന്റെ കാര്യക്ഷമതയുടെ ഉദാഹരണങ്ങളാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ



നടത്തുന്ന ഹോസ്റ്റലുകൾ സി.എം.ഐ. നേതൃത്വത്തിന്റെ കറ തീർന്ന പ്രതീകങ്ങളാണ്.

**സ്മാർട്ട് വേൾഡ് സ്മാർട്ട് സ്കൂൾ**

അത്യാധുനിക സാങ്കേതിക വിദ്യകളെ സമന്വയിപ്പിച്ചു പഠനപാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ അഗ്രഗണ്യരാക്കുന്നതിൽ കർമ്മലഗിരി ഒരുപടി മുന്നിലാണ്. മാർക്കറ്റിൽ ലഭ്യമായ ഏറ്റവും അത്യാധുനിക സാങ്കേതി വിദ്യകൾ ഹൈസ്കൂൾ ഹയർ സെക്കന്ററി ക്ലാസ്സുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയെ ഉന്നത നിലവാരത്തിൽ നിലനിർത്താൻ കർമ്മലഗിരി എന്നും പ്രതിജ്ഞാബദ്ധമാണ്.

**വിദ്യാരംഭം**

കുഞ്ഞികുരുന്നുകളെ അക്ഷരമുറ്റത്തേക്ക് കൈപിടിച്ച് കയറ്റുന്ന മഹനീയമായ കർമ്മത്തിന് കർമ്മലഗിരി ജൂൺ 10 ന് സാക്ഷിയായി. റവ. ഫാ. ഷൈൻ മാതേയ്ക്കൽ, റവ. ഫാ. സണ്ണി മുണ്ടുനടയിൽ എന്നിവർ സന്നിഹിതരായിരുന്നു.





**CBSE Affiliation**

കർമ്മലഗിരി സ്കൂളിൽ ജൂൺ 13-ന് CBSE central ഇൻസ്പെക്ഷൻ നടന്നു. സ്കൂളിനെയും അതിന്റെ പ്രവർത്തനത്തെയും ഇൻസ്പെക്ഷനു വന്നവർ വളരെ നല്ലതെന്നു വിലയിരുത്തി. Green Heritage പദവിയുള്ള ഇടുക്കി മേഖലയിലെ ഏക സ്കൂളായ കർമ്മലഗിരി Go Green പ്രവർത്തനങ്ങളോട് കാണിക്കുന്ന ആഭിമുഖ്യത്തെയും പ്രകൃതിയോട് സല്ലപിക്കാൻ കുട്ടികൾക്ക് കൊടുക്കുന്ന പ്രോത്സാഹനത്തെയും പ്രകീർത്തിച്ചു. സ്കൂൾ vegetable Garden, live stock gallery etc. ഉന്നതനിലവാരത്തിലുള്ളതെന്ന് ഇൻസ്പെക്ഷന് വന്ന അസ്സീസി VPS സ്കൂൾ പ്രിൻസിപ്പൾ ശ്രീ. ജോയിസ് ജോബ് വിലയിരുത്തി.

## സർഗ്ഗാത്മകതയുടെ സർഗ്ഗവേദി

കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന സ്കൂളിലെ LCA, ECA സംഘടനകളുടെ ഔപചാരിക ഉദ്ഘാടനം കഞ്ഞിക്കുഴി ഹോളി ഫാമിലി സ്കൂൾ പ്രിൻസിപ്പൾ ശ്രീ. ജോസ് പുരയിടം നിർവഹിച്ചു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വൈവിദ്യമാർന്ന കലാപരിപാടികൾ അരങ്ങേറി. അതെ ദിവസം തന്നെ ഫാ. ഷൈൻ മാതേയ്ക്കലിന്റെ സ്വർഗ്ഗീയ മധ്യസ്ഥന്റെ തിരുനാൾ പ്രിൻസിപ്പൽ ഡേ ആയി സാഘോഷം കൊണ്ടാടി.














## കൊരണ്ടക്കാടൻ വിളകൾ






**കാർമ്മൽ നവസന്യാസ ഭവനം, നേര്യമംഗലം**

പ്രളയ കെടുതിക്കുശേഷം നവസന്യാസഭവനം തന്റെ പൂർവ്വ പ്രൗഢിയിലേക്ക് കര കയറി. കൊച്ചച്ചൻ ബഹു. ബിജു കൂട്ടപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ മണ്ണും മനുഷ്യനും ഒരുപോലെ മുന്നോട്ട് കുതിക്കുന്നു. കുട്ടികൾക്ക് നല്ലൊരദ്ധ്യാപകനായും ആത്മീയമിത്രമായും കൂടാതെ തേനീച്ചകളുടെ സ്വരം തിരിച്ചറിയുന്ന നല്ലൊരു തേനീച്ച കർഷകനായും ബഹു. ബാസ്റ്റിനച്ചൻ ആശ്രമത്തിന്റെ നെടും തൂണുകളിൽ ഒന്നായി വർത്തിക്കുന്നു. കാലചക്രങ്ങൾ പലവുരു തിരിഞ്ഞിട്ടും ജോർജ്ജച്ചനിലെ തീക്ഷ്ണത വറ്റാത്ത ഇംഗ്ലീഷ് ടീച്ചർ ഇന്നും ജ്വലിച്ചു കൊണ്ടിരിക്കുന്നു.



ഒപ്പം അച്ചന്റെ തണലിൽ ആശ്രമത്തിലെ കൃഷികളും യുവത്വത്തിന്റെ പ്രസരിപ്പിൽ ബിന്റോ അച്ചനും ആശ്രമത്തിൽ നിറഞ്ഞുനില്ക്കുന്നു.

**വേരിപിരിയുന്നു നാം വേർപാടിൻ വേദനകൾ പങ്കുവച്ച്**

2017-19 വർഷത്തെ പരിശീലനം പൂർത്തിയാക്കി 19 ശെമ്മാശന്മാർ തുടർപരിശീലനത്തിനായി യാത്രയായി. 7 പേർ വാർദ്ധക്കും 12 പേർ ധർമ്മാരാം കോളേജിലേക്കും തത്വശാസ്ത്രപഠനത്തിനായി വിടചൊല്ലി. എല്ലാ മംഗളങ്ങളും നേരുന്നു.

**പുതിയൊരു പാഠം പഠിക്കാൻ**

ഈ വർഷം നവസന്യാസത്തിനായി എത്തിയിരിക്കുന്നത് 21 യോഗാർത്ഥികളാണ്. 10 പേർ കാർമ്മൽ പ്രോവിൻസിൽ നിന്നും 6 പേർ തിരുഹൃദയ പ്രോവിൻസിൽ നിന്നും 4 പേർ ഛാന്ദാ പ്രോവിൻസിൽ നിന്നും ഒരാൾ ഹൈദരാബാദ് പ്രോവിൻസിൽ നിന്നുമാണ്. സെപ്റ്റംബർ 8-ാം തീയതി നവസന്യാസപ്രവേശനത്തിന് ഒരുക്കമായുള്ള ധ്യാനം നയിച്ചത് റവ. ഫാ. ജിൽറ്റോ പുൽപ്പാറ സി.എം.ഐ. അച്ചനാണ്.

**കർമ്മലമാതാവിന്റെ തിരുനാൾ**

ജൂലൈ 16 കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. ഈ ഫൊറോനയിലെ വൈദികരും ആശ്രമത്തോട് ചേർന്നുള്ള സിസ്റ്റേഴ്സും ഉച്ചഭക്ഷണത്തിന് എത്തിയിരുന്നു. ആഘോഷ മായ ദിവ്യബലിയും സന്ദേശവും ആശ്രമത്തെ കർമ്മലചൈതന്യത്തിൽ നിറച്ചു.






JYOTHI NIVAS
**THODUPUZHA**

**ജ്യോതി നിവാസ് ആശ്രമം, തൊടുപുഴ**

ജ്യോതി സൂപ്പർ ബസാർ കേന്ദ്രമാക്കിയുള്ള തൊടുപുഴയിലെ വലിയൊരു ആത്മീയ സിരാകേന്ദ്രമായി മാറിയിരിക്കുകയാണ് ജ്യോതി നിവാസ്. കുമ്പസാര ശുശ്രൂഷയ്ക്ക് ഇതിനോടകം വലിയൊരു അനുഗ്രഹമായി മാറിയിരിക്കുകയാണ് നമ്മുടെ ആശ്രമം. ജ്യോതിനിവാസ് ചാപ്പലിൽ കുമ്പസാരിക്കുവാൻ വരുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുകയാണ്. യുവതീയുവാക്കന്മാർ ധാരാളം കുമ്പസാരിക്കുവാൻ വരുന്നു എന്നുള്ളത് വളരെയധികം പ്രശംസനീയമായ കാര്യമാണ്. ബഹു. ഫ്രാൻസീസ് കുടിയിരിക്കലച്ചനും ബഹു. ആന്റണി തുലാമറ്റത്തിലച്ചനുമാണ് പ്രധാനമായും കുമ്പസാര ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നത്.

ബഹു. കുര്യൻ പുത്തൻപുരയ്ക്കലച്ചനും ബഹു. ഷിന്റോ കോലത്തുപടവിലച്ചനും ബഹു. സൈമൺ പഴംമ്പിള്ളിയച്ചനും അവരുടെ ഒഴിവുസമയങ്ങളിൽ കുമ്പസാരത്തിന് സഹായിക്കുന്നു. ശനിയാഴ്ച ദിവസങ്ങളിൽ രാവിലെ മുതൽ വൈകിട്ട് 5.30 വരെ ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും പതിവായി നടത്തിവരുന്നു. ധാരാളം സിസ്റ്റേഴ്സും അച്ചന്മാരും അത്മായരും ആരാധനയിലും കുമ്പസാരത്തിലും പങ്കെടുക്കുന്നു. അഞ്ച് അംഗങ്ങളുള്ള ജ്യോതിനിവാസ് ആശ്രമത്തിലെ അജപാലനശുശ്രൂഷയും മതസംസ്ക്കാരിക പ്രവർത്തനങ്ങളും നാദോപസനയും ഭംഗിയായ രീതിയിൽ പോകുന്നു.

**ജനതാ ബുക്ക് സ്റ്റാൾ**

ബഹു. സുപ്പീരിയറച്ചൻ ആന്റണി തുലാമറ്റത്തിലിന്റെ നേതൃത്വത്തിൽ ജന

താബുക്ക് സ്റ്റാൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പുരോഗമിക്കുന്നു. ജനതാ ബുക്ക് സ്റ്റാളിൽ വലിയ ഓസ്തിയും ചെറിയ ഓസ്തിയും വില്ക്കപ്പെടുന്നു. കൂടാതെ ഓസ്തി കട്ടിംങ്ങിസും വില്ക്കുന്നുണ്ട്. നമ്മുടെ പല ആശ്രമങ്ങളിലേക്കും ജനതാ ബുക്ക് സ്റ്റാളിൽ നിന്നുമാണ് ഓസ്തികൾ വാങ്ങുന്നത്.

**നാദോപാസന**

1986 ജൂലൈ 16-ാം തീയതി വാഴക്കുളം കർമ്മല ആശ്രമദൈവാലയത്തിൽ കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ 70 ഗായകർ ചേർന്ന് ആലപിച്ച ചർച്ച് ക്വയറിലൂടെ ജന്മം കൊണ്ട നാദോപാസന ഇന്ന് സംഗീതരംഗത്ത് 33 വയസ്സ് പൂർത്തിയാക്കി യാത്ര തുടരുന്നു.

1987 മുതൽ നടന്നുവരുന്ന റെഗുലർ ക്ലാസ്സുകൾക്ക് പുറമേ കുട്ടികളിലുള്ള സംഗീതവാസന തിരിച്ചറിയുന്നതിനും വളർത്തുന്നതിനുമായി എല്ലാവർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രത്യേക ശ്രദ്ധയോടെ അവധിക്കാല സംഗീത ക്ലാസ്സുകൾ നടത്തുന്നുണ്ട്. London Royal School of Music ന്റെ Syllabus പ്രകാരം ഉപകരണ സംഗീതത്തിൽ grade നേടുന്നതിനുള്ള പ്രത്യേകപരിശീലനവും നാദോപാസനയിൽ നടന്നുവരുന്നു. ശാസ്ത്രീയ സംഗീതം, പിയാനോ, ഓർഗൺ, വയലിൻ, ഗിറ്റാർ, തബല, ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം തുടങ്ങിയ സംഗീത നൃത്തവിഷയങ്ങൾ ഇവിടെ പഠിപ്പിക്കുന്നുണ്ട്. ഈ വർഷം 115 ഓളം പുതിയ അഡ്മിഷനുകൾ ലഭിച്ചു. 225 ഓളം കുട്ടികൾ ഇപ്പോൾ ഈ കലാലയത്തിൽ പരിശീലനം നേടുന്നുണ്ട്. ഇതിനോടകം 6435 പേരാണ് നാദോപാസനയിൽ നിന്നും വിവിധ സംഗീതവിഷയങ്ങൾക്ക് പരിശീലനം കഴിഞ്ഞവരും ഇപ്പോൾ പഠിക്കുന്നവരുമായിട്ടുള്ളത്.

ദൈവജനത്തെ ദൈവാനുഭവത്തിലേക്ക് നയിക്കുന്ന രീതിയിൽ ദിവ്യബലി ഗീതങ്ങളാലപിക്കുന്നതിനും അതിന് സഹായകമാകുന്ന വിധത്തിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിനു പരിശീലനവും നല്കിവരുന്നു. തിരുന്നാളുകൾ, വിവാഹം, തിരുപ്പട്ടസ്വീകരണം, ആദ്യകുർബാനസ്വീകരണം, വ്രതാനുഷ്ഠാനം, ജൂബിലി തുടങ്ങിയ തിരുക്കർമ്മങ്ങൾ മനോഹരവും ദൈവാനുഭവ യോഗ്യവുമാക്കിത്തീർക്കുന്നതിന് അച്ചടക്കത്തോടും പ്രാർത്ഥനാനുഭവത്തോടും കൂടിയ നാദോപാസന ഗായകസംഘത്തിന്റെ സേവനം ലഭ്യമാണ്. കൂടാതെ ഭക്തിഗാനമേളയും നടത്തിവരുന്നു.

ഈ വർഷം 3 സ്കൂളുകളിൽ സംഗീതപരിശീലനക്ലാസ്സുകൾ നടത്തുന്നുണ്ട്. ഈ വർഷം 30 ഓളം നൃത്ത വിദ്യാർത്ഥിനികൾ അരങ്ങേറ്റത്തിനായി ഒരുങ്ങുന്നു. “ആരാധനയ്ക്കായ്, മധുരോർമ്മ, മിശിഹായുടെ

കുരിശ്" തുടങ്ങിയ സംഗീത ആൽബങ്ങളിൽ ബഹു. ആന്റണി ഉരുളിയാനിക്കലച്ചൻ, കുര്യൻ പുത്തൻപുരയ്ക്കലച്ചൻ, റോയി കണ്ണൻചിറയിലച്ചൻ, റോബി കണ്ണൻചിറയിലച്ചൻ തുടങ്ങിയവർ രചനയും സംഗീതവും നല്കിയിട്ടുണ്ട്.

## Upasana Cultural Centre

ഇന്ത്യയുടെ മതേതരസ്വഭാവവും സംസ്കാരവും ഉൾകൊണ്ടുകൊണ്ട് സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഉപാസന-മത-സാംസ്കാരിക കേന്ദ്രം ശ്രമിച്ചുവരുന്നു. എല്ലാവരേയും ഉൾക്കൊള്ളാനും ബഹുമാനിക്കാനും ആദരിക്കാനും പരസ്പരം ആശയങ്ങളെ സംവേദനം ചെയ്യുവാനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾക്ക് ഉപാസനനേതൃത്വം നൽകുന്നുണ്ട്. ഓണം, ക്രിസ്തുമസ്, ഇഫ്താർ തുടങ്ങിയ ആഘോഷ ങ്ങൾ ഉപാസനയെ സംബന്ധിച്ച് മതസാംസ്കാരിക സംഗമ വേദികളാണ്. സ്ത്രീശാക്തീകരണം ഉന്നം വച്ചുള്ള 'വനിതാവേദി', സാഹിത്യ-സാംസ്കാരിക കൂട്ടായ്മയായ 'കാവ്യകഥാവേദി', 'യുവജന വേദി', 'ബാലവേദി' ഇവയെല്ലാം വളരെ സജീവമായി പ്രവർത്തിക്കുന്നു.

**അടുത്തിടെ ഉപാസനയിൽ വച്ച് നടത്തപ്പെട്ട ശ്രദ്ധേയമായ പ്രോഗ്രാമുകൾ :**

1. **അഖില കേരള ചാവറ ക്വിസ്.**
2. **ഫാദർ ആൽബർട്ട് നമ്പ്യാപറമ്പിൽ CMI അനുസ്മരണം.**
3. **ബാലോപാസനസമ്മർ ക്യാമ്പ്.**
4. **ഇഫ്താർ പാർട്ടി.**
5. **കുമ്പസാരക്കാരൻ കുര്യാക്കോസച്ചന്റെ 80-ാം ജന്മദിനാഘോഷ സമ്മേളനവും ഫാ. ആന്റണി ഉരുളിയാനിക്കൽ അച്ചനെആദരിക്കലും..**
6. **ക്രിസ്തുമസ് പുതുവത്സര ആഘോഷവും എക്യൂമെനിക്കൽ കരോൾ ഗാനമത്സരവും.**

   ഉപാസനയുടെ നേതൃത്വത്തിൽ നടത്തിയ ക്രിസ്തുമസ് പുതുവത്സര ആഘോഷത്തിൽ റവ. ഡോ.സിജൻ പോൾ ഊന്നുകല്ലേൽ CMI മുഖ്യ അതിഥി ആയിരുന്നു. ആഘോഷത്തോടനുബന്ധിച്ച് എക്യൂമെനിക്കൽ കരോൾ ഗാനമത്സരവും നടത്തി.

7. **ലോകവനിതാദിനം.**

ലോക വനിതാദിനത്തോടനുബന്ധിച്ച് ഉപാസന വനിതാവേദിയുടെ ആഭിമുഖ്യത്തിൽ ന്യൂമാൻ കോളേജുമായി സഹകരിച്ച് 'വനിതാദിനം' ആചരിച്ചു. ഇതിന്റെ ഭാഗമായി വനിതകൾക്ക് പ്രസംഗ മത്സരവും ക്വിസ് മത്സരവും നടത്തി. പ്രൊഫ. ഷീല സ്റ്റീഫൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**8. സ്വാതന്ത്ര്യദിനാഘോഷം.**

ഉപാസനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്വാതന്ത്ര്യദിനാഘോഷത്തിൽ മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. ജെസി ആന്റണി മുഖ്യാതിഥി ആയിരുന്നു.

**9. രാമായണ മാസാചരണം**

രാമായണ മാസാചരണത്തിന്റെ ഭാഗമായി പ്രഭാഷണവും രാമായണ പാരായണവും നടത്തി.

ശ്രീ.വി.കെ.സുധാകരൻ ഉദ്ഘാടനം ചെയ്തു.

**10. അൾത്താര ബാലന്മാർക്കായുള്ള പരിശീലന ശില്പശാല**



മതസൗഹാർദ്ദത്തിന്റെ പ്രവാചകൻ Rev. Fr. ആൽബർട്ട് നമ്പ്യാപറമ്പിൽ അനുസ്മരണവും മതാനന്തരസംവാദവും
മുൻമന്ത്രി ശ്രീ.പി.ജെ.ജോസഫ് MLA ഉദ്ഘാടനം ചെയ്തു.



മുസ്ലീം സഹോദരങ്ങളുടെ നോമ്പ് തുറക്കലിന്റെ ഭാഗമായി ഇഫ്താർ സംഗമം ഒരുക്കി





'കുമ്പസാരക്കാരൻ കുര്യാക്കോസച്ചന്റെ 80-ാം ജന്മദിനാഘോഷവും ഫാ. ആന്റണി ഉരുളിയാനിക്കൽ അച്ചനെ ആദരിക്കലും'
നിരവധി വൈദികരുടേയും സിസ്റ്റേഴ്സിന്റേയും ആത്മായരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു.

## കാർമൽ ഇന്റർനാഷണൽ ലാംഗ്വേജ് സോൺ

### OET സെന്റർ ആരംഭിച്ചു

ഡോക്ടേഴ്സ്, നേഴ്സസ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നിങ്ങനെ ആരോഗ്യ പരിപാലനമേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണ ലിസ്റ്റിന് (Health professionals) വികസിത രാജ്യങ്ങളിൽ ജോലി ലഭിക്കണമെങ്കിൽ IELTS ന് പകരം പഠിക്കാവുന്ന പാഠ്യപദ്ധതിയാണ് OET എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന Occupational English Test. നമ്മുടെ മൂവാറ്റുപുഴയിലുള്ള IELTS ന്റെ Annexure OET Centre ആരംഭിച്ചു.

15 ഓളം വിദ്യാർത്ഥികൾ ഇവിടെ പരിശീലനം നേടുന്നുണ്ട്.

### സ്ക്കൂൾ അദ്ധ്യാപകർക്കും IELTS പരിശീലനം

നമ്മുടെ ഗിരിജ്യോതി സ്കൂളിലും (വാഴത്തോപ്പ്), കർമലഗിരി (മൂന്നാർ) സ്ക്കൂളിലും നമ്മുടെ ഭാഷാപഠനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ അവധിക്കാല IELTS ( സ്പീക്കിങ്ങ്) പരിശീലനം നടത്തി. കൊടുവേലി സാൻജോ അദ്ധ്യാപകർ ഉൾപ്പെടെയുള്ള വിവിധ സ്ക്കൂളുകളിലെ അദ്ധ്യാപകർ അവധിക്കാലത്ത് നമ്മുടെ സെന്ററിൽ ഭാഷാ പരിശീലനത്തിനായെത്തി. അതിനു പുറമേ വാഴക്കുളത്തെ സെമിനാരി വിദ്യാർത്ഥികളും അവധിക്കാലത്ത് ഇവിടെ ഇംഗ്ലീഷ് പഠനം നടത്തിയിരുന്നു.

### സുസജ്ജമായ OET പഠനശാല

ഏതാണ്ട് ആയിരത്തോളം സ്ക്വയർഫീറ്റിലാണ് OET ഭാഷാ പഠനകേന്ദ്രം സുസജ്ജമാക്കിയിരിക്കുന്നത്

### French ആരംഭിച്ചു

German ഭാഷയ്ക്ക് പുറമേ ഫ്രഞ്ച് ഭാഷാ പരിശീലനവും ഈ അദ്ധ്യയനവർഷത്തിൽ ആരംഭിച്ചിട്ടുണ്ട്

### അവാർഡ്

കാർമ്മലിന് വെള്ളിത്തിളക്കം. ബ്രിട്ടീഷ് കൗൺസിലിന്റെയും IDP ഓസ്ട്രേലിയയുടെയും സിൽവർ മെമ്പർ എന്ന ബഹുമതി കാർമൽ കരസ്ഥമാക്കി.



PERPETUAL SUCCOUR

# VAZHITHALA

**ജൂബിലി ആഘോഷം ശാന്തിഗിരി കുടുംബത്തിൽ**

ബഹുമാനപ്പെട്ട പ്രൊവിൻഷ്യലച്ചന്റെ വ്രതാർപ്പണത്തിന്റെ 50-ാം വാർഷികവും മാത്യു മഞ്ഞക്കുന്നേലച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 25-ാം വാർഷികവും സംയുക്തമായി ശാന്തിഗിരി കുടുംബത്തോടൊപ്പം ആഘോഷിച്ചു. ശാന്തിഗിരി റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ കുട്ടികളുടെ വിവിധ കലാപരിപാടികൾ ജൂബിലി ആഘോഷത്തിന് നിറം കൂട്ടി.

**അമൽ ബ്രദർ ശാന്തിഗിരിയിലേക്ക്**

ഡിഗ്രി പഠനത്തിന്റെ അവസാനവർഷം പൂർത്തിയാക്കുവാനായി അമൽ ബ്രദർ ശാന്തിഗിരിയിലെത്തി. രണ്ടു ശെമ്മാശ്ശന്മാരുടെ സാന്നിദ്ധ്യം ഇപ്പോൾ ശാന്തിഗിരിയെ ഊർജ്ജസ്വലമാക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ബസ് യാത്ര ചെയ്തു വന്നു പഠിച്ചിരുന്ന അമൽ ബ്രദറിന് പഠനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്താൻ ഈ മാറ്റം സഹായമായി.

**പുതിയ കൂട്ടുകാർ വന്നു**

ശാന്തിഗിരി റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂഷൻ സെന്ററിലേക്ക് ഈ വർഷം പഠനത്തിനായി 5 കൂട്ടുകാർ വന്നു. +2 പഠനത്തിനായി ഒരാളും, ബി.സി.എ. പഠിക്കുന്നതിനായി 4 പേരും ആണ് വന്നെത്തിയത്. കളിയും ചിരിയും പഠനവും പ്രവർത്തനങ്ങളുമായി അവർ ഒറ്റ കെട്ടാണ്.

**ഇടവക സമൂഹം**

നമ്മുടെ ദിവ്യകാരുണ്യ സമൂഹം വളരെ സജീവമാണ്. ആദ്യവെ

ള്ളിയാഴ്ചയിലെ ആരാധനയിലും ഞായറാഴ്ചകളിലെ രണ്ടു കുർബാന യിലും ഇടദിവസങ്ങളിലെ ബലിയർപ്പണത്തിലും കുട്ടികളുടെയും മുതിർന്നവരുടെ പങ്കാളിത്തം സജീവമാണ്.

**പഴത്തോട്ടവും ജാതിത്തോട്ടവും**

പുതിയ പഴത്തോട്ടവും ജാതിത്തോട്ടവും നമ്മുടെ കൃഷിയിടത്തെ മനോഹരമാക്കുന്നു. പലതരത്തിലുള്ള ഫല വൃക്ഷങ്ങളാൽ സമ്പൽസമൃദ്ധമാണ് തോട്ടങ്ങൾ.

**പുതുവർഷം വന്നു കോളേജ് ഉണർന്നു**

പുതിയ അക്കാദമിക്ക് ഇയർ തുടങ്ങിയതോടെ കോളേജ് വീണ്ടും അവധിയുടെ ആലസ്യത്തിൽ നിന്ന് ഉണർന്നു. മാനേജർ മാത്യു കളപ്പുരയച്ചന്റെ നേതൃത്വത്തിൽ പ്രിൻസിപ്പൽ ബോബിയച്ചനും വൈസ് പ്രിൻസിപ്പൽ ജിൻസച്ചനും കോളേജിനെ പുതുമയിലേക്കും വിജയത്തിലേക്കും നയിക്കുന്നു. കോളേജിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പ്ലെയിസ്മെന്റോടെയാണ് വിടപറയുന്നത്.

**കോളേജിലെ വാർത്തകൾ**

ശാന്തിഗിരി കോളേജിലെ പുതിയ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണികൾ പുരോഗമിക്കുന്നു. കോളേജിന്റെ മുൻവശത്തു വരുത്തിയ സുന്ദരമായ മാറ്റങ്ങളോടൊപ്പം ഇൻഡോർ സ്റ്റേഡിയത്തിന്റെ സാന്നിദ്ധ്യവും കോളേജ് ക്യാമ്പസിനെ കൂടുതൽ സുന്ദരമാക്കുന്നു.

പുറംമോടിയോടൊപ്പം കോളേജിനുള്ളിൽ നടക്കുന്ന ഇന്റർനാഷണൽ സെമിനാറുകളും പ്ലെയിസ്മെന്റ് ഡ്രൈവുകളും കോളേജിന്റെ യശസ് വാനോളം ഉയർത്തുന്നുണ്ട്. നമ്മുടെ കോളേജ് പുതുതായി തുടങ്ങിയ ശാന്തിസ്മാർട്ട് നമ്മുടെ കോളേജിലെയും മറ്റു കോളേജിലെയും കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനും ക്യാമ്പസ് റെക്രൂട്ട്മെന്റിൽ കൂടുതൽ കുട്ടികൾ പ്ലെയിസ്ഡ് ആകുന്നതിനും സഹായകമാകുന്നു. നൂതന ആശയങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുന്നതോടൊപ്പം അത് നടപ്പിലാക്കാനുള്ള എല്ലാ സാഹചര്യങ്ങളും നമ്മുടെ മാനേജ്മെന്റ് ഒരുക്കുന്നു. കുട്ടികളിൽ പാഠ്യപാഠ്യേതരപ്രവർത്തനങ്ങൾ കൂടുതൽ ആവേശവും താൽപര്യവും ജനിപ്പിക്കുന്നുണ്ട്.

**Graduation Ceremony**

നമ്മുടെ കലാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കി പോകുന്നവർക്കായി ആദ്യമായി ഈ വർഷം വർണ്ണാഭമായ രീതിയിൽ Graduation Ceremony നടത്തി. 300 ഓളം കുട്ടികൾ അവരുടെ മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ തങ്ങളുടെ ഡിഗ്രി, പി.ജി.സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി.

ഡിഗ്രി 3-ാം വർഷത്തെ പ്രതിനിധികരിച്ച് ബ്രദർ അമലും രണ്ടാം വർഷത്തെ പ്രതിനിധീകരിച്ച് ബ്രദർ അലക്സും ഒന്നാം വർഷത്തെ പ്രതി നിധികരിച്ച് ബ്രദർ നിധിൻ ആനിത്തോട്ടത്തിലും കോളേജിൽ അരങ്ങു തകർക്കുന്നു. ബെസ്റ്റ് മാനേജ്മെന്റ് ടീം അംഗമായി അമൽ ബ്രദറും ഇംഗ്ലീഷ് ഇലക്ഷൻ കമ്പ്യൂട്ടേഷനിൽ രണ്ടുതവണ സമ്മാനാർഹനായി അലക്സ് ബ്രദറും ശാന്തിഗിരി സംഗീതജ്ഞനായി ബ്രദർ നിധിനും തിള ങ്ങുന്നു.

**സാലിചേച്ചിക്ക് ഒരു വീട്**

നമ്മുടെ കോളേജിലെ Non Teaching Staff ആയ സാലിചേച്ചിക്ക് കോളേജിലെ കുട്ടികളും എൻ.എസ്.എസ്. ഉം 8 ലക്ഷം രൂപയോളം സമാ ഹരിച്ച് മനോഹരമായ ഒരു വീട് നിർമ്മിച്ചു കൊടുത്തു.

**ശാന്തിദൂത്**

ജിൻസച്ചന്റെ നേതൃത്വത്തിൽ പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന വർക്ക് ഒരു കൈത്താങ്ങായി നമ്മുടെ കേളേജിലെ കുട്ടികൾ കുട്ടമ്പുഴ യിൽ വെള്ളം കയറിയ വീടുകൾ വൃത്തിയാക്കുവാനും അവരെ സഹായി ക്കുവാനുമായി പോയിരുന്നു.

**വർക്കി ചേട്ടൻ ഓർമ്മയായി**

നിരവധി വർഷങ്ങളായി ശാന്തിഗിരിയിലെ അന്തേവാസികൾക്ക് രുചികരമായ ഭക്ഷണം പാകം ചെയ്ത് സേവനം ചെയ്ത വർക്കിച്ചേട്ടൻ ജീവിതാന്ത്യത്തിൽ ആരെയും ബുദ്ധിമുട്ടിക്കാതെ ഒരു പുഞ്ചിരി മാത്രം സമ്മാനിച്ച് ഓർമ്മകൾക്ക് സ്നേഹത്തിന്റെ നിറം നൽകി ആഗസ്റ്റ് 14-ാം തീയതി വെളുപ്പിന് 3.30 ന് നിത്യനിദ്രയിലമർന്നു. വീട്ടുകാരുടെ അഭിപ്രാ യപ്രകാരം കലയന്താനി അടുത്തുള്ള ഇഞ്ചിയാനിയിൽ സംസ്കരിച്ചു.

**ലെയ്ത്ത് വർക്ക് ഷോപ്പ്**

ശാന്തിഗിരിയിലെ നമ്മുടെ ലെയ്ത് വളരെ നന്നായി മുമ്പോട്ടു പോകുന്നു. സ്റ്റീൽ അലമാര, ടേബിൾ , ബഞ്ച് തുടങ്ങി നിരവധിയായ സാധനങ്ങളും അതോടൊപ്പം മറ്റ് വർക്കുകളും ചെയ്യുന്നു. നിലവിൽ മൂന്നു ജോലിക്കാരാണ് നമുക്കിവിടെ ഉള്ളത്.

**ശാന്തിഗിരി പ്രസ്**

നമ്മുടെ പ്രസ് വളരെ നല്ലരീതിയിൽ മുന്നോട്ടു പോകുന്നു. ദൈവാലയങ്ങളിലെയും സ്കൂളുകളിലേയും മറ്റ് സ്ഥാപനങ്ങളിലെയും നിരവധിയായ പ്രിന്റിംഗ് വർക്കുകൾ വളരെ മനോഹരമായും കൃത്യത യോടെയും കൂടി നമ്മുടെ സ്ഥാപനത്തിലെ അന്തേവാസികൾ ചെയ്തു കൊടുക്കുന്നു.




**പുതിയ മുഖം**

നമ്മുടെ ആശ്രമത്തിന് പെയിന്റടിക്കുകയും ഫ്ളോർമാറ്റ് ഒട്ടിക്കുകയും ജനലുകളിൽ കർട്ടൻ ഇടുകയും ചെയ്ത് പുതിയ മുഖഛായ വന്നിരിക്കുകയാണിപ്പോൾ. ഇവ എല്ലാം ചെയ്ത് ഡെന്നീസച്ചന്റെ നേതൃത്വത്തിൽ ആശ്രമാംഗങ്ങൾ തന്നെയാണ് എന്നതാണ് ഇതിന്റെ പ്രത്യേകത.

**നവവൈദികൻ – നവീനആശയങ്ങളുമായി**

സെന്റ് ജോസഫ്സ് സി.എം.ഐ. ഇംഗ്ലീഷ് മീഡിയം ഡയറക്ടർ ആയി ഫാ. ഡോൺ പള്ളിപ്പറമ്പിൽ സി.എം.ഐ. ചാർജ്ജെടുത്തു.

**പച്ചക്കറി കൃഷി**

വട്ടവടയുടെ സ്വന്തം പ്രത്യേകതയാണ് പച്ചക്കറി കൃഷി. അതിൽ ഉൾച്ചേർന്ന് നമ്മുടെ ആശ്രമത്തിലും ബീൻസ്, ക്യാരറ്റ് തുടങ്ങിയവയുടെ കൃഷി ഉണ്ട്. വന്യമൃഗങ്ങളുടെ ശല്യവും മഴയുടെ ലഭ്യതക്കുറവും തടസ്സമായി വരുന്നുണ്ട്.

**K.E.H.S.**

**പുതിയ ഹെഡ്മാസ്റ്റർ**

വിൻസെച്ചൻ റിട്ടയർ ചെയ്ത ഒഴിവിലേക്ക് അവിടെത്തന്നെ അദ്ധ്യാപകനായ ജയ്ബി ചെറിയാൻ പുതിയ ഹെഡ്മാസ്റ്റർ ആയി ചാർജ്ജെടുത്തു.

**പുതിയ വിദ്യാർത്ഥികൾ**

ഈ വർഷം നമ്മുടെ സ്കൂളിലേക്ക് 50 ഓളം കുട്ടികൾ പുതുതായി ചേർന്നു.

**നാസ്സിക് ദോൽ**

നമ്മുടെ സ്കൂളിൽ കഴിഞ്ഞവർഷം മുതൽ നാസ്സിക് ദോൽ, കുട്ടികളെ പഠിപ്പിച്ചു വരുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ, ട്രൂപ്പുകൾ ഉണ്ട്. സ്കൂളിലെ പ്രമുഖ പരിപാടികൾക്ക് കുട്ടികളുടെ ഡിസ്പ്ലേ നടത്താറുണ്ട്. ഡെന്നീസച്ചന്റെ നേതൃത്വത്തിലാണ് ശിക്ഷണം നടക്കുന്നത്.

**തയ്യൽ പരിശീലനം**

പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം സ്കൂളിൽ നടന്നുവരുന്നു. ഇതിന്റെ ആവശ്യത്തിലേയ്ക്കായി 4 തയ്യൽ മെഷീൻ വാങ്ങിയിട്ടുണ്ട്. ജോഷിയച്ചന്റെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്.

**സെന്റ് ജോസഫ് സി.ബി.എസ്.ഇ സ്കൂൾ**

ബഹു. ഡോൺ പള്ളിപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ സ്കൂൾ വളരെ മനോഹരമായി വളർന്നുകൊണ്ടിരിക്കുന്നു. നവീന ആശയങ്ങളുമായി നവ വൈദികൻ മുന്നേറുകയാണ്.















**80-ന്റെ നിറവിൽ**

കുര്യാക്കോസ് തുരുത്തിപ്പിള്ളിയച്ചന്റെ 80-ാം ജന്മദിനം നിർമ്മൽഗ്രാം ദിവ്യകാരുണ്യ സമൂഹത്തിൽ ഫെബ്രുവരി മാസം 21-ാം തീയതി ആഘോഷിച്ചു. ഏറെക്കാലം ദൈവകരുണയുടെ വാതിൽ അനേകർക്കായി കുമ്പസാരത്തിലൂടെ തുറന്ന തൊടുപുഴയുടെ സ്വന്തം കുമ്പസാരക്കാരൻ കുര്യാക്കോസച്ചനെ 80-ാം ജന്മദിനത്തിൽ ഉപാസനസാംസ്കാരിക വേദിയുടെയും അജപാലനവകുപ്പിന്റെയും നേതൃത്വത്തിൽ ജൂൺ മാസം 23-ാം തീയതി ആദരിച്ചു. ഈ ആഘോഷത്തെ ധന്യമാക്കാൻ പരിശ്രമിച്ച വിനീതച്ചനും ഷിന്റോച്ചനും അഭിനന്ദനങ്ങൾ.

**2. നിർമ്മൽഗ്രാം to പൂനെ**

കഴിഞ്ഞ 2 വർഷത്തെ സേവനത്തിനുശേഷം ഉപരി പഠനത്തിനായി നിർമ്മൽ ഗ്രാം ധ്യാനകേന്ദ്രത്തിൽ നിന്ന് യാത്രയായ ജെറീഷച്ചന് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ ആഘോഷകരമായ യാത്രയപ്പ് നൽകി. കഴിഞ്ഞ 2 വർഷം ധ്യാനകേന്ദ്രത്തിന്റെ അസി. ഡയറക്ടർ ആയിരുന്നുകൊണ്ട് നിർമ്മൽഗ്രാമിന്റെ സ്പന്ദനമായി മാറിയ ജറീഷച്ചന് എല്ലാവിധ വിജയാശംസകളും നേരുന്നു.

**3. നിത്യാരാധന**

നിർമ്മൽ ഗ്രാമിന്റെ ഏറ്റവും പഴയ ചാപ്പൽ നവീകരണ പ്രവർത്ത നങ്ങൾ പൂർത്തിയായി നിത്യാരാധനയ്ക്കായി തയ്യാറായിരിക്കുന്നു. നവീ കരിച്ച ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മം കോതമംഗലം രൂപതമെത്രാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സെപ്റ്റംബർ 7-ാം തീയതി നിർവഹിച്ചു. ചാപ്പലിന്റെ നവീകരണ പ്രവർത്തനത്തിന് സഹായമരുളിയ എല്ലാ സുമന സ്സുകൾക്കും ഒത്തിരി നന്ദി. വെഞ്ചരിപ്പു കർമ്മത്തിൽ പങ്കെടുത്ത എല്ലാ വൈദികരേയും നന്ദിയോടെ ഓർക്കുന്നു. എല്ലാദിവസവും രാവിലെ 7.30 മുതൽ നിത്യാരാധന നടക്കുന്നു.

പുതിയ നിയോഗവുമായി പൂനയ്ക്കുപോയ ജെറീഷച്ചന് പകര ക്കാരനായി വികാസച്ചൻ നിർമ്മൽ ഗ്രാമിൽ എത്തിച്ചേർന്നു. ദൈവവിളി പ്രോത്സാഹനവും ധ്യാനപ്രസംഗങ്ങളുമായി അച്ചൻ എണ്ണയിട്ട യന്ത്രം പോലെ ഓടി നടക്കുകയാണ്.










**ആത്മീയ ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ജോൺ ആനിക്കോട്ടിൽ അച്ചൻ ചെങ്കര ധ്യാന കേന്ദ്രത്തിൽ മുടങ്ങാതെ അജപാലന ശുശ്രൂഷകൾ നടത്തിവരുന്നു. കൂടാതെ അടുത്തുള്ള ഇടവകകളിലും മഠങ്ങളിലും കുർബാനയ്ക്കും കുമ്പസാരത്തിനും വേണ്ടി പോകുന്നു.

ബഹുമാനപ്പെട്ട ജോസച്ചൻ ഞായപ്പിള്ളിയിലുള്ള വൃദ്ധഭവന മായ മരിയൻ ഭവനിൽ എല്ലാ ദിവസവും പൗരോഹിത്യ ശുശ്രൂഷ കൾക്കായി പോകുന്നുണ്ട്.

**We are from Assam**


ആസാമിൽ നിന്നുള്ള കുടുംബമാണ് ഞങ്ങൾക്കുവേണ്ടി അടുക്ക ളയിലെ ജോലികളും പറമ്പിലെ പണികളും ചെയ്ത് സഹായിക്കുന്നത്. അവരുടെ മക്കൾ അടുത്തുള്ള കോൺവെന്റ് സ്കൂളിൽ പഠിക്കുന്നു.

**ഹരിത വിപ്ലവം**

വൈവിധ്യമാർന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും കൊണ്ട് നിറ ഞ്ഞിരിക്കുകയാണ് ഭൂതത്താൻകെട്ടിലെ കൃഷിസ്ഥലങ്ങൾ. മനോഹര മായ ഫലങ്ങൾ വിളഞ്ഞു നിൽക്കുന്നതു കാണാൻ നല്ല ചന്തമാണ്.



ഭൂതത്താൻകെട്ടിലെ ഹരിതവിപ്ലവം




















**നവവൈദീകർക്ക് സ്വീകരണം**

പ്രവിശ്യയിലെ നവവൈദീകർ 2019 ജനുവരി 15-ാം തീയതി ശാന്തിഗ്രാം ആശ്രമത്തിൽ ആശ്രമാംഗങ്ങളോടും ദിവ്യകാരുണ്യസമൂഹത്തോടുമൊപ്പം ദിവ്യബലിയർപ്പിച്ചു. തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി ഞങ്ങളോടൊപ്പം കൃതജ്ഞതാ ബലിയർപ്പിച്ച കൊച്ചച്ചന്മാർക്ക് വൈദീക ജീവിതത്തിൽ ധാരാളം ദൈവാനുഗ്രഹമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**ചാവറ തിരുനാൾ**

സഭാസ്ഥാപകൻ വി. ചാവറയച്ചന്റെ തിരുനാൾ ഫെബ്രുവരി 10 ഞായറാഴ്ച ആഘോഷിച്ചു. ആഘോഷമായ വിശുദ്ധ കുർബാനയും സന്ദേശവും തുടർന്നുള്ള സ്നേഹവിരുന്നും ആഘോഷം കേമമാക്കി. കൊച്ചുപൈനാവ് കല്ലംതറ വിവേകായിരുന്നു തിരുനാൾ പ്രസുദേന്തി. അദ്ദേഹത്തിന് വിദേശത്ത് പഠനവും ജോലിയും ലഭിച്ചതിനുള്ള നന്ദി സൂചകമായാണ് തിരുനാൾ ഏറ്റെടുത്തു നടത്തിയത്.

**ബിജു വെട്ടുകല്ലേൽ അച്ചൻ സംസ്ഥാന നേതൃത്വനിരയിലേയക്ക്**

ഗിരിജ്യോതി സ്കൂൾ പ്രിൻസിപ്പാൾ ബഹു. ബിജു വെട്ടുകല്ലേൽ അച്ചൻ കഴിഞ്ഞ രണ്ടു വർഷങ്ങളായി ഇടുക്കി സഹോദയ പ്രസിഡന്റായി സേവനം ചെയ്തു വരികയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിനുള്ള അംഗീകാരമെന്നോണം ഈ വർഷം കേരള സഹോദയ യൂണിറ്റിന്റെ (Confederation of Kerala CBSE Sahodaya Complexes) ട്രഷറർ ചുമതല ഏല്പിച്ചിരിക്കുകയാ

ണ്. ബിജു അച്ചന് പ്രാർത്ഥനാശംസകളും എല്ലാ വിജയങ്ങളും നേരുന്നു.

**വ്യക്തിത്വ വികസനക്യാമ്പ്**

സ്കൂൾ കുട്ടികൾക്കുള്ള വ്യക്തിത്വ വികസനക്യമ്പ് പാറേമ്മാവ് ശാന്തി ഗ്രാമിൽ മെയ് 20,21,22 തീയതികളിൽ നടത്തി. ക്ലാസ്സുകൾ നയിച്ചത് ബഹു. റ്റോജി പുത്തൻകടുപ്പിലച്ചൻ, കുമാരി ക്ലെസ്റ്റി ജൊവീനസ്, ശ്രീ. മോഹൻ ചാക്കോ, ശ്രീമതി ശോഭനകുമാരി എന്നിവരായിരുന്നു. പാറേമ്മാവ് കൊലുമ്പൻ കോളനിയിൽ നിന്നുള്ളതും കാസ്പിലുള്ളതുമായ മുപ്പതോളം കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ ആശയവിനിമയം ഫലപ്രദമായി നടത്തുവാനുള്ള പ്രത്യേക പരിശീലനവും, അതിന്റെ ഭാഗമായി പ്രസംഗ പരിശീലനവും നടത്തി. മൂന്നു ദിവസങ്ങളിലായി ലഭിച്ച ക്ലാസ്സുകളും പരിശീലനങ്ങളും കുട്ടികളെ കൂടുതൽ ആത്മ വിശ്വാസമുള്ളവരാക്കി.




**വെളിച്ചം 2019**

ശാന്തിഗ്രാം വെൽഫെയർ സെന്റർ സൊസൈറ്റി, സംസ്ഥാന എക്സൈസ് വകുപ്പും, ഗിരിജ്യോതി കോളേജുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്കു വേണ്ടി ചിത്രരചന& കൊളാഷ് മത്സരങ്ങൾ നടത്തി. ലഹരിവിമുക്ത ജീവിതം എന്നതായിരുന്നു മത്സര വിഷയം. വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലുമുള്ള അഞ്ചു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ചിത്രരചനാ മത്സരവും, ഒൻപതു മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് കൊളാഷ് മത്സരവും നട്ത്തി. പതിനാറ് സ്കൂളുകളിൽ നിന്നും 530 കുട്ടികൾ പങ്കെടുത്തു. മത്സരത്തിന്റെ ഉദ്ഘാടനം 2019 ജൂൺ 28 ന് വാഴത്തോപ്പ് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റിൻസി സിബി നിർവ്വഹിച്ചു. സമ്മാനദാനം ജൂലൈ 12-ാം തീയതി ഗിരിജ്യോതി സ്കൂളിൽ വച്ച് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. കെ. എം.



ജോസഫ് നിർവഹിച്ചു. ലഹരിക്കെതിരെയുള്ള ബോധവൽക്കരണം കുട്ടികളിൽ തന്നെ തുടങ്ങണം എന്ന ലക്ഷ്യത്തോടെ നടത്തിയ പരപാടി കാർമ്മൽ പ്രവിശ്യയുടെ സാമൂഹ്യക്ഷേമ വകുപ്പും ഗിരിജ്യോതി സ്കൂളും ചെറുതോണിയിലെ വ്യാപാര സ്ഥാപനങ്ങളും ഒത്തുചേർന്നാണ് വിജയിപ്പിച്ചത്.

**സി. എം. ഐ. സഭയ്ക്ക് ജില്ലാഭരണകൂടത്തിന്റെ അംഗീകാരം**

കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും ഇടുക്കിയിലെ സി.എം.ഐ. സ്ഥാപനങ്ങൾ നൽകിയ വിവിധ സേവനങ്ങൾക്ക് ജില്ലാഭരണകൂടത്തിന്റെ അംഗീകാരം ലഭിച്ചു. സംസ്ഥാനദേവസ്വം-ടൂറിസം-സഹകരണവകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനിൽ നിന്നും ശാന്തിഗ്രാമിനു വേണ്ടി ഡയറക്ടർ ബാബു മറ്റത്തിലച്ചനാണ് ആദരസൂചകമായ ഫലകം സ്വീകരിച്ചത്. ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കാളികളായ സംഘടനകളെയും വ്യക്തികളെയും ആദരിക്കുന്ന ചടങ്ങ് കട്ടപ്പന ടൗൺഹാളിൽ വച്ച് ജൂലൈ 20 തീയതിയാണ് സംഘടിപ്പിച്ചത്. ശ്രീ. റോഷി അഗസ്റ്റിൻ, ഇടുക്കി എം.എൽ.എ. ശ്രീമതി ഇ.എസ്. ബിജിമോൾ, പീരുമേട് എം.എൽ.എ. ജില്ലാ കളക്ടർ ശ്രീ. എച്ച്. ദിനേശൻ മുതലായവർ ചടങ്ങിൽ പങ്കെടുത്തു.



## Girijyothi College

**International Day against Drug Abuse and Illicit Trafficking 26th June 2019**

Drugs destabilize the rhythm of human body. Awareness about the ill effects of drugs may help people from abstaining its use. State Excise Department in collaboration with Girijyothi College and its Anti-Addiction club and NSS Unit organized a bike rally on 26th June 2019 to inform the general public of the negative health effects of drinking and substance abuse. 50 students were participated in the bike rally and travelled from

Alinchuvadu-Cheruthoni to Girijyothi College.

Students were given T-Shirts of 'Vimukti Mission' of Excise Department. It was a colourful event. The rally was flagged off by Ms. Rincy Sibi, President, Vazhathope Grama Panc hayath. She addressed the public gathering at Cheruthoni town. Mr. TN Sudheer, Circle Inspector, Special Squad, Excise Department, Idukki, Mr. KM Jalaludeen, Member, Vazhathope Grama Panchayath, Mr. Jose Kuzhikandam, President, Merchant Association, Cheruthoni, Rev. Fr. Babu Mattathil CMI, Manager, Girijyothi College, Rev. Fr. Toji Puthenkaduppil CMI, Principal, Girijyothi College, Mr. Sivaprasad N, Co-ordinator, Anti-addiction Club, Girijyothi College, Mr. Akshay Mohandas, NSS Programme Officer, Mr. Vishnu Ravi, Asst. Programme Officer, NSS Unit and Mr. Justine TC, Student Representative, felicitated the programme. Mr. TN Sudheer conducted an awareness class for the students of Girijyothi College. It was very effective and useful. Excise department sponsored snacks and coffee for all students.



**M. Com Finance Course 25th June 2018**

The sanction of M. Com Finance and Taxation, post graduate programme, by MG University during the academic year 2019-20 is a new feather to the cap of Girijyothi College. University has conducted inspection to grant two courses BA English Litreture Model I and M. Com Finance on 25th May 2019. Dr. P.K. Padmakumar, Member Syndicate, MG University, Kottayam, Mr. Jimmy Jans, Subject expert for English, St. Stephen's College, Uzhavoor, Dr. Ajimon George, Subject expert for Commerce, Marian College, Kuttikkanam, were the members of inspection team. University has granted affiliation to start M. Com Finance with UO No. 2899/ACA7/2019.MGU 25.06.2019. Total number of seats is fixed as 20. The admission procedures are just started.

**New Academic Year 2019-20 6th June 2019**

New academic year has started on 6th June 2019. A shift from holiday mood to academic endeavour. Students were enjoying the vacation in different levels. Some of them spent more time in travel and entertainment. Some others have gone for some works to earn money for the family and their studies. Classes for second and third year students commenced with new enthusiasm. Regular classes started on the same day. New staff members also joined with the academic community of Girijyothi.

**Stress Management for Working Women 21st May 2019**

A class on 'Stress Management for Working Women' was conducted at Girirani Hostel, Painavu by Rev. Fr. Toji Puthenkaduppil CMI, Principal, Girijyothi College. Women's Council, Idukki, is managing the hostel. The programme was inaugurated by Ms. Rosakutty Abraham, Secretary, Women's Council, Idukki. Fr. Toji has focused on different types of stress that the working women are faceing from home, office and society. An action plan to overcome the stress was presented with the aid of power point and by many living examples. Mr. Bince Varghese, Staff, Girijyothi College, Ms. Clesty Joveenus, Social Work Co-ordinator, Santhigram Welfare Centre, were the team members. Ms. Kumari Raveendranath, Ms. Mariyamma, Ms. Grance Antony, Members, Women's Council, felicitated the gathering.







## Girijyothi CMI Public School, Idukki

**Challenge For Change:** The school opened on 3rd June , 2019 with " Challlenge For Change" as the goal of the year 2019-2020. Fr.Babu Mattathil, Manager, Fr.Biju Vettukallel , Principal, ad Fr.Jomy Padinjareputhenpura, Vice Principal offered mass together for the school students.

**PTA :** PTA General Body Meeting was held on 14th June, 2019. Shri. Paipra Radhakrishnan, former Kerala Sahathya Academy Secretary has given the keynote address.




**Kangen Water Machine:** School has purchased with the support of PTA a Kangen Water Machine, a Japanese Medical device to provide high quality water to the students and staff.

**Retreat :** Annual Retreat was held on 2nd August, 2019 for the students which was lead by Baby John Kalayanthany. It was really a wonderful experience for all.



**Freedom Rally :** We have given a reception to the Independence Day "Freedom Rally" which was lead by Mr.Rejikumar, Adimaly in order to make a patriotic feeling among students.

**Sarga Sameeksha:** One day 'Shilpashala' Conducted on 22nd August under the leadership of Shri.Paipra Radhakrishnan and team. The orientation given to the students on various arts was really enriching one.

**Library Challenge:** Book Challenge was conducted on 22nd August 2019 in order to motivate the students to have an individual Library at home. Students exhibited around 8000 books on Library Challenge Day.



**District Independence Day Celebration:** Girijyothi Band troop consists of 22 members attended the District Independence Day Parade.









പ്രളയകാലത്തെ മികച്ച സേവനത്തിനുള്ള സംസ്ഥാനഗവൺമെന്റ് അവാർഡിനർഹമായ ശാന്തിഗ്രാം വെൽഫെയർ സൊസൈറ്റിക്കും, ബോബു അച്ചനും അഭിനന്ദനങ്ങൾ.



CBSE സഹോദയ കോൺഫെഡറേഷന്റെ ട്രഷററായി ഫാ. ബിജു വെട്ടുകല്ലേൽ തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ... ആശംസകൾ...



# ST. MARY'S ASHRAM
# KAITHAPARA

കൈതപ്പാറ വികസനത്തിന്റെ പാതയിലാണ്. കൈതപ്പാറയുടെ ഏറ്റവും വലിയ സ്വപ്നമായ ഒരു മനോഹരമായ ദൈവാലയം നിർമ്മിക്കാൻ സാധിച്ചു. 2017 മാർച്ച് 3-നു പണി ആരംഭിച്ച് 2019 മെയ് 18-ന് കൂദാശകർമ്മം നിർവഹിച്ചു. സാമ്പത്തികമായും പ്രാർത്ഥനയായും സഹായിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു.



70 വർഷമായി ഇലക്ട്രിസിറ്റി ഇല്ലാതിരുന്ന കൈതപ്പാറയിൽ എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കാൻ സാധിച്ചു. അതുപോലെ റോഡിന്റെ പണികൾ നടക്കുന്നു. എം.എൻ.എ. ഫണ്ട് ഒരു കോടിയുടെ പണികൾ തീർത്തു. ശ്രീ. റോഷി അഗസ്റ്റ്യൻ എം.എൻ.എ ഒരു കോടി രൂപ കൂടി തന്നിട്ടുണ്ട്. ഇപ്പോൾ കൈതപ്പാറയിൽ നിന്ന് മണിയാറൻ കുടിക്കുള്ള റോഡാണ് കോൺക്രീറ്റു ചെയ്യുന്നത്. ആ പണി കൂടി പൂർത്തീകരിച്ചാൽ ഇടുക്കിക്കുള്ള ഏറ്റവും എളുപ്പം നിറഞ്ഞ വഴിയായി ഇതു മാറും. (തൊടുപുഴ-ഇടുക്കി)

ആശ്രമത്തിന്റെ എല്ലാ കാര്യങ്ങളും നന്നായി പോകുന്നു. പുതിയ

പള്ളി കൂദാശയോടനുബന്ധിച്ച് ആശ്രമ കെട്ടിടത്തിന്റെ മേച്ചിൽ മാറ്റി, മുൻവശം ടൈൽ ഇട്ടു.

പറമ്പിൽ എല്ലാത്തരം കൃഷികളും ഉണ്ട്. ചേന, ചേമ്പ്, കപ്പ, വാഴ, ചെറുകിഴങ്ങ്, കാച്ചിൽ എല്ലാം നന്നായി വളരുന്നു. ഏകദേശം 10 തരത്തിലുള്ള മാവുകൾ. എല്ലാം തന്നെ കായ്ച്ചുതുടങ്ങി. അതുപോലെ റമ്പൂട്ടാനും സപ്പോട്ടായും മുള്ളാത്തയും എല്ലാം സമൃദ്ധിയായി കായ്ക്കുന്നു. എല്ലാത്തരം കൃഷികളും നമ്മുടെ പറമ്പിൽ ഉണ്ട്.



രണ്ടുവർഷം കൊണ്ട് കായ്ക്കുന്ന തെങ്ങ് കായ്ച്ചു നിൽക്കുന്നതു കാണാൻ ഒരു പ്രത്യേക അഴകുതന്നെയാണ്.

ഫാ. ബിനോയി ചാത്തനാട്ട് 6 വർഷമായിട്ട് കൈതപ്പാറയിലാണ് സേവനം ചെയ്യുന്നത്. അതോടൊപ്പം വാഴക്കുളം ഇൻഫന്റ് ജീസസ് ഹൈസ്കൂളിൽ മലയാളം അദ്ധ്യാപകനായും കരാട്ടെ പരിശീലകനായും സേവനം ചെയ്യുന്നു. ആഗസ്റ്റ് മാസം 2-ാം തീയതി കട്ടപ്പനയിൽ വച്ച് നടത്തിയ കരാട്ടെ പ്രാക്ടീസ് ടെസ്റ്റിൽ അദ്ദേഹം ഫസ്റ്റ് റാങ്കോടെ ബ്ലാക്ക് ബെൽറ്റ് കരസ്ഥമാക്കി.



ബ്ലാക്ക് ബെൽറ്റും ആയുധപ്രയോഗ-അംഗീകാരവും നേടിയ ബിനോയി ചാത്തനാട്ട് അച്ചന് അഭിനന്ദനങ്ങൾ.



ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും B.Sc. യിൽ ഒന്നാം റാങ്കോടെ വിജയം നേടിയ ബ്രദർ പോൾ കള്ളിയാടിക്കലിന് അഭിനന്ദനങ്ങൾ നേരുന്നു.




JYOTHIDARSANA
**PULLUVAZHY**



**ജ്യോതിദർശനയിൽ നിലത്തെഴുത്ത് കളരി**

അക്ഷരങ്ങളോടൊപ്പം, മലയാളം തെറ്റു കൂടാതെ എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുക വഴി കുട്ടികളിൽ ഒരു അടിത്തറ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജ്യോതിദർശനയിൽ അദ്ധ്യാപകരുടെയും സൈക്കോളജിസ്റ്റുകളുടെയും നേതൃത്വത്തിൽ കുട്ടികൾക്കായി നിലത്തെഴുത്ത് കളരി നടത്തി. 2019 ഏപ്രിൽ 15 മുതൽ മെയ് 15 വരെയായിരുന്നു നിലത്തെഴുത്ത് കളരി. 20-ഓളം കുട്ടികൾ നിലത്തെഴുത്ത് കളരിയിൽ പങ്കെടുത്തു.

**കൂൾ സമ്മർ – 19**



ജ്യോതിദർശനയിൽ മെയ് 15 മുതൽ 18 വരെ കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കിയുള്ള വ്യക്തിത്വവികസനക്യാമ്പ് നടത്തി. പെരുമ്പാവൂർ സെന്റ് മേരീസ് കത്തോലിക്കാ ദൈവാലയത്തിലെ വികാരി റവ. ഫാ. കുരുവിള മരോട്ടി



ക്കലായിരുന്നു ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചത്. അഞ്ചു വയസ്സുമുതൽ 15 വയസ്സുവരെയുള്ള കുട്ടികൾ പങ്കെടുത്തു. വ്യക്തിത്വ രൂപീകരണം, ആത്മവിശ്വാസം വർദ്ധിപ്പിക്കൽ, നേതൃപാടവം, ആശയ വിനിമയം എന്നിവ ഉൾപ്പെടുത്തിയ സമഗ്ര വ്യക്തിത്വ വികസനത്തിനായിരുന്നു ക്യാമ്പ് ഊന്നൽ നൽകിയത്. ബ്രദർമാരായ അലന്റ്, ഡെൽവിൻ, ആൽബിൻ, മെൽവിൻ എന്നിവരായിരുന്നു ക്യാമ്പിന് നേതൃത്വം നൽകിയത്. 40 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**സ്കൂൾ കൗൺസിലിംഗ് ഡിപ്ലോമ കോഴ്സ്**

ജ്യോതിദർശനയുടെ 6 മാസം നീണ്ടുനില്ക്കുന്ന സ്കൂൾ കൗൺസലിംഗ് ഡിപ്ലോമ കോഴ്സിന്റെ 9-ാമത്തെ ബാച്ചിന്റെ ഉദ്ഘാടനം ജൂൺ 7 ശനിയാഴ്ച രാവിലെ 10 മണിക്ക് ഹോമിയോ ഫിസിഷ്യനും കൗൺസിലിംഗ് സൈക്കോളജിസ്റ്റുമായ ഡോ. ജിഷാ മേരി നിർവഹിച്ചു. മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസ് അജപാലനവകുപ്പിലെ റവ. ഫാ. വിനീത് വാഴേക്കുടിയിലായിരുന്നു അദ്ധ്യക്ഷത വഹിച്ചത്. 22 പേരാണ് ഡിസംബറിൽ അവസാനിക്കുന്ന ഈ കോഴ്സിൽ പങ്കെടുക്കുക.



**കേരളത്തിൽ ആദ്യമായി ഡാൻസ് മൂവ്മെന്റ് തെറാപ്പി ജ്യോതിദർശനയിൽ**

കേരളത്തിൽ ആദ്യമായി ഡാൻസ് മൂവ്മെന്റ് തെറാപ്പി ജ്യോതിദർശനയിൽ ഡോ. മേഘ ജോബിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 3-ന് ആരംഭിച്ചു.

കുട്ടികളിലെ നൃത്തപരമായ കഴിവുകൾ വളർത്തുവാനും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ഇതു സഹായിക്കുന്നു. ശാരീരിക വളർച്ചയേയും ഏകാഗ്രതയേയും ത്വരിതപ്പെടുത്തുന്ന തലച്ചോറിലുള്ള ഹോർമോണുകളുടെയും കെമിക്കൽസിന്റേയും ഉൽപ്പാദനത്തിന് സഹാ

യകരമാണ് ഡാൻസ് മൂവ്മെന്റ് തെറാപ്പി. മോഹിനിയാട്ടത്തിൽ ഡോക്ട റേറ്റും ഭരതനാട്യത്തിൽ എം.ഫില്ലും യോഗ തെറാപ്പിയിൽ ബിരുദാനന്തര ബിരുദവും നേടിയ വ്യക്തിയാണ് ഡോ. മേഘ ജോബി. ലോക പഞ്ചഗുസ്തിയിൽ സ്വർണ്ണവും ഡ്വാർഫ് ഒളിമ്പിക്സിൽ അഞ്ച് ഇനങ്ങളിൽ സ്വർണ്ണവും നേടിയ ജോബി മാത്യൂവിന്റെ ഭാര്യയാണ് ഡോ. മേഘ.

**ഡോക്ടർ 'ഇൻ' ജ്യോതിദർശന**

ഹോമിയോ ഫിസിഷ്യനും കൗൺസിലിംഗ് സൈക്കോളജിസ്റ്റുമായ ഡോ. ജിഷാമേരിയുടെ സേവനം ജ്യോതിദർശനയിൽ ലഭ്യമാണ്. ഫാമിലി കൗൺസിലിംഗിലും, സ്കൂൾ കോളേജ് ഓറിയന്റേഷൻ പ്രോഗ്രാമുകളിലും ഡോക്ടറുടെ സേവനം ജ്യോതിദർശനയ്ക്ക് മുതൽക്കൂട്ടാണ്.

**മാനസികാരോഗ്യം സ്കൂളുകളിലും കോളേജുകളിലും**

കുട്ടികളുടെ സമഗ്രവളർച്ചക്കുവേണ്ടി ജ്യോതിദർശന ടീം കൗൺസിലിംഗ് സൗകര്യങ്ങൾ സ്കൂളുകളിലേക്കും, കോളേജുകളിലേക്കും നൽകുന്നു. വഴിത്തല ശാന്തിഗിരി കോളേജ്, ആരക്കുഴ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പുല്ലുവഴി സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിൽ അഭിലാഷച്ചൻ കൗൺസിലിംഗ് നൽകുന്നു.

**ജ്യോതിദർശനക്ക് പുതിയ ലുക്ക്**

റിസപ്ഷനും വെയിറ്റിംഗ് റൂമും ചാപ്പലും നവീകരിച്ച് ജ്യോതിദർശനയുടെ മുഖച്ഛായ മാറ്റി. ചിലവ് ചുരുക്കി കലാപരമായി നടത്തിയ മോടിപ്പിടിക്കലിന് നേതൃത്വം നൽകിയത് ബഹു. എബിൻ വടക്കേടത്തച്ചനാണ്. ഓഡിറ്റോറിയത്തിൽ പുതിയ മൾട്ടിമീഡിയ പ്രൊജക്ടർ ഉപയോഗിച്ച് ഓഡിയോ വിഷ്വൽ സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

**ജ്യോതിദർശനയുടെ 'ഹരിത ദർശനം'**

"നിലം കൃഷി ചെയ്യുന്നവന് സമൃദ്ധിയായി ആഹാരം ലഭിക്കും" എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ കൃഷിയും ഫാമിംഗും ജ്യോതിദർശനയുടെ പ്രധാനപ്രവർത്തനമേഖലയിൽ ഒന്നായി മാറിയിരിക്കുകയാണ്. ബഹു. ജോർജ് മാടപ്പള്ളിക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ കഠിനമായി പരിശ്രമിച്ചപ്പോൾ വാഴയും ചേനയും ചേമ്പും



വെണ്ടയും പയറും കോവക്കയും പച്ചമുളകും പടവലവും പയറും പാവക്കയും നല്ല വിളവാണ് നൽകിയത്. പുതുതായി മുന്തിയ ഇനം റംബൂട്ടാനും മാവും പ്ലാവും മംഗോസ്റ്റീനും ഞാവലും ഗംഗാബോണ്ടം തെങ്ങും വളർന്നുകൊണ്ടിരിക്കുന്നു. കൃഷിക്ക് പുറമേ, പുതുതായി കോഴി, താറാവ്, വാത്ത, ഗിനി ഫാമും ജോർജ്ജച്ചന്റെ മേൽനോട്ടത്തിൽ ലാഭം കൊയ്തുകൊണ്ടിരിക്കുന്നു.



**നവവൈദികർക്ക് ദിവ്യകാരുണ്യ സമൂഹത്തിന്റെ സ്വീകരണം**

ജ്യോതിദർശനദിവ്യകാരുണ്യ സമൂഹം നവവൈദികർക്ക് സ്വീകരണം നൽകി. വിശുദ്ധ കുർബാനയും തുടർന്ന് ആശംസകളും മധുരവും നേർന്ന് ആ ദിവസത്തെ ധന്യമാക്കി.





# SANJO BHAVAN
# **MALUR**

ബഹു. ജിബിയച്ചൻ 5 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം സാൻജോ ഭവനത്തിൽ നിന്നും ധർമാരാം മെമ്പർ ആയി സ്ഥലം മാറി പോയി. ക്രൈസ്റ്റ് PU കോളേജിന്റെ പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുന്ന അവസരത്തിലാണ് പുതിയ നിയമനം അച്ചനെ തേടിയെത്തിയത്. ജിബി അച്ചന്റെ ദീർഘവീക്ഷണതോടെയുള്ള നേതൃത്വപാടവം എന്നും ഇവിടെയുള്ള നമ്മുടെ പ്രവർത്തനങ്ങൾക്കു ഒരു മുതൽ കൂട്ടായിരുന്നു. ക്രൈസ്റ്റ് യൂണിവേഴ്‌സിറ്റി ഇംഗ്ലീഷ് വിഭാഗത്തിലേക്ക് അധ്യാപകനായി നിയമിതനായ ജിബി അച്ചന് പുതിയ കർമ്മ മണ്ഡലത്തിൽ എല്ലാവിധ ആശംസകളും നേരുന്നു.

ക്രൈസ്റ്റ് PU കോളേജിന്റെ പുതിയ പ്രിൻസിപ്പൽ ആയി ബഹു. സെബാസ്റ്റ്യൻ തോലാനിക്കൽ അച്ചൻ നിയമിതനായി. മനില യിൽനിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ ഡോക്ടറേറ്റ് ബിരുദം നേടിയശേഷം കഴിഞ്ഞ ഒരു വർഷമായി ക്രൈസ്റ്റ് കോളേജിന്റെ വൈസ് പ്രിൻസിപ്പൽ ആയും, ഫൈനാൻസ് അഡ്മിനിസ്ട്രേറ്റർ ആയും അച്ചൻ സേവനം ചെയ്തു വരികയായിരുന്നു. കൂടുതൽ ഉത്തരവാദിത്വം നിറഞ്ഞ ജോലിയിലേക്ക് നിയമിതനായിരിക്കുന്ന തോലാനി അച്ചന് ഭാവുകങ്ങൾ... വിജയാശംസകൾ..

സാൻജോ സി എം ഐ ഭവനത്തിന്റെ പുതിയ മെമ്പർ ആയി ബഹു. എബിൻ വടക്കേടത്തു അച്ചൻ ആഗതനായിരിക്കുന്നു. നർമ്മം കൊണ്ടും പ്രവർത്തനനിരത കൊണ്ടും ഏറെ ശ്രദ്ധേയനായ അച്ചന്റെ സാന്നിധ്യം വലിയ ഉണർവ് തന്നെയാണ്. ക്രൈസ്റ്റ് യൂണിവേഴ്‌സിറ്റിയിൽ നിന്നും M Phil പഠനം പൂർത്തിയാക്കിയ അച്ചൻ ക്രൈസ്റ്റ് കോളേജിൽ വൈസ് പ്രിൻസിപ്പലായും ഫൈനാൻസ് അഡ്മിനിസ്ട്രേറ്ററായും കർമനിരതനായി

കഴിഞ്ഞിരിക്കുന്നു.

അഞ്ചാം വർഷത്തിലേക്കു പ്രവേശിക്കുന്ന നമ്മുടെ ക്രൈസ്റ്റ് കോളേജിന്റെയും നാലാം വർഷത്തിലേക്കു കടക്കുന്ന PU കോളേജിന്റെയും ഈ ചെറിയ കാലയളവിലുള്ള വളർച്ച അഭിമാനകരവും വലിയ പ്രതീക്ഷയുമാണ് നമുക്ക് നൽകുന്നത്. M.Com, B.Com, BCA, BBA, B.Sc., B.A. എന്നീ വിഭാഗങ്ങളിലായി ആയിരത്തോളം വിദ്യാർത്ഥികൾ ഈ വർഷം നമ്മുടെ സ്ഥാപനത്തിൽ പഠിക്കുന്നു. കോമേഴ്സ്, മാനേജ്മന്റ് ആൻഡ് കമ്പ്യൂട്ടർ സയൻസ് കോഴ്സുകളിലേക്കുള്ള എല്ലാ സീറ്റുകളിലും അഡ്മിഷൻ അവസാനിച്ചിരിക്കുന്നു എന്നുള്ളത് ശ്രദ്ധേയമായ ഒന്നാണ്. ഈ നേട്ടത്തിന് ചുക്കാൻ പിടിക്കുന്ന പ്രിൻസിപ്പൽ റിനോജ് അച്ചന്റെയും ടീം അംഗങ്ങളുടെയും പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

ക്രൈസ്റ്റ് PU കോളേജ് ഈ കഴിഞ്ഞ വർഷത്തെ ബോർഡ് പരീക്ഷയിൽ നൂറുശതമാനം റിസൾട്ടിലൂടെ KOLAR ഡിസ്ട്രിക്റ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയെന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. ഈ വിജയത്തിന് പിന്നിൽ അക്ഷീണം യത്നിച്ച പ്രിൻസിപ്പലിനെയും അധ്യാപകരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ക്രൈസ്റ്റ് കോളേജിന്റെ രണ്ടാമത്തെ ബാച്ചിന്റെ graduation ceremony ആഘോഷമായി നടത്തപ്പെട്ടു. ക്രൈസ്റ്റ് യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസലർ Rev. Dr. Jose C. C മുഖ്യാതിഥിയായിരുന്നു. 92 വിദ്യാർത്ഥികൾ തങ്ങളുടെ പഠനം വിജയകരമായി പൂർത്തിയാക്കി സന്തോഷത്തോടെ മടങ്ങുമ്പോൾ അഭിമാനിക്കാൻ നമുക്ക് ഏറെയുണ്ട്, അഭിനന്ദനങ്ങൾ.




Graduation Ceremony - 2019

## Christ International School (CIS)

- Completed 3rd floor(around 14000 sq. feet) of the school building and started functioning from the academic year 2019-20
- Christ International school School secured 100% results in ICSE class x board examination March 2019. (7th consecutive year)
- Christ International School reached remarkable mile stone with 1000 students in the academic year 2019-20.
- Our School is holding No 1 position among ICSE schools in Malur & Kolar districts.








**സെന്റ് മേരീസ് സ്കൂൾ പട്യാല**



സെന്റ് മേരീസ് സ്കൂൾ അതിന്റെ സുവർണ കാലഘട്ടത്തിലൂടെ മുന്നോട്ടു പോകുന്നു. ബഹു.പോള ച്ചന്റെ നേതൃത്വത്തിൽ പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിൽ ജൈത്രയാത്ര തുടരുന്നു.

പട്യാലയിലെ തന്നെ മുൻപന്തിയിൽ നിൽക്കുന്ന സ്കൂളുകളിൽ ഒന്നായ നമ്മുടെ സ്കൂൾ, കെട്ടിലും മട്ടിലും പുതിയ രൂപത്തിലാണ്. പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും കെ.ജി സെക്ഷനും അതിന്റെ നിർമ്മാണ ഘട്ടങ്ങളിലാണ്.

**സേക്രഡ് ഹാർട്ട് സ്കൂൾ നൗഷേര**



സേക്രഡ് ഹാർട്ട് സ്കൂൾ അതിന്റെ കുലീനതയിലേക്ക് പ്രവേ ശിച്ച് കഴിഞ്ഞു. അംഗബലത്തിലും ആകാരത്തിലും നമ്മുടെ സ്കൂൾ നൗഷേരയിൽ ശ്രദ്ധിക്കപ്പെട്ടു തുട ങ്ങി. ജോബച്ചന്റെ നേതൃത്വത്തിൽ

വളർച്ചയിലേക്ക് കുതിക്കുന്നു.

**മല്ലു സ്ട്രീറ്റ്**

നമ്മുടെ പ്രവിശ്യയുടെ മിഷൻ പ്രദേശമായ പട്യാല ആശ്രമം പ്രേഷിത തീക്ഷ്ണതയിൽ ജ്വലിക്കുകയാണ്. സാമൂഹിക പ്രതിബദ്ധതയും കരുത്തുറ്റ നേതൃത്വ പാടവവുമുള്ള ജോൺ അച്ചനാണ് അമരത്തിൽ.



അർപ്പണ ബോധവും കൃത്യനിഷ്ഠതയും കൈമുതലാക്കിയ പോളച്ചനും, കാര്യപ്രാപ്തിയും യുവത്വത്തിന്റെ തുടിപ്പുമുള്ള ജോബച്ചനും, ഡിഗ്രി പഠനത്തിനായി എത്തിയിരിക്കുന്ന ചുണക്കുട്ടന്മാരായ ബ്ര. മെൽബിനും ബ്ര. ഡെൽവിനുമാണ് മല്ലു സ്ട്രീറ്റിന്റെ ചുവരുകൾക്ക് നിറം പകരുന്നത്.

തങ്ങളുടെ സ്തുത്യർഹമായ സേവനത്തിനുശേഷം ആശ്രമത്തിൽ നിന്നും ഉപരിപഠനത്തിനായി യാത്രയായ ബഹു. ജോസ് കടുവനാൽ അച്ചനും ഡെന്നീസ് അച്ചനും വിജയാശംസകൾ.

**Go Green @ Punjab**

അച്ചന്മാരുടേയും ശെമ്മാശന്മാരുടേയും നേതൃത്വത്തിൽ പഞ്ചാബ് മിഷൻ ഒരു ഹരിതവിപ്ലവത്തിലാണ്. നമ്മുടെ കൃഷിയിടം നെല്ലും പച്ചക്കറികളും വിവിധയിനം പഴവർഗ്ഗങ്ങളും പൂച്ചെടികളും കൊണ്ട് സമ്പൽസമൃദ്ധമാണ്.





## Carmel News in Germany

### Arise and Shine with Fr. Jose Vadakkekara

Fr. Jose Vadakkekara is in charge of the preparation of 40 teenagers who are preparing for confirmation. The motto for this year is “Arise and Shine.” He is well appreciated in the diocese of Cologne and his parish at Rösrath for his creative approach in training students. The Catholic Newspaper of Cologne recently featured the Mobile App which was designed to prepare the confirmation students. He was lauded for this accomplishment.

### 60th Birthday Celebration of Fr. Jose Vadakkekara

Fr. Jose Vadakkekaracelebratedhis 60th birthday on September 4. This joyful moment was made memorable with the presence and wishes of CMI brethren. German parishioners and friends of Fr. Jose joined together for the celebration on 4th September. We the members of Carmelwishes him Gods blessings and thankfully remembers his valuable services to the German Church and also to our Province.

### Priestly Silver Jubilee celebration of Fr. George Kalachira

The Silver Jubilee celebration of Fr. George Kalachira’s priestly ordination will be organized by the parishioners of Our Lady of the Assumption Church. The Jubilee Holy Mass will be held at the parish Church in Wesel, Germany on September 22. The jubilee Holy Qurbana will be followed by a felicitation gatheringand agape.

### 50thYear Birthday Celebration of Fr. Jose Mundanchirayil

Fr. JoseMundanchirayil celebrated his 50th birthday on May 31 at his parish Church. The Vicar of the parish and CMI brethren concelebrated the Holy Mass which was held at St. Mary’s Church, Erika, Germany.Fr. Vicar appreciated Fr. Jose for his active and dedicated service towards the parish during the felicitation gathering. Following the gathering, the guests relished Indian cuisine.

**Fr. Tijo's parish - the Pilot Project of lay participation in Diocese of Cologne**

The 'Christ the King parish' where Fr. Tijo Thannickal was parish priest for four years was selected to run the Pilot Project of lay participation in Diocese of Cologne. The project involves training laity to increase their participation in the administration and mission of Church. This is done to overcome the shortage of priests in Germany. Under the leadership of Fr. Tijo more than 75 parishioners have been trained to prepare the aspirants to receive sacraments. The selection of the parish for the project shows the visionary service of Fr. Tijo as Parish Vicar at Christ the King Church.

**German Translation of Chavarul**

Fr. TijoThannickal translated Testament of a Loving Father (*Chavarul*) in German language. It will be released by end of this year. We appreciate Fr. Tijo for his hardwork and efforts to proclaim the message of our founder St. Kuriakose Elias Chavara to the faithful in Germany.

**Celebration of Syro Malabar Mass in German Parishes**

Fr. SajuAlanickal celebrated Syro Malabar Mass at St. Peter and Paul Church in Bad Camberg on Pentecost, 10 June 2019. It was a new experience for the 300 parishioners who attended the Mass.

Fr. Sonu celebrated Syro Malabar Mass at St. John of Nepomuk parish, Hadamar on 16 June 2019. It was attended by 200 parishioners. An Indian cultural evening was also organized which consisted of presentations and discussion about India. The guests also relished Indian delicacies.

**Hearty Welcome**

The Germany community extends a hearty welcome to Rev. Fr. Shinto Kanjiramattam and Rev. Fr. Clint Karkkamthottiyil to Germany. They will be serving in the Freiburg diocese. After arriving in Germany they will continue the German Language Course for 4-5 months and afterwards will begin their Pastoral services to the Parishes appointed to them. The Carmel Community wishes both of them all the very Best.

**Onto Bigger Pastures**

New challenge awaits Fr. Benny Kochukarottu as the number of parishes he will serve is set to be expanded. He was now serving in two parishes with 10000 parishioners.  10 Parishes will be added to the existing St. Mauritius parish on 22. September 2019. This will make the number of parishioners to 27000.

**New Appointments….**

**Fr. Paulose Kalapurackal**

Fr. PauloseKalapurackal began his service in the diocese of Ausburg on 1 June 2018 after a dedicated service in the diocese of Cologne for twenty years. He started working in St. Sebastian's Church in Oettingen, Germany from 1 September 2019. His new pasture consists of seven churches and 5000 parishioners.

**Fr. Thomas Pittapillil**

Fr. Thomas Pittapillil served as the hospital chaplain at St. Marienwörth Hospital at Bad Kreuznach, Germany for eight years. He started his new ministry at Sacred Heart Hospital at Dernbach in Limburg diocese on 1 February 2019.

**Fr. TijoThannickal**

Fr. TijoThannickal served as vicar at Christ the King parish, Bonn in the diocese of Cologne for 5 years. He will take charge of Holy Family Church in Cologne city on 1 September 2019. The new parish community consists of5 Churches, 11000 Parishioners.

**Fr. Gino Vengooran**

Fr. Gino Vengooran served at St .Christopher parish, Diez, Limburg diocese for 4 years. He will take charge of Holy Family Parish at Bad Schwalbach on 1 Septermber2019. It consists 11 churches and 12000 parishioners.

**Fr. SonuChalappattu**

Fr. Sonu Chalappattu served in St. John of Nepomuk parish in Hadamar, Limburg diocese for three years. He will take charge of St. Joseph's parish in Frankfurt on1 October 2019.

## കാർമ്മൽ സമവായം, ധർമ്മാരാം

**പുത്തനുണർവ്വ്**

ധർമ്മാരാമിലെ കാർമ്മൽ കൂട്ടായ്മയുടെ ശക്തി വർദ്ധിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട ജിബി ഇടപ്പള്ളിക്കുന്നേലച്ചൻ ക്രൈസ്റ്റിൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ ഫാക്കൽറ്റി മെമ്പറായി വന്നു. L.Th പഠനം ഏറ്റവും ശ്രേഷ്ഠകരമായി പൂർത്തിയാക്കി. ബഹു. ബിജോഷച്ചൻ DVK തിയോളജി ഫാക്കൽറ്റി മെമ്പർ ആവുകയും അതോടൊപ്പം ഒന്നാം വർഷ ഫിലോസഫി പഠിക്കുന്ന ബ്രദേഴ്സിന്റെ ആനിമേറ്റർ ചുമതലയും ഏറ്റെടുത്തിരിക്കുന്നു. കാർമ്മൽ കൂട്ടായ്മക്ക് പുത്തനുണർവ് നൽകികൊണ്ട് കടന്നുവന്നിരിക്കുന്ന അച്ചന്മാർക്ക് പ്രാർത്ഥനകളും ആശംസകളും...

**സ്പാനീഷ് പഠനം, ഞങ്ങൾ ISS-ൽ (International Spanish Studies) ചേർന്നു**

ധർമ്മാരാം ഉപേക്ഷിച്ചാലും ധർമ്മാരാമിനെ ഉപേക്ഷിക്കുവാൻ കഴിയുകയില്ലെന്ന് ഉറക്കെയും അല്ലാതെയും പ്രഖ്യാപിച്ചുകൊണ്ട് സ്പാനീഷ് ഭാഷ പഠനത്തിനായി ധർമ്മാരാമിൽ എത്തിയിരിക്കുന്ന ബഹു. ജീതുവച്ചനും ഐബിനച്ചനും കാർമ്മൽ സമവായത്തിലേക്ക് വീണ്ടും സ്വാഗതം.

**അജപാലനം**

ചെറിയ ശരീരവും വലിയ മനസ്സും ഒത്തിരി സ്നേഹവുമൊക്കെയായി സെന്റ് തോമസ് ഫൊറോന പള്ളിയുടെ അസി. വികാരിയായി ബഹു. ജോബിൻ തോലാനിക്കലച്ചൻ സേവനമനുഷ്ഠിക്കുന്നു. ഇടവക മുഴുവൻ അച്ചനെ ഇഷ്ടപ്പെടുന്നു. അച്ചന്റെ പ്രവർത്തനങ്ങളിൽ ഞങ്ങളും അഭിമാനിക്കുന്നു.

**പുതിയ തുടക്കം, പുതിയ ഇടം...**

തങ്ങളുടെ ഉപരിപഠനങ്ങൾക്കായി 4 ശെമ്മാശന്മാർ ധർമ്മാരാമിൽ എത്തിയിരിക്കുന്നു.

ഡിഗ്രി - ബ്രദർ ആൽബിൻ

ഫിലോസഫി - ബ്രദർ ആഗസ്, ബ്രദർ ക്രിസ്റ്റ്വിൻ, ബ്രദർ നവീൻ എല്ലാവർക്കും സ്വാഗതവും ആശംസകളും...

**നിത്യവ്രതം**

നിത്യവ്രതവാഗ്ദാനശേഷം ധർമ്മാരാമിൽ തിരിച്ചെത്തി തീക്ഷ്ണതയോടെ ജീവിക്കുന്ന നമ്മുടെ ബഹു. അഖിൽ, ജിബിൻ, ജിത്തു, സനിത്, സോബിൻ ശെമ്മാശന്മാർക്ക് കാർമ്മൽ കൂട്ടായ്മ ആശംസകളും അനുമോ

ദനങ്ങളും നേർന്നു. എന്നും വിശ്വസ്തതയോടെ ജീവിക്കുവാൻ അവരുടെ ബോധ്യങ്ങൾ അവരെ സഹായിക്കട്ടെ.

**ഉത്തരവാദിത്വങ്ങൾ**

മുൻ വർഷങ്ങളിലെപ്പോലെ തന്നെ ഉത്തരവാദിത്വങ്ങളുടെ ഒരു വലിയ ഘോഷയാത്രതന്നെയാണ് നമ്മുടെ ശെമ്മാശന്മാരിൽ നിക്ഷിപ്ത മായിരിക്കുന്നത്.

ധർമ്മാരാം Chapel MC - Bro. Jibin Edasseril

ധർമ്മാരാം General Choir Master - Bro. Sanith Vichattu

ധർമ്മാരാം General Infirmary Head - Bro. Sobin Kizhakkayil

ധർമ്മാരാം Secretary of Fr. Administator - Bro. Akhil Kappen

ധർമ്മാരാം Secretary of Fr. Registrar (DVK) - Bro. Jithu Thottiyil

ഇവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു. ധർമ്മാരാം അസി. ജനറൽ Beadle - പാനലിൽ ബഹു. ജാക്സൺ ബ്രദർ മത്സരിച്ചു. അതുപോലെ ധർമ്മാരാം ബാസ്ക്കറ്റ് ബോൾ ടീമിലേക്ക് നമ്മുടെ ജിത്തുവും സോബിനും തിരഞ്ഞെടുക്കപ്പെട്ടു. എല്ലാവർക്കും വിജയ ങ്ങളും പ്രാർത്ഥനകളും നേരുന്നു...

## Diaconate and Miner Orders

മാർച്ച് മാസത്തിൽ നമ്മുടെ പ്രവിശ്യയിലെ ജിയോ, റോണി, ജിൻസ്, ജോമോൻ എന്നിവർ മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥി കൾക്കൊപ്പം ഡീക്കൻ പട്ടം സ്വീകരിച്ചു, ഒപ്പം റെജിൻ, ജോമിത്ത്, ലിബിൻ എന്നിവർ സബ്-ഡീക്കൻ പട്ടം സ്വീകരിക്കുകയും ചെയ്തു. തിരുപട്ട ത്തിന് ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഇവർക്ക് ഞങ്ങളുടെ പ്രാർത്ഥനാശംസകൾ.

## Vacation Programmes

ധർമ്മരാമിലെ നമ്മുടെ എല്ലാ ശെമ്മാശന്മാരും നേരത്തെ തന്നെ ഒരുക്കിയിരുന്ന അവധിക്കാല പരിപാടികളിൽ നിറസാന്നിധ്യങ്ങളായിരു ന്നു. വിശ്വാസോത്സവം, ധ്യാനങ്ങൾ, ആതുരസേവനം, ദൈവവിളി ക്യാമ്പ് തുടങ്ങിയവയിൽ സേവനം ചെയ്തു. വലിയ ആഴ്ചകളിൽ വിവിധ ഇടവ കകളിൽ പ്രസംഗിക്കുകയും കർമ്മങ്ങളിൽ സഹായിക്കുകയും ചെയ്തു.

**മിഷനിലേക്ക് ഒരു യാത്ര**

എല്ലാ വർഷത്തെയും പോലെ രണ്ടാം വർഷ ദൈവശാസ്ത്രവി ദ്യാർത്ഥികളായിരുന്ന റെജിൻ, ജോമിത്ത്, ലിബിൻ ശെമ്മാശന്മാർ പഞ്ചാ

ബ്, ബിജ്നോർ മിഷനിലെ ഗ്രാമങ്ങളിൽ ഏറ്റവും തീക്ഷ്ണതയോടെ സേവനമനുഷ്ഠിച്ചു. അവരുടെ ജീവിതത്തിലെ നല്ലൊരനുഭവമായിരുന്നു വെന്ന് അവർ പങ്കുവച്ചു.

**പാവങ്ങൾക്ക് ഒരു കൈത്താങ്ങ്**

കേരളത്തെ പിടിച്ചുലച്ച വലിയ പ്രളയത്തിൽ ഒരുപാട് വേദനയും പ്രശ്നങ്ങളും അനുഭവിക്കുന്ന സോദരർക്ക് സഹായം നൽകുന്നതിനായി നമ്മുടെ ശെമ്മാശന്മാർ പല ബാച്ചുകളിലായി കേരളത്തിൽ പോകുകയു ണ്ടായി. ഈ അവധിക്കാലത്ത് ഒന്നാം വർഷ ഫിലോസഫി ബ്രദേഴ്സ് ഒരു മാസക്കാലം കൈനകരിയിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. നമ്മുടെ കൂട്ടായ്മയിലെ മാർട്ടിൻ, ബെൻ, എബിൻ, ജോർജ് എന്നീ ശെമ്മാ ശന്മാർ ഇതിൽ സജീവ സാന്നിധ്യമായിരുന്നു. പാവങ്ങളുടെ പക്ഷം ചേർന്ന് അവരെ സഹായിക്കുവാൻ മനസ്സ് കാണിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഒന്നാം റാങ്കിന്റെ തിളക്കവുമായി ബ്രദർ പോൾ**

ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും സയൻസ് സ്ക്കീമിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ പോൾ ശെമ്മാശന് ഹൃദയം നിറഞ്ഞ ആശം സകൾ. ധർമ്മാരാമിന്റെ അസി. ജനറൽ Beadle എന്ന ഭാരിച്ച ഉത്തരവാ ദിത്വം ഈ സ്ഥാനം കരസ്ഥമാക്കുന്നതിന് അദ്ദേഹത്തിന് ഒരു തടസ്സമായി രുന്നില്ല. പുതിയ പ്രവർത്തനമേഖലയായ മൂവാറ്റുപുഴ ആസ്പിരന്റ്സ് ഹൗസിൽ വീണ്ടും തിളങ്ങുന്ന നിറസാന്നിദ്ധ്യമായി മാറുവാൻ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും...

**'എബിനച്ചൻ തിരക്കിലാണ്'**

ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഫിൽ പഠനം പൂർത്തി യാക്കിയ എബിനച്ചൻ പുതിയ സേവനമേഖലയായ മാളൂരിലെ ക്രൈസ്റ്റ് കോളേജിൽ തീക്ഷ്ണതയോടെ സേവനം ചെയ്യുന്നു. കഠിനാധ്വാന ത്തിന്റെയും Creative Mind-ന്റെയും ഉടമയായ അച്ചൻ ഞങ്ങൾക്കു ചെയ്ത എല്ലാ സഹായങ്ങൾക്കും നന്ദിയും പുതിയ പ്രവർത്തനരംഗത്ത് സഭയുടെ അഭിമാനമായി മാറട്ടെയെന്ന ആശംസയും... വിജയങ്ങൾ...

**ദേ പോയി, ദാ വന്നു**

തന്റെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിലും നൂതനസാങ്കേതി കമായ നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുവാനും മറ്റുമായി ബഹു. ജോയി കിഴക്കയിലച്ചൻ വിദേശ യാത്രയ്ക്കുശേഷം തിരിച്ചെത്തി. 'ദേ പോയി, ദാ വന്നു'. പെട്ടെന്നുള്ള യു.കെ. സന്ദർശനത്തിനുശേഷം

തന്റെ കർമ്മ മണ്ഡലത്തിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന ജോയി അച്ചന് ആശംസകൾ...

**ധർമ്മാരാമിന്റെ പടിയിറങ്ങുമ്പോൾ**

തിയോളജി പഠനം പൂർത്തിയാക്കി ധർമ്മാരാമിൽ നിന്നും പടിയിറങ്ങിയ ഡീക്കൻമാർക്കും ഫിലോസഫി പഠനം കഴിഞ്ഞ് ധർമ്മാരാമിൽ നിന്നും മാതൃഭവനത്തിലേക്ക് യാത്രയായ അനുജന്മാർക്കും അഭിനന്ദനങ്ങളും ആശംസകളും. ധർമ്മാരാമിലെ എല്ലാ മേഖലകളിലും വ്യക്തി മുദ്ര പതിപ്പിച്ചുകൊണ്ട് കാർമ്മൽ പ്രവിശ്യയുടെ നാമം ധർമ്മരാമിൽ ഒരു തരംഗമാക്കി മാറ്റിയ സ്നേഹം നിറഞ്ഞ സഹോദരങ്ങൾക്ക് പുതിയ പഠനപ്രവർത്തനമേഖലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**ദർശന, വർദ്ധാ വിശേഷങ്ങൾ**

ഏപ്രിൽ മാസത്തെ മടുപ്പിക്കുന്ന ചൂടിൽ നിന്നും ബിജ്നോർ മിഷൻറെ ഊഷ്മളതയും കുളിരും അനുഭവിക്കുന്നതിനായി ഞങ്ങൾ വർദ്ധയിലുള്ള ബ്രദേഴ്സ് അമലും ജിൻസും ബിജ്നോർ പ്രൊവിൻസിലെ സഹോദരങ്ങളോടൊപ്പം കഴിഞ്ഞ ഏപ്രിൽ മാസം യാത്രയായി. ബഹുമാനപ്പെട്ട ബിജ്നോർ പ്രൊവിൻഷ്യൽ ബിജു വടക്കേലച്ചനും മറ്റച്ചന്മാരും ഞങ്ങളെ സന്തോഷത്തോടെ സ്വാഗതം ചെയ്തു.

മിഷനെ അടുത്തറിയാനായി ഞങ്ങളെ നത്തെവാലി ഗ്രാമത്തിലെ മരിയൻ ഭവനത്തിലേക്ക് രണ്ടു ആഴ്ചത്തേക്ക് അയച്ചു. അവിടെ ബഹുമാനപ്പെട്ട ഡൊമിനിക് കുന്നുംപുറം അച്ചന്റെയും ബഹുമാനപ്പെട്ട യേശുദാസ് തളിയൻ അച്ചന്റെയും ഒപ്പമായിരുന്നു ഞങ്ങളുടെ താമസവും മിഷൻ സന്ദർശനവുമെല്ലാം. നത്തെവാലി, ഉൾവനത്തിലുള്ള ഒരു ഗ്രാമമാണ്. ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിൽ അവിടെ വിവിധ തരത്തിലുള്ള സാമൂഹിക പ്രവർത്തനങ്ങൾ നടക്കുന്നു. അവിടുത്തെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനും ഗ്രാമത്തിലെ സൗന്ദര്യം ആസ്വദിക്കാനും അവിടുത്തെ ചര്യകളും സംസ്കാരവും മനസിലാക്കാനും ഞങ്ങൾക്ക് സാധിച്ചു. അവിടെ ഞങ്ങൾക്ക് ഗോതമ്പു കൊയ്യാനും കരിമ്പ് നടാനും മറ്റു കൃഷി രീതികളൊക്കെ പരിചയപ്പെടാനും സാധിച്ചു. രണ്ടാഴ്ചത്തെ നത്തെവാലി വാസത്തിനു ശേഷം ഞങ്ങൾ പ്രൊവിൻഷ്യൽ ഭവനത്തിലേക്ക് പോയി. പിന്നീടുള്ള ഒരാഴ്ച ഞങ്ങൾ അവിടെ ചിലവഴിച്ചു.

ബിജ്നോർ മിഷനെ കൂടുതൽ അറിയുന്നതിന് ഹിമാലയത്തിന്റെ അടിത്തട്ടിലുള്ള ജീവൻധാര ആശ്രമം സന്ദർശിക്കുവാനും അവിടെയുള്ള ബഹുമാനപ്പെട്ട തോമസ് കൊച്ചുമുട്ടം അച്ചന്റെ ആധ്യാത്മിക മാധുര്യം

ആസ്വദിക്കുവാനും ബഹുമാനപെട്ട പ്രൊവിൻഷ്യൽ അച്ചൻ ഞങ്ങൾക്ക് അവസരം ഒരുക്കി തന്നു. കൂടാതെ ബഹുമാനപ്പെട്ട ഗ്രേഷ്യൻ മുണ്ടാടൻ പിതാവിനോടൊപ്പം ദത്തെവാലി, സത്പുലി എന്നീ മിഷൻ സ്റ്റേഷനുകൾ സന്ദർശിക്കുവാനും സാധിച്ചു. ഇവയ്ക്കു പുറമെ ഹരിദ്വാർ, ഋഷികേശ് എന്നിവിടങ്ങളും സന്ദർശിച്ചു.

ഈ അനുഭവങ്ങൾ എല്ലാം ഞങ്ങളുടെ ഉള്ളിലെ മിഷൻ ആഗ്രഹത്തെ കത്തി ജ്വലിപ്പിക്കുവാൻ ഏറെ സഹായിച്ചു. ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ അച്ചനും മറ്റു വൈദികർക്കും ഈ അവസരം ഞങ്ങൾക്ക് ഒരുക്കി തന്ന ബഹുമാനപ്പെട്ട മുവാറ്റുപുഴ പ്രൊവിഷ്യൽ അച്ചനും ഞങ്ങളുടെ ബഹുമാനപ്പെട്ട റെക്ടറച്ചനും ഞങ്ങളുടെ സഹയാത്രികരായ മറ്റു സഹോദരങ്ങൾക്കും നന്ദി അർപ്പിച്ചുകൊള്ളുന്നു.

**പോക്കും.... വരവും....**

രണ്ടു വർഷത്തെ തത്വശാസ്ത്ര പഠനത്തിനുശേഷം ബ്ര. ആൽബിൻ ഏറത്തും, ബ്ര. മെൽബിൻ നിരപ്പത്തും ഉപരി പഠനത്തി നായി പ്രൊവിൻഷ്യൽ ഭവനത്തിലേക്ക് യാത്രയായി. കടുത്ത ചൂടിനെ അതിജീവിച്ച് ബ്ര. ജിൻസും ബ്ര. അമലും മിഷൻ എക്സ്പോഷർ പ്രോഗ്രാം ആഘോഷമാക്കി. ഒരു മാസത്തെ തീവ്രമായ ഹിന്ദി പഠനത്തിനുശേഷം ജൂൺ പത്തിന് ദർശനയിൽ തിരിച്ചെത്തി. ബ്ര. മാത്യു പുത്തൻപുരക്കലും ബ്ര. ജസ്റ്റിൻ പുതിയാത്തും തത്വശാസ്ത്ര പഠനത്തിനായി പുതുതായി ദർശനയിൽ എത്തി. ഞങ്ങൾ 62 അംഗങ്ങളാണ് ദർശനയിലുള്ളത്. 8 അച്ചന്മാരും 27 സീനിയേഴ്സും 27 ജൂനിയേഴ്സും.

**ദർശനപൂർണതയിലേക്ക്**

നീണ്ട ഒരു വർഷത്തെ റിന്യൂവൽ വർക്കിനുശേഷം പുതിയ മുഖവുമായി ദർശനതിളങ്ങുകയാണ്. പുതിയ ഗെസ്റ്റ് റൂമുകൾ പണിയുന്നതിനോടൊപ്പം മറ്റു റൂമുകൾ റിന്യൂവൽ ചെയ്തു. ദർശനയുടെ ക്യാമ്പസ് കൃഷികളാൽ നിറഞ്ഞു നില്ക്കുന്നു. പുതിയതായി ഓറഞ്ച് തോട്ടവും കൂൺ കൃഷിയും തുടങ്ങി. ഞങ്ങളെല്ലാവരും പഠനത്തിന്റെ തിരക്കുകളിൽ നിന്ന് മാറി എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും സാമൂഹിക പ്രവർത്തനങ്ങൾക്കായി പോവുകയാണ്. DSKS (ദർശന സമാജ് കല്യാൺ സമിതി) യുടെ നേതൃത്വത്തിൽ രക്തദാനവും നടത്തി. പഠനവും മിഷൻ പ്രവർത്തനവുമായി ഞങ്ങൾ മുന്നോട്ടു നീങ്ങുന്നു.

# കാർമ്മലിന്റെ ഡീക്കന്മാർക്ക് അഭിനന്ദനങ്ങൾ...



ഡീ. ജിൻസ് ചാലയ്ക്കൽ



ഡീ. റോണി വള്ളിപ്പറമ്പിൽ



ഡീ. ജോമോൻ ചവർപുഴയിൽ



ഡീ. ജിയോ കാരിവേലിൽ

# നന്ദി...

ഈ ലക്കം ഇവിടെ വെളിച്ചം കാണുമ്പോൾ മറിഞ്ഞു തീർന്ന താളുകൾക്ക്

നന്ദിയുടെ കഥകൾ പറയാനുണ്ട്.

കർമ്മലധ്വനിയുടെ ആസ്വാദകർക്ക്,

പ്രകാശനദിനത്തിലേക്ക് ഈ പുസ്തകത്തിന് ഊടും പാവും നെയ്ത

സഹായഹസ്തങ്ങൾക്ക്,

യഥാസമയത്ത് വാർത്തകളും ചിത്രങ്ങളും നല്കി സഹായിച്ച

സുമനസ്സുകൾക്ക്,

പുറം താളുകൾക്ക് വരകൾകൊണ്ട് മിഴിവുകൂട്ടിയ

ജെയ്സൺ പുറ്റനാലച്ചന്,

കാർമ്മലിന്റെ ഹൃദയത്തുടിപ്പുകൾ അക്ഷരമാക്കിമാറ്റാൻ അച്ചുനിരത്തിയ

ശാന്തിഗിരിയിലെ നല്ല സുഹൃത്തുക്കൾക്ക്,

തെറ്റുകൾ തിരുത്തി കർമ്മലധ്വനിയെ കൂടുതൽ മനോഹരമാക്കാൻ
വിലയേറിയ സമയം മാറ്റിവച്ച ജീതു പെരുമ്പള്ളിക്കുന്നേലച്ചന്,
അതുപോലെ ജോസ് കേളംപറമ്പിലച്ചന്,

ഹൃദയത്തിന്റെ ഭാഷയിൽ ഏറെ നന്ദി.

**"സ്വർഗസ്ഥനായ ദൈവത്തിനു നന്ദി പറയുവിൻ**

**അവിടുത്തെ കാരുണ്യം അനന്തമാണ്" (സങ്കീ. 136: 26).**

സ്നേഹപൂർവ്വം

ഫാ. ജോയ്സ് കോലംകുഴിയിൽ സി.